2026 FEBRUARY 22

emalayalee.com

# The Weekly

KLY NEWSPAPER

Contact: editor@ om | Phone: 917 324 4907; 917 662 1122



## സംഘാടനത്തിന്റെ രസതന്ത്രം

## ജോർജ് ഓലിക്കൽ

ഫൊക്കാന ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി

# സംഘാടനത്തിന്റെ രസതന്ത്രം

## ജോർജ് ഓലിക്കൽ ഫൊക്കാന ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി



**മീട്ടു റഹ്മത്ത് കലാം**

ഒരു സംഘടനയെ മുന്നോട്ട് കൊണ്ടുപോകുന്നത് നിയമാവലികൾ കൊണ്ടോ പദവികൾ കൊണ്ടോ മാത്രം സാധ്യമല്ല. അതിന് വേണ്ടത് രസതന്ത്രമാണ് ആളുകളെ കേൾക്കുന്ന മനസ്സ്, വ്യത്യാസങ്ങളെ ചേർത്ത് നിർത്തുന്ന ക്ഷമ, ലക്ഷ്യത്തിലേക്ക് നയിക്കുന്ന ഏകോപനം. ആ രസതന്ത്രം സ്വന്തം ജീവിതത്തിൽ തന്നെ പരീക്ഷിച്ചറിയുന്ന നേതാവാണ് ജോർജ് ഓലിക്കൽ.

വാഴക്കുളത്തെ കലാ-സാംസ്കാരികവേദികളിൽ നിന്നാരംഭിച്ച അദ്ദേഹത്തിന്റെ യാത്ര, ബഹ്റൈനിലെ ശാസ്ത്രീയ സേവന രംഗവും പിന്നീട് ഫിലാഡൽഫിയയിലെ മൂന്ന് പതിറ്റാണ്ട് നീണ്ട പ്രൊഫഷണൽ ജീവിതവും കടന്ന് ഇന്ന് പ്രവാസി മലയാളി സംഘടനകളുടെ ദേശീയ വേദിയിലേക്ക് എത്തിയിരിക്കുകയാണ്. 34 വർഷത്തെ സേവനത്തിന് ശേഷം പ്രോഗ്രാം സയന്റിസ്റ്റായി വിരമിച്ച അദ്ദേഹം, ഇപ്പോൾ തന്റെ മുഴുവൻ സമയവും സമൂഹത്തിനായി സമർപ്പിക്കാനുള്ള തീരുമാനത്തോടെയാണ് രംഗത്തിറങ്ങുന്നത്.

ഫൊക്കാനയുടെ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ലീല മാരേട്ട് പാനലിൽ നിന്ന് മത്സരിക്കുന്ന ജോർജ് ഓലിക്കൽ, സംഘടനയെ ഒരു വാർഷിക കൺവെൻഷൻ വേദിയായി മാത്രം കാണുന്നതിനോട് യോജിക്കുന്നില്ല. വർഷം മുഴുവൻ സജീവമായി പ്രവർത്തിക്കുന്ന, യുവാക്കളെ ചേർത്തുനിർത്തുന്ന, മുതിർന്നവരെ പരിചരിക്കുന്ന, അംഗസംഘടനകളെ ഏകോപിപ്പിക്കുന്ന ഒരു ജനകീയ ഫെഡറേഷനാണ് അദ്ദേഹത്തിന്റെ സ്വപ്നം.

കലാരംഗത്തെ അനുഭവവും ശാസ്ത്രീയ കൃത്യതയും സംഘടനാ നേതൃത്വവും ഒത്തുചേർന്നൊരു വ്യക്തിത്വം അതാണ് ജോർജ് ഓലിക്കൽ. ''പദവിക്കല്ല, പ്രവർത്തനത്തിനാണ് ഞാൻ വരുന്നത്'' എന്ന് ആത്മവിശ്വാസത്തോടെ പറഞ്ഞുകൊണ്ട് അദ്ദേഹം വോട്ടർമാരെ സമീപിക്കുമ്പോൾ, ആ വാക്കുകളിലെ ആത്മാർത്ഥത ഓരോ വ്യക്തിക്കും തൊട്ടറിയാനാകും.

### സംഘടനാപ്രവർത്തനങ്ങളുടെ തുടക്കം?

മൂവാറ്റുപുഴ വാഴക്കുളമാണ് എന്റെ നാട്. സ്കൂൾ-കോളജ് കാലത്ത് നാടകവും കലാപരിപാടികളും വഴിയാണ് പൊതുപ്രവർത്തനത്തിലേക്ക് കടന്നത്. യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലുകളിൽ പങ്കെടുത്തും





കോളജ് യൂണിയൻ തിരഞ്ഞെടുപ്പുകളിൽ മത്സരിച്ചും ഒക്കെ അതങ്ങ് രക്തത്തിൽ അലിഞ്ഞു ചേർന്നു. പിന്നീട് ബോംബെയിലും ബഹ്റൈനിലും മലയാളി അസോസിയേഷനുകളുമായി പ്രവർത്തിച്ചു.

## പ്രൊഫഷനൽ ജീവിതവും അമേരിക്കയിലെ പ്രവർത്തനങ്ങളും?

കെമിസ്ട്രിയിൽ ബിരുദവും ഓർഗനൈസേഷനാൽ മാനേജ്മെന്റ് പഠനവും നടത്തിയ ശേഷം ബഹ്റൈനിൽ അമേരിക്കൻ എയർ ബേസ് പ്രോജക്ടിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബിൽ കെമിസ്റ്റായി ജോലി ചെയ്തു. ഒന്നാം ഗൾഫ് യുദ്ധ സമയത്ത് ബഹ്റൈനിൽ നിന്ന് നാട്ടിൽ വരികയും വിവാഹശേഷം 1992-ൽ ഫിലാഡൽഫിയയിൽ എത്തുകയും ചെയ്തു. ഫിലാഡൽഫിയ വാട്ടർ ഡിപ്പാർട്മെന്റിൽ 34 വർഷം സേവനമനുഷ്ഠിച്ച ശേഷം പ്രോഗ്രാം സയന്റിസ്റ്റായാണ് വിരമിച്ചത്. ശാസ്ത്രീയ കൃത്യതയും സുതാര്യതയും അവിടെ നിന്നാണ് പഠിച്ചത്. അത് സംഘടനാ പ്രവർത്തനത്തിലും പാലിക്കണമെന്നാണ് വിശ്വസിക്കുന്നത്.

1998-ൽ രൂപം കൊണ്ട പമ്പ മലയാളി അസോസിയേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. നാലുതവണ സംഘടനയുടെ പ്രസിഡന്റായി. 2023ൽ ഞങ്ങൾ അതിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. ഫിലാഡൽഫിയയിലെ മലയാളി സംഘടനകളുടെ അംബ്രല്ല അസോസിയേഷനായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ചെയർമാനായും, ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷന്റെ പ്രസിഡന്റായും, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഫിലാഡൽഫിയ ചാപ്റ്ററിന്റെ പ്രസിഡന്റായും പ്രവർത്തിച്ചു.

ഫൊക്കാനയിൽ നാഷണൽ കമ്മിറ്റി മെമ്പർ, പെൻസിൽവേനിയ റീജിയന്റെ വൈസ് പ്രസിഡന്റ്, അസോസിയേറ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു.

## ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കാൻ പ്രചോദനമായത്?

പൊതുപ്രവർത്തനത്തിൽ ഒരിക്കൽ ഇറങ്ങിയാൽ അത് തന്നെ ആയിരിക്കും പിന്നീടുള്ള വഴി. വർഷങ്ങളായി പലരും മത്സരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രൊഫ



ഷണൽ ഉത്തരവാദിത്വങ്ങൾ കാരണം മാറിനിന്നു. ഇപ്പോൾ വിരമിച്ചിരിക്കുകയാണ്. സമയം മുഴുവൻ സമൂഹത്തിനായി ചെലവിടാൻ കഴിയുന്ന ഘട്ടമാണെന്ന ബോധ്യം കൊണ്ടാണ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്.ഫൊക്കാനയെ കൂടുതൽ സജീവവും ജനകീയവുമാക്കാൻ ഈ അവസരം ഉപയോഗിക്കണമെന്നാണ് ആഗ്രഹം.




## ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെയാണ് മെച്ചപ്പെടുത്തേണ്ട മേഖലകൾ ?

ഫൊക്കാനയെ ഒരു കൺവെൻഷൻ കേന്ദ്രീകൃത സംഘടനയായി മാത്രം കാണരുത് എന്നൊരു അഭിപ്രായമുണ്ട്. വർഷം മുഴുവൻ പ്രവർത്തനം വേണം. 100-ലേറെ അംഗസംഘടനകളുമായി സ്ഥിരം ഏകോപനം, യുവജനങ്ങൾക്കായി സ്പോർട്സ് ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നത്, ജോബ് ഫെയറുകളും കരിയർ നെറ്റ്വർക്കിംഗും നടത്തുന്നത്,കോൺസുലേറ്റുമായി സഹകരിച്ച് വിസ/എമർജൻസി





സഹായങ്ങൾ എത്തിക്കുന്നത്, കേരളത്തിലെ സ്വത്തുസംബന്ധമായ പ്രശ്നങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്ന സെൽ എന്നിവയാണ് ഞങ്ങളുടെ പാനലിന്റെ മുൻഗണനകൾ. പുതുതലമുറയെ അമേരിക്കൻ രാഷ്ട്രീയ മുഖ്യധാരയിലേക്ക് കൈപിടിച്ചുകൊണ്ടുവരാണ് ഫൊക്കാനയ്ക്ക് കാര്യമായ സംഭാവന നൽകാനാകും. അതിനായും പരിശ്രമിക്കും. അമേരിക്കൻ മലയാളികളിലെ പ്രായമായവർ നേരിടുന്ന പ്രധാന വെല്ലുവിളി ഒറ്റപ്പെടലാണ്-ജീവിത സായാഹ്നത്തിൽ പങ്കാളികളെ നഷ്ടപ്പെട്ട ഒരുപാടുപേരുണ്ട്. അങ്ങനെയുള്ളവർക്ക് ഒരുമിച്ചിരിക്കാനും മനസ്സിനെ റിലാക്സ്ഡ് ആക്കുന്നതിനും ഒരിടം ഒരുക്കണമെന്നുമുണ്ട്.

## യുവതലമുറയെ ഫൊക്കാനയിൽ എങ്ങനെ കൂടുതൽ ഉൾപ്പെടുത്തും?

സ്പെല്ലിങ് ബീ കോമ്പറ്റീഷൻ പോലുള്ള പദ്ധതികൾ

**അമ്പത് വർഷം ദൈവവിളിയോട് നിഷ്ഠയോടെ ജീവിച്ച ഈ പുരോഹിത ജീവിതം സേവനം മാത്രമല്ല, വിശ്വാസത്തിന്റെ സാക്ഷ്യമാണ്. സഭയോടും അന്ത്യോഖ്യാ സത്യവിശ്വാസത്തോടും അചഞ്ചലമായ വിശ്വസ്തത പുലർത്തിയ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പായുടെ ജീവിതം ഇന്നത്തെ തലമുറയ്ക്ക് പ്രചോദനമാണ്.**

വിപുലീകരിക്കണം. യുവാക്കളെ നാഷണൽ കമ്മിറ്റിയിലേക്ക് ഉൾപ്പെടുത്തി നേതൃപരിശീലനം നൽകണം. കലാ-സാഹിത്യ വേദികൾ ഒരുക്കി മലയാളം ഭാഷയും പാരമ്പര്യവും കൈമാറണം. നാടകം പോലുള്ള കലാപരിപാടികളിലൂടെയും യുവാക്കളെ ആകർഷിക്കാൻ ശ്രമിക്കും.

## സാംസ്കാരിക രംഗത്തെ അനുഭവങ്ങൾ?

നാടകവും സിനിമയും എനിക്ക് പ്രിയപ്പെട്ട മേഖലകളാണ്. മനീഷി നാഷണൽ ഡ്രാമ ഫെസ്റ്റിവലിൽ നിന്ന് മികച്ച നടനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഞാൻ അഭിനയിച്ച 'എറ' എന്ന ഹ്രസ്വചിത്രത്തിന് ഫൊക്കാനയുടെ ഷോർട്ട് ഫിലിം അവാർഡ് ലഭിച്ചു. കലാരംഗം സമൂഹത്തെ ബന്ധിപ്പിക്കുന്ന ശക്തമായ ഉപാധിയായാണ് കരുതുന്നത്.

## സംഘടനയിലെ സുതാര്യത എങ്ങനെ ഉറപ്പാക്കും?

ഓഡിറ്റിങ് സംവിധാനം ശക്തമാക്കും. കൺവെൻഷൻ, ചാരിറ്റി ഫണ്ടുകളുടെ കണക്കുകൾ സമയബന്ധിതമായി അംഗങ്ങൾക്ക് നൽകും. ഡോക്യുമെന്റേഷൻ, ഫോളോ-അപ്പ്, കമ്മ്യൂണിക്കേഷൻ എന്നിവ കൂടുതൽ ക്രമബദ്ധമാക്കും. സുതാര്യതയില്ലാതെ വിശ്വാസം നിലനിൽക്കില്ല.

## മത-രാഷ്ട്രീയ വൈവിധ്യം ഉള്ള സംഘടനയെ എങ്ങനെ ഏകോപിപ്പിക്കും?

ക്ഷമയോടെ കേൾക്കുക എന്നതാണ് എന്റെ ശൈലി. പ്രതികരിക്കുന്നതിന് മുൻപ് പഠിക്കും. വ്യത്യാസങ്ങളെ മാനിച്ച്, പൊതു താത്പര്യം മുൻനിർത്തി തീരുമാനമെടുക്കും. ഐക്യം നിലനിർത്തുകയാണ് പ്രധാന ദൗത്യം.

## വനിതാ നേതൃത്വത്തെ പ്പറ്റിയുള്ള നിലപാട്?

സ്ത്രീശാക്തീകരണം കാലത്തിന്റെ ആവശ്യമാണ്. ലീല മാരേട്ടിനെ പോലെ ഫൊക്കാനയുടെ തുടക്കം മുതലുള്ള നേതാവിനൊപ്പം പ്രവർത്തിക്കാൻ കഴിയുന്നത് അഭിമാനകരമാണ്. ഞങ്ങളുടെ പാനലിൽ സ്ത്രീകൾക്ക് പ്രധാന സ്ഥാനങ്ങൾ നൽകിയിട്ടുണ്ട് അത് ഞങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ്.

## ആദ്യ 100 ദിവസങ്ങളിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ജനറൽ കൗൺസിൽ യോഗം വിളിച്ച് അംഗസംഘടനകളുടെ അഭിപ്രായം ശേഖരിക്കൽ

റീജിയൻ സന്ദർശനങ്ങൾ

യൂത്ത്-സ്പോർട്സ് പ്രോഗ്രാം പ്രഖ്യാപനം

കോൺസുലേറ്റ്-കോർപ്പറേറ്റ് ഔട്ട്റീച്ച് ആരംഭിക്കൽ

## കുടുംബത്തിന്റെ പിന്തുണ എത്രത്തോളം പ്രധാനമാണ്?

ഭാര്യ സെലീനയുടെ (റെസ്പിറേറ്ററി തെറാപ്പിസ്റ്റ്) പിന്തുണ വളരെ വലുതാണ്. രണ്ടുമക്കളുടെയും വിവാഹം കഴിഞ്ഞു. മൂത്തമകൾ ആഷ്‌ലി









മെഡിക്കൽ ഡോക്ടറാണ്. ഫൊക്കാനയുടെ സ്പെല്ലിങ് ബീ മത്സരത്തിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. രണ്ടാമത്തെ ആൾ സ്റ്റെഫനി ബിസിനസ് അനലിസ്റ്റാണ്. ഫൊക്കാനയുടെ ബ്യൂട്ടി പേജന്റിൽ അവൾ മത്സരിച്ചിട്ടുണ്ട്. യുവതലമുറയെ സംഘടനയുമായി എങ്ങനെ ചേർക്കാം എന്നതിന് വീട്ടിനുള്ളിൽ നിന്നു തന്നെ ഉദാഹരണം ചൂടിക്കാണിക്കാൻ സാധിക്കുന്നതിൽ അഭിമാനമുണ്ട്.

## വോട്ടർമാരോട് പറയാനുള്ളത്?

പദവിക്കല്ല, പ്രവർത്തനത്തിനാണ് ഞാൻ വരുന്നത്. ഏകോപനവും സുതാര്യതയും മുൻനിർത്തി ഫൊക്കാനയെ കൂടുതൽ സജീവമാക്കാൻ അവസരം നൽകണം എന്ന അഭ്യർത്ഥനയാണ് ഉള്ളത്. ഫൊക്കാന എന്റെ കുടുംബമാണ്. അതുകൊണ്ടുതന്നെ വോട്ടർമാരായല്ല എന്റെ സഹോദരങ്ങളായാണ് ഓരോരുത്തരെയും കാണുന്നത്.




415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
NRS PAY
nrspay.com
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# അവസരോചിതമായ പ്രവർത്തനമാണ് വിജയമന്ത്രം: പ്രദീപ് നായർ

## (ഫോമാ ട്രഷറർ സ്ഥാനാർത്ഥി)




മീട്ടു റഹമത്ത് കലാം

ഫോമായുടെ സംഘടനാ ചരിത്രത്തിൽ തുടക്കം മുതൽ സജീവ സാന്നിധ്യമായ പ്രദീപ് നായർ 20/26/2028 കാലയള വിലേക്കുള്ള ട്രഷറർ സ്ഥാ നത്തേക്ക് മത്സരിക്കുകയാ ണ്. പദവികളിലൂടെ മാത്രം അല്ല, പ്രതിസന്ധിക്കാലങ്ങ ളിൽ പ്രവർത്തനത്തിലൂടെ വി ശ്വാസം നേടിയ നേതാവെന്ന നിലയിലാണ് അദ്ദേഹത്തെ സംഘടനാ പ്രവർത്തകർ വില യിരുത്തുന്നത്. യോങ്കേഴ്സ് മ ലയാളി അസോസിയേഷനിലെ താഴെത്തട്ടിലുള്ള പ്രവർത്തന ങ്ങളിൽ നിന്ന് ഫോമായുടെ

വൈസ് പ്രസിഡന്റിന്റെ ചുമതലയിലേക്കുള്ള അദ്ദേഹത്തിന്റെ യാത്ര, സമർപ്പണത്തിന്റെയും സ്ഥിരതയുടെയും തെളിവാണ്.

കോവിഡ് മഹാമാരിക്കാലത്ത് ''ഹെൽപ്പിംഗ് ഹാൻഡ്സ്'' പദ്ധതിയിലൂടെ അടിയന്തര സഹായം ഏകോപിപ്പിച്ച് വലിയ ഫണ്ട് സമാഹരണം സാധ്യമാക്കിയതും, വിവിധ കൺവെൻഷനുകളിൽ നേതൃത്വ ചുമതലകൾ വിജയകരമായി നിർവഹിച്ചതും അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയെ വേറിട്ടുനിർത്തുന്നു. വാഗ്ദാനങ്ങൾക്കുപകരം അവസരോചിതമായ പ്രവർത്തനമാണ് സംഘടനയ്ക്ക് ആവശ്യമെന്ന നിലപാടോടെയാണ് അദ്ദേഹം ട്രഷറർ സ്ഥാനത്തേക്ക് ജനവിധി തേടുന്നത്.

## സംഘടനാ പ്രവർത്തനത്തിലേക്കുള്ള തുടക്കം?

ഹൈസ്കൂൾ പഠനത്തിനു ശേഷം അമേരിക്കയിലെത്തി.യോങ്കേഴ്സ് മലയാളി അസോസിയേഷനിലൂടെയാണ് സജീവ സംഘടനാ പ്രവർത്തനം ആരംഭിച്ചത്. 2006-ൽ കമ്മിറ്റി അംഗമായി തുടക്കം കുറിച്ച അദ്ദേഹം പിന്നീട് സെക്രട്ടറി, ട്രഷറർ, ട്രസ്റ്റി ബോർഡ് അംഗം, പ്രസിഡന്റ് തുടങ്ങി എല്ലാ പദവികളും വഹിച്ചിട്ടുണ്ട്. 2008-ൽ യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ സെക്രട്ടറിയായിരിക്കെയാണ് ഫോമയിലേക്ക് കടന്നത്. തുടർന്ന് 20082010 കാലഘട്ടത്തിൽ എമ്പയർ റീജിയന്റെ യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ, 2010 മുതൽ 2014 വരെ നാഷണൽ കമ്മിറ്റി അംഗം, തുടർന്ന് റീജിയണൽ കൺവൻഷൻ ചെയർ എന്ന നിലയിലും പ്രവർത്തിച്ചു.




## ഫോമായിൽ വഹിച്ച പ്രധാന ചുമതലകൾ?

2016-ൽ മയാമിയിൽ നടന്ന ഫോമാ ഇന്റർനാഷണൽ കൺവെൻഷന്റെ കൺവീനറായി പ്രവർത്തിച്ചു. തുടർന്ന് എമ്പയർ റീജിയൻ ആർ.വി.പി. ആയി സേവനം അനുഷ്ഠിച്ചു. ആർ.വി.പി. ആയിരിക്കെ കൺവെൻഷനിലേക്ക് ഏറ്റവും കൂടുതൽ ഫാമിലി രജിസ്ട്രേഷൻ സംഘടിപ്പിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമായ നേട്ടമാണ്.

20/20/2022 കാലഘട്ടത്തിൽ നാഷണൽ വൈസ് പ്രസിഡന്റായിരുന്നു. അക്കാലത്ത് ഫോമാ ഭരണസമിതിക്ക് 1.7 മില്യൺ ഡോളറോളം ഫണ്ട് സമാഹരിക്കാൻ സാധിച്ചു. അടിയന്തര സാഹചര്യങ്ങളിൽ നാട്ടിലോ അമേരിക്കയിലോ സഹായം എത്തിക്കുന്ന ഹെല്പിങ് ഹാൻഡ്സ് പദ്ധതി ഇപ്പോഴും ശക്തമായി തുടരുന്നു.

കഴിഞ്ഞ വർഷം പുന്റ കാനായിൽ നടന്ന കൺവെൻഷനിൽ ഗ്ലോബൽ കോർഡിനേറ്ററായി പ്രവർത്തിച്ചു. വിസ സംബന്ധമായ പ്രതിസന്ധികൾ നേരിടേണ്ടി വന്ന സാഹചര്യത്തിൽ ഡൊമിനിക്കൻ റിപ്പബ്ലിക് വഴി അതിഥികളെ എത്തിച്ച് കൺവെൻഷൻ വിജയകരമാക്കാൻ കഴിഞ്ഞു. സത്യത്തിൽ അത്തരം പ്രതിസന്ധികൾ ഉണ്ടാകുമ്പോഴാണ് അതെങ്ങനെ കൈകാര്യം ചെയ്യാമെന്ന് ചിന്തിക്കുന്നതും പോംവഴി കണ്ടെത്തുന്നതും. ഏത് ഘട്ടത്തിലും ഉണർന്ന് പ്രവർത്തിക്കുമെന്ന വിശ്വാസം നേടിയെടുക്കാൻ ഇതുപോലുള്ള അനുഭവങ്ങൾ സഹായിച്ചിട്ടുണ്ട്.

## ചാരിറ്റി പ്രവർത്തനങ്ങൾ?

യോങ്കേഴ്സ് മലയാളി അസോസിയേഷനിലൂടെ തിരുവനന്തപുരത്തെ റീജിയണൽ കാൻസർ

സെന്ററിന് ധനസഹായം നൽകിയിട്ടുണ്ട്. എമ്പയർ റീജിയൻ കൺവെൻഷൻ ചെയറായി പ്രവർത്തിക്കുമ്പോൾ ആർ.സി.സി. പ്രോജക്ടിനായി 10,000 ഡോളർ സമാഹരിച്ചു. കോവിഡ് കാലത്ത് വെന്റിലേറ്റർ ഉൾപ്പെടെയുള്ള സഹായങ്ങളും നാട്ടിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായങ്ങളും വീടുനിർമാണ സഹായങ്ങളും സംഘടനയുടെ നേതൃത്വത്തിൽ നടപ്പാക്കി.



## ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കാനുള്ള ആത്മവിശ്വാസം?

ഒരു ട്രഷറർക്കാവശ്യമായ മൂന്നു ഗുണങ്ങൾ സുതാര്യത, അക്കൗണ്ടബിലിറ്റി, വിശ്വാസ്യത എന്നിവയാണെന്നാണ് ഞാൻ കരുതുന്നത്. ഈ മൂന്നു മൂല്യങ്ങളാണ് എപ്പോഴും പിന്തുടരുന്നതുകൊണ്ട് പ്രസ്തുത സ്ഥാനത്ത് പ്രവർത്തിക്കാൻ പ്രത്യേകിച്ചൊരു മുന്നൊരുക്കം വേണ്ടിവരില്ല. ലോക്കൽ സംഘടനയിലും റീജിയണൽ തലത്തിലും ട്രഷറർ പദവി വഹിച്ച അനുഭവവും ഗുണം ചെയ്യും.

## ഫോമാ ടീം വോയിസ് മുന്നോട്ടുവയ്ക്കുന്ന ആശയം എന്താണ്?

പ്രസിഡൻഷ്യൽ സ്ഥാനാർഥി ബിജു തോണിക്കടവിൽ അടക്കം 'ഫോമാ ടീം വോയിസ് പാനലിലെ' എല്ലാ അംഗങ്ങളും സംഘടനയിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ചവരാണ്. നോർത്ത് അമേരിക്കയിലെയും കാനഡയിലെയും മലയാളികളുടെ ശബ്ദമാവുകയാണ് ടീമിന്റെ ലക്ഷ്യം. 12 റീജിയനുകളിൽ ആറിനെയും പ്രതിനിധീകരിക്കുന്ന സ്ഥാനാർത്ഥികളാണ് പാനലിലുള്ളത്. പാനൽ നല്ലതോ മോശമോ എന്ന് പുറത്തുനിന്ന് നോക്കിയാൽ വ്യക്തമാക്കണമെന്നില്ല. പ്രവർത്തനപരിചയമുള്ളവരും സംഘടനയെ സ്നേഹിക്കുന്നവരും മുന്നോട്ട് വരണം എന്നാണ് എന്റെ നിലപാട്. അങ്ങനൊരു ഭരണസമിതി രൂപീകരിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

## ഫോമായുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട്?

പുതുതലമുറയെ കൂടുതൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ക്രിക്കറ്റ് ക്ലബ്ബുകൾ, സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങിയവയിലേക്ക് മാറുന്ന യുവാക്കളെ ഫോമായുടെ ചുറ്റളവിൽ കൂട്ടിയിണക്കണം. ഒരു ടേം കഴിഞ്ഞാൽ പ്രവർത്തകർ അപ്രത്യക്ഷരാകുന്ന പ്രവണത കണ്ടുവരുന്നുണ്ട്. പഴയവരെയും പുതുവരെയും ഉൾക്കൊള്ളിച്ചാണ് സംഘടന മുന്നോട്ട് പോകേണ്ടത്. ഗ്രൂപ്പിസം ഒഴിവാക്കണം. സ്ത്രീ ശാക്തീകരണത്തിന് പ്രത്യേകിച്ചൊന്നും ചെയ്യേണ്ട ആവശ്യം സംഘടനയിൽ ഇല്ല.ഫോമായിലെ സ്ത്രീകൾ

ശക്തരാണ്. ഏല്പിക്കുന്ന ഏത് ദൗത്യവും കൃത്യമായി മികവോടെ പൂർത്തിയാക്കുന്ന വനിതകൾ സംഘടനയുടെ കരുത്താണ്.സ്ത്രീകളെ മാറ്റി നിർത്തുന്ന സമീപനം ഫോമയ്ക്ക് ഇല്ല. ഭാവിയിൽ സംഘടനയ്ക്ക് ഒരു വനിതാ പ്രസിഡന്റ് ഉണ്ടാകണമെന്ന് ആഗ്രഹമുണ്ട്.

### പ്രൊഫഷണൽ ജീവിതം?

വെയർഹൗസ് സൂപ്പർവൈസറായി ഒന്നരപ്പതിറ്റാണ്ടിലേറെ സേവനം അനുഷ്ഠിച്ച ശേഷം ഇപ്പോൾ ഒരു സ്ഥാപനത്തിൽ ക്വാളിറ്റി ലീഡായി പ്രവർത്തിക്കുന്നു.

### കുടുംബം?

ഭാര്യ മഞ്ജു നായർ. മൂത്ത മകൾ സാന്ദ്ര നായർ ഫാർമസി പഠനം തുടരുന്നു. ഇളയ മകൾ ഭദ്ര നായർ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്. കുടുംബത്തിന്റെ പൂർണ പിന്തുണയോടെയാണ് മത്സരരംഗത്തിറങ്ങുന്നത്.

**ഒരു ട്രഷറർക്കാവശ്യമായ മൂന്നു ഗുണങ്ങൾ സുതാര്യത, അക്കൗണ്ടബിലിറ്റി, വിശ്വാസ്യത എന്നിവയാണെന്നാണ് ഞാൻ കരുതുന്നത്. ഈ മൂന്നു മൂല്യങ്ങളാണ് എപ്പോഴും പിന്തുടരുന്നതുകൊണ്ട് പ്രസ്തുത സ്ഥാനത്ത് പ്രവർത്തിക്കാൻ പ്രത്യേകിച്ചൊരു മുന്നൊരുക്കം വേണ്ടിവരില്ല. ലോക്കൽ സംഘടനയിലും റീജിയണൽ തലത്തിലും ട്രഷറർ പദവി വഹിച്ച അനുഭവവും ഗുണം ചെയ്യും.**

### വോട്ടർമാരോട് പറയാനുള്ളത്?

ഫോമയുടെ ചക്രം ഉരുളാൻ തുടങ്ങിയ കാലം മുതൽ അതിനൊപ്പം ഉണ്ടായ ഒരാളാണ് ഞാൻ. പദവിയുണ്ടായാലും ഇല്ലാതിരുന്നാലും സംഘടനയോടുള്ള ബന്ധം തുടരും. വാഗ്ദാനങ്ങളല്ല, അവസരോചിതമായ പ്രവർത്തനമാണ് വേണ്ടത്. കോവിഡ് വന്നപ്പോൾ വെന്റിലേറ്റർ നൽകാമെന്ന് ഞങ്ങൾ മുൻകൂട്ടി വാഗ്ദാനം ചെയ്തിരുന്നില്ല; സാഹചര്യം വന്നപ്പോൾ ചെയ്തു. അതുപോലെ തന്നെ ഭാവിയിലും ആവശ്യത്തിനനുസരിച്ച് ഒന്നിച്ച് പ്രവർത്തിക്കും. ഫോമായിലെ എല്ലാവരും സുഹൃത്തുക്കളാണ്. സൗഹൃദമാണ് നമ്മുടെ ശക്തി. ആ വിശ്വാസം നിലനിർത്താൻ ഈ അവസരത്തിൽ ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.




PLAN FOR PEACE OF MIND
Make your choices now
South Park
FUNERAL HOME • CEMETERY
CREMATORY
Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.
With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.
Our Complete Services Include:
• Cemetery Burial Spaces
• Funeral & Memorial Services
• Caskets & Outer Burial Containers
• Memorials (Headstones) | Opening & Closing
• Safely Home Protection
Personal consultation available by appointment.
Sunil John Korah
Community Relations Director
1-813-409-9050
1310 North Main St, Pearland, TX 77581
sunil.korah@nsmg.com



# ഈ ആക്രമണങ്ങൾ മൂന്നാം ലോക മഹായുദ്ധത്തിന്റെ തുടക്കമോ..? ബാബ വാംഗയുടെ പ്രവചനം വലിയ ചർച്ചയാകുന്നു

എ.എസ് ശ്രീകുമാർ




ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമീനിയെ വധിച്ച് ആ രാജ്യത്തിനുമേൽ മിസൈൽ വർഷം നടത്തി പശ്ചിമേഷ്യയുടെ സമാധാനം കെടുത്തുന്ന ഇസ്രയേൽ-യു.എസ് സംയുക്ത വ്യോമാക്രമണം ഒരു മൂന്നാം ലേക യുദ്ധത്തിന്റെ തുടക്കമാണോ..? ഫ്രഞ്ച് ജ്യോതിശാസ്ത്രകാരനായ നോസ്ട്രഡാമസ് മുതൽ ബാബ വംഗ വരെയുള്ളവരുടെ പ്രവചനങ്ങൾ മൂന്നാം ലോക മഹായുദ്ധത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നയാണ്. ഇറാൻ മുതൽ ഉക്രെയ്ൻ വരെയുള്ള രാജ്യങ്ങളിലെ നിലവിലുള്ള സാഹചര്യങ്ങൾ ഈ പ്രവചനങ്ങൾ യാഥാർത്ഥ്യമാകുമെന്ന ആശങ്കയ്ക്ക് കാരണമായിട്ടുണ്ട്. മൂന്നാം ലോകമഹായുദ്ധമുണ്ടായാൽ അത് ആണവായുധം ഉപയോഗിച്ചുള്ളതായിരിക്കുമെന്ന കാര്യത്തിൽ തർക്കവുമില്ല.

മൂന്നാം ലോക മഹായുദ്ധം നടക്കുമെന്ന് ഇന്ത്യൻ വേദിക് ജ്യോതിഷിയായ കുശാൽ കുമാർ നടത്തിയ പ്രവചനവും വൈറലായിരിരുന്നു. 1996-ൽ അന്തരിച്ച ബൾഗേറിയൻ ജ്യോതിഷി ബാബ വംഗയുടെ പ്രവചനങ്ങൾ ഇപ്പോൾ വീണ്ടും ചർച്ചയാവുകയാണ്. മരിച്ചിട്ട് വർഷങ്ങൾ ഏറെയായിട്ടും അവരുടെ പ്രവചനങ്ങൾ ഇപ്പോഴും



വിശ്വസനീയതയോടെ നിലനിൽക്കുന്നതാണ്. ചെർണോബിൽ ദുരന്തം, ഡയാന രാജകുമാരിയുടെ മരണം, സോവിയറ്റ് യൂണിയന്റെ പതനം, ജോസഫ് സ്റ്റാലിന്റെ അന്ത്യദിനം, റഷ്യൻ മുങ്ങിക്കപ്പലായ കുർസ്ക് കെ-41 നശിക്കാനിടയായ സംഭവം, 2022-ൽ ബ്രിട്ടനിലുണ്ടായ വെള്ളപ്പൊക്കം എന്നിവയെല്ലാം ബാബ വംഗ കൃത്യമായി പ്രവചിച്ചിട്ടുണ്ട്. 9/11 ഭീകരാക്രമണം ബാബ വംഗ പ്രവചിച്ചതാണെന്ന് പറയപ്പെടുന്നു. നോസ്ട്രഡാമസുമായിട്ടാണ് ബാബ വംഗയെ പലപ്പോഴും താരതമ്യം ചെയ്യാറുള്ളത്.

ഇക്കൊല്ലം ആദ്യം കിഴക്കുനിന്നും ഒരു 'മഹായുദ്ധം' ആരംഭിക്കുമെന്ന് വംഗ പ്രവചിച്ചിരുന്നതായി അവരുടെ അനുയായികൾ അവകാശപ്പെടുന്നു. ഇതിനെ ഏറ്റുപിടിച്ച് സാമൂഹികമാധ്യമങ്ങളിൽ ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു. വംഗ, 2026-ന്റെ തുടക്കത്തിൽ ലോകത്തെ പിടിച്ചുകുലുക്കുന്ന ഒരു വലിയ യുദ്ധം ഉണ്ടാകുമെന്ന് നേരത്തെ പ്രവചിച്ചിരുന്നതായും ആ യുദ്ധത്തിനാണ് ഇപ്പോൾ തുടക്കമായിരിക്കുന്നത് എന്ന തരത്തിലുമാണ് സാമൂഹിക മാധ്യമങ്ങളിലെ കൊണ്ടുപിടിച്ച ചർച്ച. പ്രവചനമനുസരിച്ച് ഈ യുദ്ധം യൂറോപ്പിനെയായിരിക്കും ഏറ്റവും കൂടുതൽ ബാധിക്കുകയെന്നും അവിടുത്തെ ഭൂമി പാഴ്നിലമായി മാറുമെന്നും വംഗ പ്രവചിച്ചിരുന്നു.

ഈ സംഘർഷങ്ങൾക്കൊടുവിൽ റഷ്യ ലോകത്തെ പ്രധാന ശക്തിയായി മാറുമെന്നും പ്രവചനത്തിലുണ്ട്. സംഘർഷം ക്രമേണ ലോകമെമ്പാടും പടരാൻ സാധ്യതയുണ്ടെന്ന് വംഗയുടെ പ്രവചനങ്ങൾ സൂചിപ്പിക്കുന്നു. ആഗോള ശക്തികൾ തമ്മിലുള്ള സംഘർഷങ്ങൾ വർദ്ധിക്കുമെന്നും, ചൈന തായ്‌വാൻ പിടിച്ചെടുക്കാൻ എല്ലാ ശ്രമങ്ങളും നടത്തുമെന്നും അവരുടെ പ്രവചനത്തിൽ പറയുന്നു. 2026-ൽ റഷ്യയും അമേരിക്കയും തമ്മിൽ നേരിട്ടുള്ള ഏറ്റുമുട്ടൽ ഉണ്ടാകും, മൂന്നാം ലോകമഹായുദ്ധം ഇവിടുന്ന് ആരംഭിക്കും എന്നും പ്രവചിച്ചതായി റിപ്പോർട്ടുണ്ട്.

ബാബ വംഗയുടെ യഥാർത്ഥ പേര് വാംഗേലിയ പാണ്ഡേവ ദിമിട്രോവ എന്നാണ്. 1911-ൽ ഇന്നത്തെ വടക്കൻ മാസിഡോണിയയിലാണ് അവർ ജനിച്ചത്. 12-ാം വയസ്സിൽ ഒരു കൊടുങ്കാറ്റിൽ പെട്ട് അവർക്ക് കാഴ്ച നഷ്ടപ്പെട്ടു. ഇത് ഭാവി കാണാനുള്ള ശക്തി അവർക്ക് നൽകിയെന്ന് അവരുടെ അനുയായികൾ വിശ്വസിക്കുന്നു. ബാബ വംഗ സന്യാസിനിയും, അതീന്ദ്രിയജ്ഞാനം അഥവാ ദിവ്യദൃഷ്ടിയുണ്ടെന്നു കരുതിവന്ന ഒരു പ്രകൃതി ചികിത്സകയുമായിരുന്നു. മാസിഡോണിയയിൽ നിന്നുള്ള അവർ തന്റെ ജീവിതത്തിന്റെ കൂടുതൽ കാലവും ബൾഗേറിയയിലെ കൊസൂഹ് മലകളിലെ റൂപിതെ എന്നപ്രദേശത്തു കഴിച്ചു കൂട്ടി. 30 വയസ്സായപ്പോഴേക്കും ബാബ വാംഗ തന്റെ പ്രവചനങ്ങൾക്കും രോഗശാന്തികൾക്കും പേരുകേട്ടവളായി



മാറിയിരുന്നു, സാധാരണക്കാർ മാത്രമല്ല, ബൾഗേറിയയിലെ രാജാവ് ബോറിസ് മൂന്നാമൻ, സോവിയറ്റ് നേതാവ് ലിയോണിഡ് ബ്രെഷ്നെവ് തുടങ്ങിയ പ്രമുഖരും അവരുടെ ഉപദേശം തേടി. 84-ാം വയസ്സിൽ അവർ മരിച്ചു. ബൾഗേറിയയിലെ പെട്രിച്ചിൽ അവർ താമസിച്ചിരുന്ന വീട് ഇപ്പോൾ ഒരു മ്യൂസിയമാണ്.

ലോകത്തിലെ ദശലക്ഷക്കണക്കിനു വരുന്ന വിശ്വാസികൾ ഇന്നും ബാബ വംഗക്ക് അമാനുഷികവും അതീന്ദ്രിയവുമായ കഴിവുകൾ ഉണ്ടായിരുന്നു എന്നു വിശ്വസിക്കുന്നു. ബാൾകിന്റെ നോസ്ട്രഡാമസ് എന്ന അപരനാമത്തിലും അവർ അറിയപ്പെട്ടിരുന്നു. ബാബ വംഗയുടെ ഏറ്റവും വലിയ പ്രവചനങ്ങളിലൊന്ന് ലോകാവസാനത്തെ കുറിച്ചാണ്. ഇതിന് കൃത്യമായ വർഷവും അവർ നൽകിയിട്ടുണ്ട്. ലോകാവസാനത്തിന് മുമ്പ് വലിയ കാര്യങ്ങൾ സംഭവിക്കുമെന്ന് അവർ നേരത്തെ പ്രവചിച്ചിട്ടുണ്ട്. ലോകാവസാനം 5079-ൽ ആയിരിക്കും സംഭവിക്കുകയെന്നാണവർ പ്രവചിക്കുന്നത്.

ഈ വർഷം തന്നെ വിവിധ ദുരന്തങ്ങൾ ഭൂമിയിലുണ്ടാവുമെന്ന് ബാബ വംഗ നേരത്തെ പ്രവചിച്ചിട്ടുണ്ട്. അതിൽ ആദ്യത്തേത് കാലാവസ്ഥാ വ്യതിയാനമാണ്. ഉഷ്ണ തരംഗങ്ങൾ തുടർച്ചയായി ഉണ്ടാവുന്നതിലൂടെ ബാബ വംഗയുടെ പ്രവചനം യാഥാർത്ഥ്യമായിരിക്കുകയാണ്. സൈബർ ആക്രമണങ്ങളാണ് ബാബ വംഗയുടെ പ്രവചനത്തിലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഈ പ്രവചനം 1996-ൽ നടത്തിയ പ്രവചനങ്ങളിലൊന്നാണിത്. ആ സമയം ഇന്റർനെറ്റ് എന്നത് അതിന്റെ പ്രാഥമിക ഘട്ടത്തിലായിരുന്നു. അധികമാരും അതിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ച് ചിന്തിച്ച് പോലും തുടങ്ങിയിരുന്നില്ല. പക്ഷേ ബാബ ആ സമയം സൈബർ ആക്രണങ്ങളെ കുറിച്ച് തിരിച്ചറിഞ്ഞിരുന്നുവത്രേ. ഇന്ന് ആഗോള തലത്തിൽ തന്നെ സുരക്ഷാ ഭീഷണി ഉയർത്തുന്ന കാര്യമാണ് സൈബർ ആക്രമണങ്ങൾ. ആപ്പിൾ, മെറ്റ, എക്സ് തുടങ്ങിയ സോഷ്യൽ മീഡിയകളെല്ലാം സൈബർ ആക്രമണങ്ങൾക്ക് വിധേയമായിട്ടുണ്ട്.

ആഗോള സമ്പദ് ശക്തികളിൽ മാറ്റം വരുമെന്നും രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ രൂക്ഷമാകുമെന്നും അവരുടെ പ്രവചനത്തിലുണ്ട്. 2024-ൽ അമേരിക്കയിലുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി വംഗ പ്രവചിച്ചതാണ്. 2023-ൽ ഏറ്റവും വലിയ സമ്പദ് ഘടന യു.എസ്സായിരുന്നു. എന്നാൽ വളർച്ചയുടെ വേഗം 2024-ൽ കുറയുകയുണ്ടായി.

ജപ്പാനിലും യു.കെയിലും സാമ്പത്തിക പ്രതിസന്ധിയുണ്ടായി. ഉപഭോഗം കുറഞ്ഞതും, കുറഞ്ഞ ഉൽപ്പാദനവുമെല്ലാം ഈ രാജ്യങ്ങളെയും ബാധിച്ചതു. ചൈനയും ഇതിൽ വരും. ബാബ വംഗയുടെ മൂന്നാം ലോകയുദ്ധ പ്രവചനവും യാഥാർത്ഥ്യമാമാവുമോയെന്നാണ് ഇപ്പോൾ ഏവരും ആശങ്കപ്പെടുന്നത്.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.

# ന്യൂ സിറ്റി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുടെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിച്ചു





ന്യൂയോർക്ക്: ന്യൂ സിറ്റി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുടെ പൗരോഹിത്യ സുവർണ ജൂബിലി ഭക്തി നിറഞ്ഞ അന്തരീക്ഷത്തിൽ ആഘോഷിച്ചു. കഴിഞ്ഞ പതിനാറ് വർഷമായി പള്ളിയിൽ വികാരിയായി സമർപ്പിത സേവനം അനുഷ്ഠിച്ചു വരുന്ന വന്ദ്യ അച്ചന്റെ അമ്പത് വർഷത്തെ പുരോഹിതജീവിത സാക്ഷ്യത്തെ അനുസ്മരിച്ച് ആദരവും അനുമോദന സമ്മേളനവും നടത്തി.

അമ്പത് വർഷങ്ങളായി സഭയ്ക്കും സമൂഹത്തിനും ആത്മീയ മാർഗ്ഗദർശകനായും കരുണാപൂർണ്ണനായ ഇടയനായും സേവനം ചെയ്ത വന്ദ്യ അച്ചന്റെ ദീർഘകാല ആത്മീയ സേവനത്തെ സ്മരിച്ചുകൊണ്ടായിരുന്നു സമ്മേളനം സംഘടിപ്പിച്ചത്. ഇടവകാംഗമായ റവ. ഫാ. വർഗീസ് കോര പരിത്തുവയലിൽ അർപ്പിച്ച വിശുദ്ധ ബലിയോടെ ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ നടന്ന അനുമോദന സമ്മേളനം ഏറെ സ്നേഹസാന്ദ്രമായിരുന്നു.

പള്ളിയുടെ വൈസ് പ്രസിഡന്റ് വിജയൻ ദാനിയേൽ, മുൻ സെക്രട്ടറി ജോർജ് ഐസക്, വനിതാ സമാജം ട്രഷറർ കുസുമം ദാനിയേൽ,

സൺഡേസ്കൂൾ ഹെഡ് മിസ്ട്രസ് ലീനാ മാത്യു, യൂത്ത് അസോസിയേഷൻ പ്രതിനിധികളായ എബി കണ്ണേത്, ജോയൽ കണ്ണേത് എന്നിവർ വന്ദ്യ അച്ചൻ ഇടവകയുടെ ആത്മീയ വളർച്ചയ്ക്കും സംഘടനാ പുരോഗതിക്കും യുവജനങ്ങളുടെ മാർഗ്ഗനിർദ്ദേശത്തിനും കുടുംബ ഐക്യത്തിനും നൽകിയ സംഭാവനകളെ അനുസ്മരിച്ചു സംസാരിച്ചു. അദ്ദേഹത്തിന്റെ വിനയം, ആത്മീയ ആഴം, നേതൃത്വപാടവം എന്നിവ പ്രത്യേകം പരാമർശിച്ചു. അലൈന വറുഗീസ്, ജെയ്ഡൻ പൗലോസ് എന്നിവർ ചേർന്ന് ഭക്തിഗാനം ആലപിച്ച് സമ്മേളനത്തിന് കൂടുതൽ ആത്മീയ തേജസ് നൽകി.

ഇടവകയുടെ നന്ദിസൂചകമായി പാരിതോഷികവും സ്മാരക ഫലകവും സമർപ്പിച്ചു. വനിതാ സമാജത്തിന്റെ വകയായി പ്രത്യേക ആദരസമ്മാനവും നൽകി. ഇടവകാംഗങ്ങളുടെ ഹൃദയത്തിലെ സ്നേഹവും ആദരവും പ്രതിഫലിപ്പിക്കുന്നതായിരുന്നു ഈ അനുമോദനങ്ങൾ.

പള്ളി മാനേജിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ വൈസ് പ്രസിഡന്റ് വിജയൻ ദാനിയേൽ, സെക്രട്ടറി സണ്ണി പൗലോസ്, ട്രഷറർ ലാൻസ് പൗലോസ്, ജോയിന്റ് സെക്രട്ടറി സനൽ പാടിയേടത്ത്, ജോയിന്റ് ട്രഷറർ സഞ്ജു ഇട്ടൻ പാടിയേടത്ത് എന്നിവരോടൊപ്പം കമ്മിറ്റി അംഗങ്ങളായ ജോർജ് ഐസക്, ഡ്യൂക്ക് ദാനിയേൽ, സണ്ണി വെള്ളാവള്ളിൽ, ടോണി മാത്യു എന്നിവർ സജീവമായി നേതൃത്വം നൽകി. പള്ളിയിലെ എല്ലാ ആത്മീയ സംഘടനകളും വിശ്വാസികളും ഒരുമിച്ചുചേർന്ന ഈ സമ്മേളനം ഇടവകയുടെ ഐക്യത്തിന്റെയും ആത്മീയതയുടെയും ശക്തമായ സാക്ഷ്യമായി മാറി.




അനുമോദന സമ്മേളനത്തിനുശേഷം കേക്ക് മുറിക്കൽ ചടങ്ങും നടന്നു. തുടർന്ന് വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ ഇടവകാംഗങ്ങൾ കാണിച്ച സ്നേഹത്തിനും പ്രാർത്ഥനാപിന്തുണയ്ക്കും ദീർഘകാല സഹകരണത്തിനും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി പ്രസംഗിച്ചു. ഇടവകയുടെ ആത്മീയ ഐക്യത്തോടൊപ്പം അച്ചനോടുള്ള സ്നേഹവും ആദരവും നിറഞ്ഞ ചടങ്ങുകൾ സ്നേഹവിരുന്നോടുകൂടി സമാപിച്ചു.

വാർത്ത:

ജിനു കുര്യൻ പാമ്പാടി

# ജോൺ പോളിന് ബിഗ് സല്യൂട്ട്, പിയാനോയിൽ നിന്ന് പട്ടാള ചിട്ടയിലേക്ക്





**കുര്യൻ പാമ്പാടി**

ലോകത്തിലെ ഏറ്റവും പ്രശസ്തമായ പിയാനോ കമ്പനിയും തൃശൂർക്കാരനായ ജോൺ പോളും തമ്മിൽ എന്തുബന്ധം? ന്യൂയോർക്കിൽ ക്വീൻസ് ബറോയിലെ അസ്റ്റോറിയയിൽ സ്റ്റെയിൻവേ സ്ട്രീറ്റിൽ 170 വർഷമായി പ്രവർത്തിക്കുന്ന സ്റ്റെയിൻവേ ആൻഡ് സൺസ് എന്ന പിയാനോ കമ്പനിയിൽ കാൽ നൂറ്റാണ്ടു കാലം ടെക്നീഷ്യനായി സേവനം ചെയ്തയാളാണ് ജോൺ.

സിനിമയ്ക്ക് തിരക്കഥയെഴുതി പുരസ്ക്കാരങ്ങൾ വാരിക്കൂട്ടിയിട്ടുള്ള എറണാകുളം സ്വദേശി ജോൺ പോളിന്റെ പേരുകാരൻ ആണെങ്കിലും, പിയാനോയിൽ 'സരിഗമ പദനിസ' വായിക്കുമെങ്കിലും, സാഹിത്യം, സംഗീതം, ചിത്രമെഴുത്ത് തുടങ്ങിയ കലകളിൽ പി. ജോൺ പോൾ പാഴൂക്കാരന് വിവരം പോര. ബാല്യകാലം മുംബൈയിലും ചെന്നൈയിലും ആയിരുന്നതിനാൽ മലയാളം പറയുമെന്നല്ലാതെ എഴുതാനും വായിക്കാനും പിന്നിലാണ്.

ജർമ്മനിയിൽ നിന്ന് ന്യൂയോർക്കിലേക്കു കുടിയേറിയ ഹെൻറി എംഗൽഹാർഡ് സ്റ്റെയിൻവേ 1853ൽ സ്ഥാപിച്ചതാണ് പിയാനോ കമ്പനി. ജോൺ ജോലി ചെയ്യുന്ന കാലത്തു അറുനൂറു പേർ ജോലിചെയ്തിരുന്നു.. 25,000 ഡോളർ മുതൽ ഒരുലക്ഷം രൂപ വരെ വിലയുള്ള പിയാനോകൾ നിർമ്മിച്ച് ലോകമാകെ വിതരണം ചെയ്തിരുന്ന സ്ഥാപനമാണ്. ന്യൂയോർക്കിനു പുറമെ ഹാംബുർഗിലും ഫാക്ടറി ഉണ്ടായിരുന്നു.

മൻഹാറ്റനിലെ റേഡിയോ സിറ്റി മ്യൂസിക് ഹാളിൽ ഓട്ടോമാറ്റിക് ആയി പ്രവർത്തിക്കുന്ന രണ്ടു



ഗ്രാൻഡ് പിയാനോകൾ കമ്പനി സ്ഥാപിച്ചിട്ടുണ്ട്. ഓൺ ചെയ്താൽ മൊസാർട്ട്, ബീഥോവൻ, ഷൂബെർട്, ബാക് തുടങ്ങിയവരുടെ ക്ലാസ്സിക് സംഗീതം നിരന്തരം കേട്ടുകൊണ്ടിരിക്കാം. ഒന്നിന് രണ്ടു ലക്ഷം ഡോളർ (1.82 കോടി രൂപ) വില.

അസ്റ്റോറിയയിൽ ക്വീൻസ് പബ്ലിക് ലൈബ്രറിക്കും സെന്റ് ഇമ്മാനുവൽ അമലോൽഭവ കത്തോലിക്കാ ദേവാലയത്തിനും സമീപം താമസിക്കുന്ന ജോൺ പോൾ, 86, പ്രായത്തിന്റെ അസ്കിതകളെ വകവയ്ക്കാതെ ക്വീൻസ് പബ്ലിക് ലൈബ്രറിയിലേയ്ക്കു നടന്നെത്തി എന്നോട് സംസാരിക്കാൻ. രാവിലത്തെ ട്രെഡ് മിൽ നടത്തവും ഇടക്കിടെയുള്ള ഫിസിയോ തെറപ്പിയും കഴിഞ്ഞു ഉന്മേഷത്തോടെ.

എയർഇന്ത്യയിൽ മെക്കാനിക് ആയിരുന്നു പിതാവ് പി.കെ ജോൺ. അദ്ദേഹത്തോടൊപ്പം കഴിഞ്ഞ മകൻ ചെന്നൈ ഐടിഐ യിൽ ചേർന്ന് മൂന്നു ട്രേഡുകളിൽ പ്രാവീണ്യം നേടി- വെൽഡർ, മെഷീനിസ്റ്റ്, ടൂൾ ആൻഡ് ഡൈ മേക്കർ. 22ആം വയസിൽ പഠനം പൂർത്തിയാക്കി എട്ടുവർഷം ചെന്നെയിൽ ടൂൾ റൂം ഫോർമാനായി ജോലി ചെയ്തു.


പക്ഷെ അതല്ല ജോണിന്റെ ഇന്നത്തെ പ്രസക്തി. മൂന്നു പതിറ്റാണ്ടായി അമേരിക്കൻ മിലിറ്ററിക്കു ചിഹ്നങ്ങൾ (insignia) നിർമ്മിച്ചു നൽകുന്ന ന്യൂയോർക്കിലെ യൂണിഫോം ആക്സസറീസിന്റെ ഉടമയാണ്. ജോണിനു വേണ്ടി മുപ്പതോളം ബംഗ്ലാദേശുകാർ വീടുകളിലിരുന്നു ജോലി ചെയ്യുന്നു. ആഴ്ചയിൽ 750 ഡോളർ വരെ നേടുന്നവർ ഉണ്ടെന്നു ജോൺ. ഇന്ത്യയിൽ അത് 68,310 രൂപ വരും. എല്ലാവർക്കും കയ്യോടെ ചെക്കായി പ്രതിഫലം നൽകുന്നു.

വയസ്സെത്തിയെങ്കിലും ചുണക്കുട്ടിയെപ്പോലെ ഹോണ്ടാ സിആർവി ഓടിച്ചു നടക്കുന്നു അദ്ദേഹം. ഒരു ലെക്സസ് 300 കൂടി ഉണ്ടായിരുന്നു. അത് ഏകമകൾ അന്നഷീലയ്ക്ക് സമ്മാനിച്ചു.

വരാപ്പുഴയിൽ ജനിച്ചു ചെന്നൈയിൽ വളർന്ന ഭാര്യ ഗ്രേസി സ്വന്തം കൈകൊണ്ടു പാചകം ചെയ്യുന്ന ഭക്ഷണമാണ് തന്റെ ഏറ്റവും വിലപ്പെട്ട ഔഷധമെന്നു ജോൺ വിശ്വസിക്കുന്നു. അതിനാൽ ഗ്രേസി വീട്ടമ്മയായി കഴിയുന്നു.

ചാലക്കുടിയിൽ അമ്മവീട്ടിലാണ് ജനിച്ചതെങ്കിലും പിതാവ് പികെ ജോണിന്റെ പാഴൂക്കാരൻ തറവാടു തൃശൂർ പ്രാന്തത്തിൽ ആണ്. ബാംഗ്ളൂർ ഹിന്ദുസ്ഥാൻ ഏറോനോട്ടിക്കിൽ നിന്ന് ഡെക്കാൻ എയർവേയ്സിലും പിന്നീട് എയർ ഇന്ത്യയിലും മെക്കാനിക് ആയി ജോലി ചെയ്ത പിതാവിനോടൊപ്പം മുബൈയിലും ചെന്നൈയിലുമായിരുന്നു ബാല്യകാലം.

ബാംഗളൂരിൽ എച്ച്എംടി എന്ന ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിൽ ജോലി ചെയ്തിരുന്ന കാലത്തു ചെയർമാൻ നിർദേശിച്ചതനുസരിച്ച് ഡൽഹിയിലേക്ക് കാലുമാറ്റിച്ചവുട്ടി. സർദാർ






റൊണാക് സിംഗിന്റെ ബിഎസ്ടി എന്ന വൻ സ്ഥാപനത്തിൽ ഡെവലപ് മെന്റ് എൻജിനീയർ പദവിയിലായിരുന്നു നിയമനം. എട്ടുവർഷം അവിടെ സേവനം ചെയ്തു.

ഇന്ത്യ മോട്ടോർവാഹന നിർമ്മാണ രംഗത്തു കുതിച്ചു കയറുന്ന സമയം. ബജാജ് ഓട്ടോയ്ക്ക് വേണ്ടി ഇറ്റലിയിലെ പിയാഗോ കമ്പനിവക വെസ്പാ സ്കൂട്ടറിന്റെ എൻജിൻ നിർമ്മിച്ചതോടെ ജോണിന്റെ കൈവിരുതിന് അംഗീകാരമായി. ലാംബർട്ട, രാജദൂത്, ജാവ, ബുള്ളറ്റ്, യമഹ എൻജിനുകളും നിർമ്മിച്ചു. ലെയ് ലാൻഡ് എൻജിൻ, എസ്കോർട്സ് എർത്ത് മൂവേഴ്സ് എൻജിൻ, പിസ്റ്റൺ റിങ്, റെഫ്രിജറേറ്റർ പാർട്സ്, ഒടുവിൽ മസഗോൺ ഡോക്കിൽ പണിതിറക്കിയ ഐഎൻഎസ് വിക്രാന്ത് എന്ന വിമാനവാഹിനി കപ്പലിന്റെ ഘടകങ്ങൾ വരെ.

ഒടുവിൽ സുഹൃത്തുക്കളെ കൂട്ടി ഫരീദബാദിനു സമീപം മഥുര റോഡിൽ സ്വന്തമായി ഒരു പ്ലാന്റ് തുറന്നു. ആദ്യം നല്ല ബിസിനസ് ഉണ്ടായിരുന്നു. പക്ഷെ പണം കിട്ടാൻ പാടുപെടേണ്ടി വന്നു. തന്മൂലം എംഎം സൂരി എൻജിജിനീയറിങ് കൺസൾട്ടൻസിയുടെ പാർട്ട് ടൈം എൻജിനീയറായി ജോലി ചെയ്തു. രാജസ്ഥാൻ സ്കൂട്ടറിനു വേണ്ടി പാലിയാമോ എൻജിൻ രൂപകൽപന ചെയ്തു നിർമ്മിച്ചത് മറ്റൊരു നേട്ടമായി. അതിന്റെ പ്രോട്ടോടൈപ്പ് ഡൽഹി നിരത്തുകളിലൂടെ വിജയകരമായി ട്രയൽ നടത്തിയത് അക്കാലത്താണ്.

എങ്കിലും ഇന്ത്യയിൽ പിടിച്ചു നിൽക്കാൻ പാടാണെന്നും അമേരിക്കയിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞപ്പോൾ സൂരി കമ്പനിയുടെ എൻജിനീയറിങ് ഡയറക്ടർ ജെ.വി.എസ് അയ്യങ്കാർ പറയുകയാണ്, 'തന്നെപ്പോലുള്ളവരെ ഇന്ത്യക്കാണ് വേണ്ടത്, അമേരിക്കക്കല്ല' എന്ന്.

പക്ഷെ ഇന്ത്യയിൽ നല്ല ടെക്നീഷ്യൻ ആയാലും നല്ല ബിസിനസ് മാൻ ആകാൻ വിഷമമാണെന്ന് തിരിച്ചറിഞ്ഞ ജോൺ 1984 ഒക്ടോബർ 20നു ഡൽഹി ഇന്ദിരാഗാന്ധി വിമാനത്താവളത്തിൽ നിന്ന് ന്യുയോർക്കിലെ ജെഎഫ്കെ എയർപോർട്ടിലേക്ക് പറന്നു. ''പുതിയ ആകാശം, പുതിയ ഭൂമി. അംബര ചുംബികളുടെ നടുവിൽ അവസരങ്ങൾ, അവ കണ്ടെത്തുകയേ വേണ്ടൂ,' 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ച 'ഒരു യാത്രയുടെ ലക്ഷ്യം' എന്ന ആത്മ കഥയിൽ ജോൺ പറയുന്നു.

മൻഹാറ്റനിലെ വൈഎംസിഎയിൽ ആദ്യരാത്രി കഴിച്ചു. പിറ്റേന്നു രാവിലെ ജാക്സൺ ഹൈറ്റ്സിൽ എത്തി ബ്രേക്ക് ഫാസ്റ്റ്. കിട്ടിയ ജോലികളെല്ലാം കിറുകൃത്യവുമായി ചെയ്തു. സെയിൽസ് മാൻ ആയി വിദൂര നഗരങ്ങളിലേക്ക് വണ്ടിയോടിച്ചു പോയി. ഒരു ഡോക്ടറുടെ മെഴ്സിഡസ് ബെൻസ് ഓടിച്ചു. 'ഇന്ത്യ എബ്രോഡ്' വാരികയിൽ ജോലി പരിചയമുള്ള ഒരു മെഷീനിസ്റ്റിനെ വേണമെന്ന പരസ്യം കണ്ടു അപേക്ഷിച്ചു. ഇഷ്ടപ്പെട്ട ജോലി. അതു കിട്ടിയതോടെ ജീവിതം സുഗമമായി.

ഇന്ത്യൻ ഉടമസ്ഥതയിലുള്ള ഒരു നിർമ്മാണ സ്ഥാപനമായിരുന്നു അത്. ഒരുമാസം കഴിഞ്ഞപ്പോൾ ഉടമ എന്നെ വിളിച്ചു ചാവിയും സെക്യൂരിറ്റി കോഡും ഏല്പിച്ചിട്ടു പറഞ്ഞു 'ഇന്നു മുതൽ നിങ്ങളാണ് സ്ഥാപനത്തിന്റെ ബോസ്. ആരെയും നിയമിക്കാം പിരിച്ചുവിടാം. നാളെ രാവിലെ വന്നു ഷോപ് തുറക്കണം .' നാലുവർഷം അവിടെ



ജോലി ചെയ്തു. അവർ സ്പോൺസർ ചെയ്തു 1988ൽ ഗ്രീൻ കാർഡും നേടി.

ഭാര്യയെയും മകളെയും അങ്ങിനെ അമേരിക്കയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഒടുവിൽ അസ്റ്റോറിയയിൽ സ്റ്റെയിൻവേ സ്ട്രീറ്റിലെ പിയാനോ കമ്പനിയിൽ ജോലി ലഭിച്ചു. കൂടുതൽ ശമ്പളം, ആനുകൂല്യങ്ങൾ. 25 വർഷം അവരുടെ കൂടെ ജോലി ചെയ്ത ശേഷം വിരമിച്ചു.

ഒരിക്കൽ ഹ്യൂസ്റ്റണിൽ നിന്ന് ന്യൂയോർക്കിയ്ക്കു വരുമ്പോൾ വിമാനത്തിൽ വച്ചു പരിചയപെട്ട ഒരാളാണ് മറ്റൊരു ദൈവദൂതനായി പ്രത്യക്ഷപ്പെട്ടത്. ആൻഡ്രൂ ലുഡ്മാർ. ന്യൂയോർക്കിലെ ഐസ്മാൻ- ലുഡ്മാർ എന്ന കമ്പനിയുടെ മാനേജിങ് പാർട്നറാണ് . എന്റെ എൻജിനീയറിങ് വൈദഗ്ധ്യവും ജോലി പരിചയവും ചോദിച്ചറിഞ്ഞു അദ്ദേഹം.

ഏതാനും ദിവസം കഴിഞ്ഞു അദ്ദേഹം എന്നെ കാണാൻ എത്തി. മിലിട്ടറി യുണിഫോമിൽ പിടിപ്പിക്കാനുള്ള ചിഹ്നങ്ങൾ നിർമ്മിച്ച് നൽകാനാവുമോ എന്നാണ് അദ്ദേഹത്തിന് അറിയേണ്ടിയിരുന്നത്. കുറെ സാമ്പിളുകൾ തന്നു പരീക്ഷണം നടത്തി. അങ്ങിനെ വീണുകിട്ടിയ പണി മുപ്പതു വർഷമായി അല്ലലില്ലാതെ കൊണ്ടു നടക്കുന്നു.



ആർമി, നേവി എയർഫോഴ്സ് യൂണിഫോമുകളിൽ പിടിപ്പിക്കാനുള്ള ഷോൾഡർ കോർഡ്, തൊപ്പിയിൽ പിടിപ്പിക്കുന്ന ചിൻസ്ട്രാപ്പ്, സർവീസ് ബാർ, റാങ്ക് ബാർ, യൂണിറ്റ് ബാഡ്ജ് എന്നിങ്ങനെ ഒരു ഡസനിലേറെ വസ്തുക്കളാണ് ജോൺ നിർമ്മിച്ച് നൽകുന്നത്. ലോങ്ങ് ഐലൻഡിൽ ഹിക്സ്വില്ലിലെ ഡിപ്പോയിൽ അസംസ്കൃത വസ്തുക്കൾ ഏത്തും. അവിടെ പോയി ശേഖരിക്കണം.

'ബംഗ്ളാദേശികൾ കൈപ്പണികൾക്കു മിടുക്കരാണ്. തയ്യലിനും. വെറുതെയല്ല ലോകത്തിലെ ഏറ്റവും കൂടുതൽ റെഡിമേഡ് വസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്ന രാജ്യമായി അവർ വളർന്നത് ഇന്ത്യയിൽ നിന്ന് പരുത്തി ഇറക്കുമതി ചെയ്തു നൂലുണ്ടാക്കി അവർ ഷർട്ടും പാന്റ്സും കുട്ടികളുടെ ഉടുപ്പുകളും നിർമ്മിച്ച് അമേരിക്കയിലേക്ക് അയക്കുന്നു,' ജോൺ പറഞ്ഞു.

യൂറോപ്പിലും മിഡിൽ ഈസ്റ്റിലും പസഫിക് സമീപ രാജ്യങ്ങളിലും കരീബിയനിലും ഗ്രേസിയുമൊത്തു സഞ്ചരിച്ചിട്ടുണ്ട് ജോൺ. ഷാങ്ഹായ് മുതൽ ബെയ്ജിങ് വരെ ഹൈ സ്പീഡ് ട്രെയിനിൽ സഞ്ചരിക്കാൻ കഴിഞ്ഞു. 'റോമിൽ എന്റെ പേരു കാരനായ വിശുദ്ധ ജോൺ പോൾ മാർപ്പാപ്പയെ നേരിൽ കണ്ടു അനുഗ്രഹം വാങ്ങി.'

അസ്റ്റോറിയയിലെ അമലോഭവ പള്ളി ആരാധനയിൽ പങ്കെടുക്കുന്നവരാണ് ജോൺ-ഗ്രേസി ദമ്പതിമാർ. ജോൺ ഒരുകാലത്തു ക്വീൻസ് കേരള സമാജം, കാത്തലിക് അസോസിയേഷൻ എന്നിവയുടെ അധ്യക്ഷനായും സേവനം ചെയ്തു.

ഏകമകൾ അന്ന ഷീല ന്യൂജേഴ്സിയിൽ റട്ഗേഴ്സ് യൂണിവേഴ്സിറ്റി മെഡിക്കൽ സ്കൂളിൽ എകിക്യൂട്ടീവ് ആണ്. സ്പെയിൻ വംശജനായ ഹെക്ടർ ജീവിത പങ്കാളി. മോമോ എന്ന മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ ഉദ്യോഗസ്ഥൻ. രണ്ടു മക്കൾ-വിൻസെന്റ്, ആൻഡ്രൂ






FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ഫോമാ നൂറിന്റെ നിറവിൽ: അംഗസംഘടനകളുടെ കരുത്തിൽ ഇത് ചരിത്രത്തിലെ അഭിമാന മുഹൂർത്തം

emalayalee.com

**എ.എസ് ശ്രീകുമാർ**
**(ഫോമാ ന്യൂസ് ടീം)**

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളെ ഐക്യച്ചരടിൽ കോർത്തിണക്കുന്ന ഏറ്റവും വലിയ സംഘടനകളുടെ സംഘടനയായ 'ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ്' എന്ന ഫോമാ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ല് പിന്നിട്ടിരിക്കുന്നു. 100 അംഗ സംഘടനകളുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ അംബ്രല്ലാ ഓർഗനൈസേഷൻ എന്ന അത്യപൂർവ നേട്ടം കൈവരിച്ചിരിക്കുകയാണ് ഫോമായെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. ഇക്കഴിഞ്ഞ ദിവസം ചേർന്ന നാഷണൽ കൗൺസിലിന്റെ സൂം മീറ്റിങ്ങിൽ രണ്ട് സംഘടനകൾക്കു കൂടി അംഗത്വം നൽകിയതോടെയാണ് ഫോമാ 100 അംഗസംഘടനകളുള്ള ഫെഡറേഷൻ ആയി ചരിത്രം സൃഷ്ടിച്ചത്.


ഫ്ളോറിഡയിൽ നിന്ന്, സൺഷൈൻ റീജിയണിൽ ഉൾപ്പെടുന്ന 'മയാമി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ഇൻകോർപറേറ്റഡ്' (എം.എ.എസ്.സി), സതേൺ റീജിയണിലെ കേരള അസോസിയേഷൻ ഓഫ് ടെക്സസ്, ഡാളസ് എന്നീ നോൺ പ്രോഫിറ്റ് ഓർഗനൈസേഷനുകൾക്കാണ് ഫോമായിൽ മെമ്പർഷിപ്പ് നൽകാനുള്ള നിർദേശം നാഷണൽ കൗൺസിൽ അംഗീകരിച്ചത്. ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ




അധ്യക്ഷത വഹിച്ച സൂം മീറ്റിങ്ങിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ, ക്രിഡൻഷ്യൽ കമ്മിറ്റി, ആർ.വി.പിമാർ, നാഷൺ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ഒരു വർഷം മുമ്പ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തതും നോൺ പ്രോഫിറ്റ് ആയ ഓർഗനൈസേഷനുകൾക്കുമാണ് ഫോമായിൽ അംഗത്വം ലഭിക്കുക.

''നിലവിലുള്ള 2024-'26 വർഷത്തെ ഭരണ സമിതിയുടെ വാഗ്ദാനമായിരുന്നു തങ്ങൾ കാലാവധി പൂർത്തിയാക്കും മുമ്പ് ഫോമായെ 100 അംഗസംഘടനകളുള്ള ഫെഡറേഷനായി വളർത്തുകയെന്നത്. ഞങ്ങൾ ചുമതലയേൽക്കുമ്പോൾ 85 അംഗസംഘടനകളായിരുന്നു ഫോമായിലുണ്ടായിരുന്നത്. ചുരുങ്ങിയ സമയം കൊണ്ടുതന്നെ 15 സംഘടനകളെക്കൂടി നമ്മുടെ കുടുംബത്തിലേയ്ക്ക് കൊണ്ടുവരാനായതിൽ ഏവർക്കുമൊപ്പം സന്തോഷം പങ്കുവയ്ക്കുന്നു. ഫോമാ വളർച്ചയുടെ പുതിയ ദിശയിലേയ്ക്ക് കരുത്തോടെ നീങ്ങുന്നുവെന്നതിന്റെ തെളിവാണ് ഈ 100 അംഗസംഘടനാ നേട്ടം...'' ബേബി മണക്കുന്നേൽ പറഞ്ഞു.

സതേൺ റീജിയന്റെ ആർ.വി.പി ബിജു ലോസണെയും സൺഷൈൻ റീജിയന്റെ ആർ.വി.പി ജോമോൻ ആന്റണിയെയും ക്രിഡൻഷ്യൽ കമ്മിറ്റി ചെയർ വിജി എബ്രഹാമിനെയും കമ്മിറ്റി അംഗങ്ങളെയും അവരുടെ ഈ പ്രവർത്തന മികവിന് ബേബി മണക്കുന്നേൽ അനുമോദിച്ചു. പുതുതായി അംഗത്വം നേടിയ രണ്ടു സംഘടനയളെയും ഫോമാ കുടുംബത്തിലേയ്ക്ക് ഹൃദയപൂർവം സ്വാഗതം ചെയ്യുന്നുവെന്നും ഇനി സംഘടനയുടെ ലക്ഷ്യപ്രാപ്തിക്കായി തോളോടുടോൾ ചേർന്ന് പ്രവർത്തിക്കാമെന്നും ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് വ്യക്തമാക്കി.


'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# ഒഴിവാക്കപ്പെട്ടതിൽ കെ.കെ ശൈലജയ്ക്ക് അതൃപ്തി; വനിതാ മുഖ്യമന്ത്രി സാധ്യതയടച്ച് സി.പി.എം




**എ.എസ് ശ്രീകുമാർ**

സി.പി.എം മൂന്നാമതും അധികാരത്തിലെത്തിയാൽ ഒരു വനിതാ മുഖ്യമന്ത്രിയുടെ സാധ്യത ബോധപൂർവം അടച്ചിരിക്കുകയാണ് ജനകീയ മുഖമായ കെ.കെ ശൈലജയ്ക്ക് സീറ്റ് നിഷേധിച്ചതിലൂടെ പാർട്ടി. തന്നെ സ്ഥാനാർത്ഥിത്വത്തിൽ നിന്ന് ഒഴിവാക്കിയതിൽ കെ.കെ ശൈലജയ്ക്ക് കടുത്ത അതൃപ്തിയുണ്ടെന്നാണ് വിവരം. താൻ നിലവിൽ പ്രതിനിധാനം ചെയ്യുന്ന മട്ടന്നൂർ മണ്ഡലം ഇല്ലെങ്കിൽ പിന്നെ മറ്റെവിടേക്കും പരിഗണിക്കേണ്ടതില്ലെന്ന് ശൈലജ പാർട്ടി നേതൃത്വത്തെയും അറിയിച്ചിട്ടുണ്ടത്രേ. കണ്ണൂർ ജില്ലയിൽ നിന്ന് അഞ്ച് തവണ മത്സരിച്ച കെ.കെ ശൈലജയ്ക്ക് ഇത്തവണ അവസരം നൽകേണ്ടതില്ലെന്നാണ് സംസ്ഥാന നേതൃത്വത്തിന്റെ നിലപാട്.

ഉറച്ച സീറ്റെങ്കിൽ ടേം വ്യവസ്ഥ പാലിക്കണം എന്ന മാനദണ്ഡം മാത്രം വച്ചാണ് മട്ടന്നൂരിൽ നിന്ന് കെ.കെ ശൈലജ തെറിച്ചത്. ഡി.വൈ.എഫ്.ഐ സംസ്ഥാന സെക്രട്ടറി വി.കെ സനോജിനെയാണ് മട്ടന്നൂരിൽ പാർട്ടി പരിഗണിക്കുന്നത്. തിരഞ്ഞെടുപ്പ് അടുത്തപ്പോൾ ഉയർന്നു വന്ന വനിതാ മുഖ്യമന്ത്രി ചർച്ചകളും ജനകീയ നേതാവ് പരിവേഷവും ഒന്നും കണക്കിലെടുക്കേണ്ടതില്ലെന്നാണ് ശൈലജയുടെ കാര്യത്തിൽ സംസ്ഥാന നേതൃത്വത്തിന്റെയും നിലപാട്. ശൈലജ ഇനി മത്സരിക്കേണ്ടതില്ലെന്ന് സംസ്ഥാന തലത്തിലെ ചില നേതാക്കൾ അഭിപ്രായം അറിയിച്ചിട്ടുണ്ട്. അഞ്ച് വട്ടം ജനവിധി തേടിയ പാർട്ടി പ്രവർത്തക എന്ന നിലയിൽ പുതുമുഖങ്ങൾക്കായി സീറ്റ് ഒഴിഞ്ഞു കൊടുക്കട്ടെ എന്നാണ് ചിലരുടെ നിർദ്ദേശം.

പഴയ കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്നും 1996-ലും പേരാവൂർ മണ്ഡലത്തിൽ നിന്നും 2006-ലും നിയമസഭാംഗമായി. മണ്ഡല പുനർനിർണയത്തിനുശേഷം നിലവിൽവന്ന പേരാവൂർ മണ്ഡലത്തിൽനിന്ന് 2011-ൽ പരാജയപ്പെട്ടു. കേരള നിയമസഭയിൽ 2016-ൽ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മണ്ഡലത്തിൽ 67,013 വോട്ട് നേടി 12,291 വോട്ടിന്റെ

ഭൂരിപക്ഷത്തോടെയാണ് കെ.കെ. ഷൈലജ വിജയിച്ചത്. കേരള നിയമസഭാ തിരഞ്ഞെടുപ്പ് ചരിത്രത്തിലെ എറ്റവും ഉയർന്ന ഭൂരിപക്ഷമായ 60,963 വോട്ടുകൾക്കാണ് ശൈലജ 2021-ൽ മട്ടന്നൂർ മണ്ഡലത്തിൽനിന്ന് വിജയിച്ചത്.

ഒന്നാം പിണറായി സർക്കാരിൽ ആരോഗ്യമന്ത്രിയായി വിസ്മയകരമായ പ്രവർത്തനം കാഴ്ചവച്ചതിനെ മാനിച്ച് കെ.കെ ശൈലജയെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാക്കി സി.പി.എം വിപ്ലവം സൃഷ്ടിക്കുമോയെന്ന ചർച്ചകൾ കേരളത്തിൽ സജീവമായിരുന്നു. പിണറായി വിരുദ്ധ പ്രചാരണങ്ങൾ കൊഴുക്കുന്ന സാഹചര്യത്തിൽ കെ.കെ ശൈലജയെ ഭാവി മുഖ്യമന്ത്രിയായി കണ്ടവരുമേറെയാണ്. കാലത്തിന്റെ അനിവാര്യമായ മാറ്റം ഉൾക്കൊണ്ട് വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഒരു വനിതാ മുഖ്യമന്ത്രി സ്ഥാനാർത്ഥി ഉണ്ടാവുമോയെന്ന് ഏവരും ഉറ്റുനോക്കുന്ന സാഹചര്യത്തിലാണ് വിജയം സുനിശ്ചിതമായ ഈ മുൻ മന്ത്രിയെ ടേമിന്റെ പേരിൽ ഒഴിവാക്കുന്നത്. അതേ സമയം പിണറായി വിജയന് ഇക്കുറിയും ടേമിന്റെ ഇളവ് ലഭിക്കുമെന്നാണ് കരുതുന്നത്.

പണ്ട് കെ.ആർ ഗൗരിയമ്മയെ മുന്നിൽ നിർത്തി സി.പി.എം വനിതാ മുഖ്യമന്ത്രി നീക്കം നടത്തിയിരുന്നു. ''കേരം തിങ്ങും കേരള നാട്ടിൽ കെ.ആർ ഗൗരി ഭരിച്ചീടും...'' എന്നൊരു മുദ്രാവാക്യമുണ്ടായിരുന്നു. 1987-ൽ സി.പി.എം കെ.ആർ ഗൗരിയെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടിയിരുന്നു. ''നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്ഥാനാർത്ഥി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കും...'' എന്ന് ആലപ്പുഴ തുറവൂരിലെ ഒരു വേദിയിൽ വച്ച് സി.പി.ഐ സംസ്ഥാന സെക്രട്ടറിയും കേരള മുഖ്യമന്ത്രിയുമായിരുന്ന പി.കെ വാസുദേവൻ നായരാണ് ഇക്കാര്യം ആദ്യം പറഞ്ഞത്.

അന്നത്തെ സി.പി.എം സെക്രട്ടറിയായിരുന്ന വി.എസ് അച്യുതാനന്ദൻ ഒരു പടി കൂടി കടന്ന് നിയമസഭാ തിരഞ്ഞെടുപ്പിൽ പാർട്ടി കേരളത്തിലെ ആദ്യത്തെ വനിതാ മുഖ്യമന്ത്രിയെ തിരഞ്ഞെടുക്കുമെന്ന് പ്രഖ്യാപിച്ചു. പക്ഷേ, ഒന്നും സംഭവിച്ചില്ല. ഗൗരിയമ്മയെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉയർത്തിക്കാട്ടി 1987-ലെ നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിട്ട സി.പി.എം വിജയത്തിനു ശേഷം നിയമസഭാ കക്ഷി നേതാവായി ഇ.കെ നായനാരെ തിരഞ്ഞെടുത്തു. അതോടെയാണ് പാർട്ടിയും ഗൗരിയമ്മയും തമ്മിൽ അകലം ഏറിയത്. പിന്നീട് 1994 ജനുവരി ഒന്നിന് ഗൗരിയമ്മ സി.പി.എമ്മിൽനിന്നു പുറത്താകുന്നതുവരെ കാര്യങ്ങളെത്തി. കേരം തിങ്ങും കേരള നാടിന് ലഭിക്കാതെ പോയ മുഖ്യമന്ത്രിയാണ് കെ.ആർ ഗൗരി. അതൊരു ദുഖസത്യമായി അവശേഷിക്കുന്നു.

എന്നാൽ ആ ചരിത്രം വീണ്ടും ആവർത്തിക്കുകയാണ്. മുഖ്യമന്ത്രിയൊഴിച്ച് ഒന്നാം പിണറായിസർക്കാരിലെസി.പി.എം മന്ത്രിമാർക്ക് പിന്തുടർച്ചയുണ്ടായില്ല. കെ.കെ ശൈലജ ടീച്ചർ മന്ത്രിയാവണമെന്ന് കക്ഷി ഭേദമെന്യേ ആഗ്രഹിച്ചവർ ഏറെയാണ്. പാർട്ടിയിലെ ഈ മുതിർന്ന വനിതാ നേതാവിന് അർഹിക്കുന്ന പദവിയാണ് മുഖ്യമന്ത്രി പദമെന്ന് പാർട്ടിയും കരുതുന്നു. മൂന്നാം വട്ടവും പിണറായി വിജയനെ മുഖ്യമന്ത്രി



**പണ്ട് കെ.ആർ ഗൗരിയമ്മയെ മുന്നിൽ നിർത്തി സി.പി.എം വനിതാ മുഖ്യമന്ത്രി നീക്കം നടത്തിയിരുന്നു. ''കേരം തിങ്ങും കേരള നാട്ടിൽ കെ.ആർ ഗൗരി ഭരിച്ചീടും...'' എന്നൊരു മുദ്രാവാക്യമുണ്ടായിരുന്നു. 1987–ൽ സി.പി.എം കെ.ആർ ഗൗരിയെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടിയിരുന്നു. ''നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്ഥാനാർത്ഥി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കും...' എന്ന് ആലപ്പുഴ തുറവൂരിലെ ഒരു വേദിയിൽ വച്ച് സി.പി.ഐ സംസ്ഥാന സെക്രട്ടറിയും കേരള മുഖ്യമന്ത്രിയുമായിരുന്ന പി.കെ വാസുദേവൻ നായരാണ് ഇക്കാര്യം ആദ്യം പറഞ്ഞത്.**

സ്ഥാനാർത്ഥിയാക്കിയാൽ അത് ആത്മഹത്യാപരമായിരിക്കുമെന്ന് ചിന്തിക്കുന്നവർ സി.പി.എമ്മിലുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ നയസമീപനങ്ങളും നിലപാടുകളും പിന്നെ സ്വർണക്കൊള്ള വരെ എത്തി നിൽക്കുന്ന വിവാദങ്ങളും വലിയ തോതിലുള്ള ഭരണ വിരുദ്ധ വികാരം ഉയർത്തിയിട്ടുണ്ടെന്നതിൽ സംശയമില്ല.

കെ.കെ ശൈലജ 2016 മുതൽ 2021 വരെ പതിനാലാം നിയമസഭയിലെ കേരളത്തിന്റെ ആരോഗ്യ, സാമൂഹിക ക്ഷേമവകുപ്പ് മന്ത്രിയായിരുന്നു. 2016-ൽ അധികാരത്തിൽ വന്ന മന്ത്രിസഭയിലെ രണ്ട് വനിതാ മന്ത്രിമാരിലൊരാൾ. കേരളത്തിലെ കോവിഡ്-19 മഹാമാരി കൈകാര്യം ചെയ്യുന്നതിൽ ശൈലജ ടീച്ചറുടെ നേതൃത്വത്തിന് അന്താരാഷ്ട്ര ശ്രദ്ധ ലഭിച്ചു. 2020 ജൂൺ 23-ന് ഐക്യരാഷ്ട്രസഭ ടീച്ചറെ ആദരിക്കുകയുണ്ടായി. കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നതിനെതിരെയുള്ള കേരളത്തിന്റെ പോരാട്ടത്തിൽ യു.എൻ പൊതുസേവന ദിനത്തിൽ സ്പീക്കറായി ടീച്ചറെ ക്ഷണിച്ചു. 'കൊറോണ വൈറസ് കൊലയാളി', 'റോക്ക് സ്റ്റാർ ആരോഗ്യമന്ത്രി' എന്നാണ് ഗാർഡിയൻ ടീച്ചറെ വിശേഷിപ്പിച്ചത്.

ഏഷ്യൻ വനിതാ കൊറോണ പോരാളികൾക്കായി ജംഗ് യുൻ-ക്യോങ് (ദക്ഷിണ കൊറിയ), സൺ ചുൻലാൻ (ചൈന), ചെൻ വെയ് (ചൈന), ലി ലഞ്ചുവാൻ (ചൈന), ഐ ഫെൻ (ചൈന), സി ലിങ്ക (ചൈന) എന്നിവരോടൊപ്പം ബി.ബി.സി ന്യൂസിൽ ഇടം പിടിച്ചു. കൊറോണ വാരിയർ ഷിപ്പിനായി വോഗ് മാസികയും ടീച്ചറെ തിരഞ്ഞെടുത്തു. ബ്രിട്ടനിലെ പ്രോസ്പെക്ട് മാഗസിൻ 2020-ലെ ലോകത്തെ മികച്ച ചിന്തകരുടെ ഗണത്തിൽ കെ.കെ ശൈലജയെ തിരഞ്ഞെടുത്തു. ന്യൂസീലൻഡ് പ്രധാനമന്ത്രി ജസീന്താ അർഡേനെ പിന്തള്ളിയാണ് കോവിഡ് കാലത്ത് ചിന്തകളെ പ്രായോഗികതലത്തിൽ എത്തിച്ച മികച്ച 50 പേരിൽ നിന്ന് കെ.കെ ശൈലജ ഒന്നാം സ്ഥാനത്തെത്തിയത്. ആരോഗ്യരംഗത്തെ സംഭാവനകൾ പരിഗണിച്ച് 2021-ലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയുടെ 'ഓപ്പൺ സൊസൈറ്റി പ്രൈസ്' എന്ന ബഹുമതിയും ശൈലജ ടീച്ചർ നേടി. ഈ പുരസ്ക്കാരം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ വ്യക്തിയാണ് ശൈലജ.

അതേസമയം, നിയമസഭ തിരഞ്ഞെടുപ്പിനുള്ള സി.പി.എമ്മിന്റെ കരട് സ്ഥാനാർഥി പട്ടികയിൽ മന്ത്രിമാരായ വനിതകൾ ഒഴികെയുള്ള മിക്ക വനിതാ എം.എൽ.എമാർക്കും സീറ്റ് ലഭിക്കില്ല. കെ.കെ ശൈലജയ്ക്ക് പുറമെ കായംകുളം എം.എൽ.എ യു പ്രതിഭ, അരൂരിന്റെ സാമാജിക ദലീമ ജോജോ, ആറ്റിങ്ങൽ എം.എൽ.എ ഒ.എസ് അംബിക തുടങ്ങിയവർ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. വിവിധ പാർട്ടികളിൽ നിന്നായി ആകെ 12 വനിതാ എം.എൽ.എമാരാണ് 15-ാം നിയമസഭയിൽ ഉള്ളത്. അതിൽ 8 പേരും സി.പി.എം എം.എൽ.എമാരാണ്. കാനത്തിൽ ജമീല മരണമടഞ്ഞിരുന്നു. ബാക്കി നിലവിൽ സി.പി.എമ്മിന് 7 വനിതാ എം.എൽ.എമാരാണുള്ളത്. അവരിൽ മന്ത്രിമാരായ വീണാ ജോർജ് (ആറൻമുള), ആർ. ബിന്ദു (ഇരിഞ്ഞാലക്കുട), സംവരണ മണ്ഡലമായ കോങ്ങാട് നിന്നുള്ള ശാന്തകുമാരി എന്നിവർക്കൊഴികെ മറ്റു വനിതാ എം.എൽ.എമാർക്ക് ആദ്യ ഘട്ടത്തിൽ സീറ്റില്ലത്രേ.


PLAN FOR PEACE OF MIND
Make your choices now
South Park
FUNERAL HOME • CEMETERY
CREMATORY
Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.
With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.
Our Complete Services Include:
• Cemetery Burial Spaces
• Funeral & Memorial Services
• Caskets & Outer Burial Containers
• Memorials (Headstones) | Opening & Closing
• Safely Home Protection
Personal consultation available by appointment.
Sunil John Korah
Community Relations Director
1-813-409-9050
1310 North Main St, Pearland, TX 77581
sunil.korah@nsmg.com

# ചതുരംഗ പലകയിൽ തന്ത്രയുദ്ധം തീർത്ത് കാൻജ് ചെസ് ടൂർണമെന്റ് വൻവിജയം




കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി (KANJ) യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചെസ് ടൂർണമെന്റ് ന്യൂജഴ്സിയിലെ മലയാളി സമൂഹത്തിൽ ബുദ്ധിയും തന്ത്രപരമായ കരുനീക്കങ്ങളും കൊണ്ട് ആവേശകരമായ മത്സരമായി മാറി, പിസ്കാറ്റവേയിലെ ഫെയർവേ ക്ലബ്ഹൗസിൽ അരങ്ങേറിയ മത്സരം ചതുരംഗ പലകയിൽ നടന്ന ആവേശകരമായ ഏറ്റുമുട്ടലുകൾക്ക് സാക്ഷ്യം വഹിച്ചു,




ഓരോ നീക്കവും കൃത്യമായ കണക്കുകൂട്ടലുകളും ദീർഘവീക്ഷണത്തോടെയും ചേർന്നതായിരുന്നു. ആക്രമണവും പ്രതിരോധവും തമ്മിൽ നേർക്കുനേർ ഏറ്റുമുട്ടിയപ്പോൾ, ചെറു പ്രായക്കാരും പരിചയസമ്പന്നരായ കളിക്കാരും തങ്ങളുടെ മികവ് തെളിയിച്ചു. ഒത്തുകൂടിയ പ്രേക്ഷകർ എല്ലാ വിഭാഗങ്ങളിലെയും മത്സരങ്ങൾ ആവേശത്തോടെ വീക്ഷിച്ചു,

പരിചയസമ്പന്നനായ ആർബിറ്റർ ജറാൾഡ് മത്സരങ്ങൾ കൃത്യമായി നിയന്ത്രിച്ചു.

വിജയികൾ:

ഓപ്പൺ വിഭാഗം

1. Asher Georgy
2. Navaneeth Krishna

അണ്ടർ 10 വിഭാഗം

1. Gabriel Zacharia
2. Shivang Sathish

അണ്ടർ 14 വിഭാഗം

1. Jovin Jithin
2. Mevin Nibu







KANJ സ്പോർട്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ടൂർണമെന്റിൽ പ്രസിഡന്റ് വിജയ് നമ്പ്യാർ, ജനറൽ സെക്രട്ടറി ജോർജി സാമുവൽ, ട്രഷറർ ഖുർഷിദ് ബഷീർ, വൈസ് പ്രസിഡന്റ് ടോം നെറ്റിക്കാടൻ, ജോയിന്റ് സെക്രട്ടറി കൃഷ്ണ പ്രസാദ്, ജോയിന്റ് ട്രഷറർ ദയ ശ്യാം, മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻസ് കോർഡിനേറ്റർ അസ്‌ലം ഹമീദ്, സ്പോർട്സ് അഫയേഴ്സ് കോർഡിനേറ്റർ അനൂപ് മാത്യൂസ് രാജു, ഐ.ടി. ഓഫീസർ നിധിൻ ജോയ് ആലപ്പാട്ട്, പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ് പ്രതിനിധി രേഖ നായർ, ചാരിറ്റി അഫയേഴ്സ് ചെയർമാൻ ജയകൃഷ്ണൻ എം മേനോൻ, കൾച്ചറൽ അഫയേഴ്സ് പ്രതിനിധി രേഖ പ്രദീപ്, യൂത്ത് അഫയേഴ്സ് പ്രതിനിധി ശ്രീകുമാർ കെ എസ് എന്നിവർ സന്നിഹിതരായി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.സംഘടനാമികവും ഉയർന്ന മത്സര നിലവാരവും കൈകോർത്ത ഈ ചെസ് ടൂർണമെന്റ്, KANJ ന്റെ കായിക -ബൗദ്ധിക പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകുന്നതായിപൊതുവെ വിലയിരുത്തപ്പെട്ടു.

കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി (KANJ) എല്ലാ വർഷവും നടത്തിവരുന്ന അനേകം കലാകായിക മത്സരങ്ങളിൽ ഒന്നായ ചെസ്സ് ടൂർണമെന്റ് സമൂഹത്തിലെ മികച്ച പ്രതിഭകളെ മുൻനിരയിലേക്ക് കൈപിടിച്ച് നടത്തുന്നതിന് സഹായിക്കുന്നുവെന്ന് പ്രസിഡന്റ് വിജയ് നമ്പ്യാർ, സെക്രട്ടറി ജോർജി സാമുവൽ, ട്രഷറർ ഖുർഷിദ് ബഷീർ എന്നിവർ അഭിപ്രായപ്പെട്ടു,

ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന ഫണ്ട് റൈസിംഗ് ഇവന്റായ മസാല കോഫി എന്ന മ്യൂസിക് ഫെസ്റ്റിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നതായും സംഘാടകർ അറിയിച്ചു, സംഘടനയുടെ മികച്ച പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിലേക്കായി നടത്തപ്പെടുന്ന ഈ പരിപാടിയുടെ വിജയത്തിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി കമ്മറ്റി അറിയിച്ചു. പ്രവേശന ടിക്കറ്റുകൾക്ക് www.kanj.org സന്ദർശിക്കുക.




വാർത്ത - കാൻജ് മീഡിയ ആൻഡ് കമ്മ്യുണിക്കേഷൻസ്.


Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# കേരളത്തെ അപമാനിക്കുന്ന 'ദി കേരള സ്റ്റോറി 2' സിനിമയ്ക്ക് റിലീസിങ് വിലക്ക്; പണികിട്ടി നിർമാതാക്കൾ




എ.എസ് ശ്രീകുമാർ

ഏറെ വിവാദമുണ്ടാക്കിയ 2023-ലെ 'ദികേരളസ്റ്റോറി'ക്ക് പിന്നാലെ 'കേരള സ്റ്റോറി 2 ഗോസ് ബിയോണ്ട്' എന്ന ചിത്രത്തിന്റെ റിലീസ് തൽക്കാലത്തേക്ക് തടഞ്ഞിരിക്കുകയാണ് ഹൈക്കോടതി. നാളെ, ഫെബ്രുവരി 27-ന് ചിത്രം തിയേറ്ററുകളിൽ എത്താനിരിക്കെയാണ് ജസ്റ്റിസ് ബച്ചു കുര്യൻ തോമസിന്റെ നിർണ്ണായക ഉത്തരവ്. സിനിമയുടെ ഉള്ളടക്കത്തിലും ടൈറ്റിലിലും വാസ്തവ വിരുദ്ധമായ കാര്യങ്ങൾ ഉണ്ടെന്ന ഹർജിക്കാരുടെ വാദം പരിഗണിച്ചാണ് കോടതി നടപടി. ചിത്രത്തിന്റെ റിലീസ് പാടില്ലെന്നും അവകാശം കൈമാററുതെന്നും നിർമാതാക്കളോട് കേരള ഹൈക്കോടതി കഴിഞ്ഞ ദിവസം നിർദേശിച്ചിരുന്നു. ഇതിനിടെ ചിത്രത്തിൽ കാണിക്കുന്നതെല്ലാം സത്യമാണെന്ന കേന്ദ്രമന്ത്രി ഗിരിരാജ് സിങ്ങിന്റെ പതികരണം വലിയ വിമർശനത്തിനിടയാക്കി.

വിദേശങ്ങളിൽ സ്വാധീനശക്തിയായ മലയാളികളെ മോശമാക്കാനുള്ള പൊളിറ്റിക്കൽ പ്രൊജക്ട് കൂടിയാണ് കേരളാ സ്റ്റോറി 2 എന്ന് ഹർജിക്കാരിൽ ഒരാളായ ഫ്രെഡ്ഡി വി ഫ്രാൻസിസ് ആരോപിച്ചു. കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് സ്വദേശിയായ ശ്രീദേവ് നമ്പൂതിരി മറ്റൊരു ഹരജിക്കാരനാണ്. സിനിമയുടെ ഉള്ളടക്കം പരിശോധിക്കാനും ഹർജിക്കാരുടെ പരാതികൾ കേൾക്കാനും സെൻസർ ബോർഡിനോട് കോടതി നിർദ്ദേശിച്ചു. ഇതിനായി രണ്ടാഴ്ചത്തെ സമയം അനുവദിച്ചിട്ടുണ്ട്. സിനിമയുടെ സർട്ടിഫിക്കേഷൻ റദ്ദാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജികളിലാണ് കോടതി ഈ നടപടിയെടുത്തത്. യഥാർഥ സംഭവങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടെന്ന നിർമാതാക്കളുടെ വാദം കേരളത്തിന്റെ മതേതര പ്രതിച്ഛായയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിക്കണമെന്ന് കോടതി നിർദേശിച്ചു.

കേരള സ്റ്റോറി 2-ലെ ടീസർ പുറത്തിറങ്ങിയതോടെയാണ്

വിവവാദവും കത്തിക്കയറിയത്. ആദ്യ ചിത്രത്തിലേതുപാലെ തന്നെ വിദ്വേഷവും പ്രൊപ്പഗാണ്ടയുമാണ് രണ്ടാമത്തെ ചിത്രത്തെയും വിവാദമാക്കുന്നത്. കേരളത്തെ ഇകഴ്ത്തിക്കാണിക്കാൻ വേണ്ടി നിർബന്ധിത മതപരിവർത്തനം അടക്കമുള്ള ആരോപണങ്ങളാണ് സംസ്ഥാനത്തിനെതിരെ സിനിമ ഉന്നയിക്കുന്നത്. മതപരിവർത്തനം സംബന്ധിച്ച സിനിമയിലെ ആരോപണങ്ങൾ തെളിയിക്കാൻ സിനിമാ നിർമാതാക്കൾ 'ഇരകളെ' അവതരിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇക്കൂട്ടത്തിൽ എല്ലാവരും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള വരാണെന്ന ആരോപണവും ഉയർന്നു. ചിത്രത്തിൽ കേരളത്തിൽ നിന്നുമുള്ള ഹിന്ദു പെൺകുട്ടിയെ നിർബന്ധിച്ച് ബീഫ് കഴിപ്പിക്കുന്ന രംഗവുമുണ്ട്.




മലയാളിയുടെ ഖ്യാതിയെ ബാധിക്കുന്നതാണ് സിനിമയെന്നും ഇക്കാരണത്താലാണ് തങ്ങൾ പരാതിയുമായി വന്നതെന്ന് ഹരജിക്കാർ വാദിച്ചു. കേരളത്തെ കളങ്കപ്പെടുത്താൻ ഉള്ളതാണ് ഈ സിമയെന്നും ക്രമസമാധാന പ്രശ്നത്തിന് കാരണമാകുമെന്നുമാണ് ഹർജിക്കാരുടെ വാദം. കേരളത്തിൽ വർഗ്ഗീയത വ്യാപകമാണെന്നും, മത പരിവർത്തനം ധാരാളമായി നടക്കുന്നുവെന്നും തെറ്റിദ്ധരിപ്പിക്കുകയാണ് സിനിമയിലൂടെ ചെയ്യുന്നതെന്നും വാദമുണ്ട്. കേരളാ സ്റ്റോറി എന്ന പേരിൽ ലോകമെങ്ങും ഈ ചിത്രം പ്രദർശിപ്പിക്കുന്നതിനെതിരെ ഇൻഫ്ളുവൻസർമാരും രംഗത്തെത്തിയിട്ടുണ്ട്.

സുദീപ്തോ സെൻ രചനയും സംവിധാനവും നിർവ്വഹിച്ച് 2023 മെയ് 5-ന് റിലീസ് ചെയ്ത 'ദി കേരള സ്റ്റോറി' വലിയ വിവാദങ്ങൾക്കും നിയമ പോരാട്ടങ്ങൾക്കും സാക്ഷ്യം വഹിച്ചിരുന്നു. കേരളത്തെ മോശമായി ചിത്രീകരിക്കുന്ന ഒരു പ്രൊപ്പഗണ്ട ചിത്രമാണെന്ന് ആരോപണവും ഉയർന്നിരുന്നു. എന്നാൽ സിനിമയ്ക്ക് രണ്ട് ദേശീയ ചലച്ചിത്ര അവാർഡുകൾ ലഭിച്ചുവെന്നതാണ് പ്രതിഷേധത്തെ വീണ്ടും ശക്തിപ്പെടുത്തിയത്.

കേരളത്തിൽ നിന്ന് കാണാതായ സ്ത്രീകളെ മതപരിവർത്തനം നടത്തി രാജ്യത്തിനകത്തും പുറത്തും ഭീകര പ്രവർത്തനത്തിന് ഉപയോഗിക്കുന്നതാണ് ദി കേരളാ സ്റ്റോറിയുടെ പ്രമേയം. 32,000 സ്ത്രീകൾ ഐ.എസ്.എസിൽ ചേർന്നു എന്നായിരുന്നു സിനിമയുടെ ടീസറിൽ കാണിച്ചിരുന്നത്. വ്യാപകമായ എതിർപ്പ് വന്നതോടുകൂടി 32,000 എന്ന് പറഞ്ഞത് വെറും മൂന്ന് പേർ ആണെന്ന് തിരുത്തേണ്ടി വന്നു. എന്നാൽ ചിത്രം ആഗോള ബോക്സ് ഓഫിസിൽ 300 കോടി രൂപയ്ക്ക് മുകളിൽ വരുമാനം നേടിയിരുന്നു.

കേരളത്തിലും തമിഴ്നാട്ടിലുമൊക്കെ കടുത്ത വിമർശനമാണ സിനിമയ്ക്കതിരെ ഉയർന്നത്. കേരളം, തമിഴ് നാട്, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ചിത്രത്തിന് കാര്യമായ സ്വീകാര്യത ലഭിച്ചില്ല. ചിത്രം പ്രദർശപ്പിക്കുന്നതിൽ നിന്ന് തിയേറ്റർ ഉടമകളും വിട്ടു നിൽക്കുകയുണ്ടായി. അതിന്റെ രണ്ടാം ഭാഗമായി എത്തുന്ന ഈ ചിത്രത്തിനെതിരെയും വ്യാപകമായ പ്രതിഷേധമാണ് വിവിധ





സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ഉയരുന്നത്. സിനിമ കേരളത്തെ മോശമായി ചിത്രീകരിക്കുന്നുവെന്നും സാമൂഹിക ഐക്യം തകർക്കാൻ ശ്രമിക്കുന്നുവെന്നുമാണ് പ്രധാന ആരോപണം. പ്രണയത്തിന്റെ പേരിൽ ഹിന്ദു സ്ത്രീകൾ ഇസ്ലാം മതവിശ്വാസികളായ പുരുഷന്മാരുടെ കെണിയിൽ അകപ്പെടുന്നത് എങ്ങനെയെന്ന് ടീസറിൽ കാണിക്കുന്നുണ്ട്. അമർനാഥ് ത്സായും വിപുൽ അമൃത്‌ലാൽ ഷായും ചേർന്നാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്. ദേശീയ അവാർഡ് ജേതാവായ കാമാഖ്യ നാരായൺ സിംഗാണ് സംവിധാനം.

സിനിമയ്ക്കെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ ശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചത്. ഇത് സംസ്ഥാനത്തിനുള്ളിൽ 'വർഗീയ ഭിന്നത' ഉണർത്താനുള്ള മറ്റൊരു ശ്രമമാകുമെന്നും അദ്ദേഹം പറഞ്ഞു. ''നമ്മുടെ നാടിന്റെ ശാന്തിയിലും സമാധാനത്തിലും വിഷം കലക്കാൻ ശ്രമിക്കുന്ന ഈ ശക്തികളാണ് നമ്മുടെ നാടിന്റെ ശത്രുക്കൾ. 'ബീഫ്' എന്ന പേരിട്ടത് കൊണ്ട് ചലച്ചിത്രമേളയിലെ ഒരു ചിത്രത്തിന് പ്രദർശനാനുമതി പോലും നിഷേധിച്ച കാലത്ത് സമൂഹത്തിൽ ഭിന്നതയും വിദ്വേഷവും പടർത്തുക എന്ന ലക്ഷ്യത്തിൽ ഉൽപ്പാദിപ്പിക്കുന്ന വിഷസൃഷ്ടികൾക്ക് എങ്ങനെയാണ് പ്രദർശന അനുമതി ലഭിക്കുന്നത് എന്നത് ആശ്ചര്യകരമാണ്. കേരളത്തിനെതിരെ വിദ്വേഷം വിതയ്ക്കാനും നമ്മുടെ മതനിരപേക്ഷ പാരമ്പര്യത്തെ അവഹേളിക്കാനും ലക്ഷ്യമിട്ട് നിർമ്മിക്കപ്പെട്ട സിനിമയാണിത്...'' പിണറായി വിജയൻ അഭിപ്രായപ്പെട്ടു.


സിനിമയുടെ റിലീസ് തടയണമെന്നും സെൻസർ ബോർഡ് സർട്ടിഫിക്കറ്റ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് മൂന്ന് ഹർജികളാണ് കോടതി പരിഗണിച്ചത്. 'യഥാർത്ഥ സംഭവങ്ങളെ ആസ്പദമാക്കി' നിർമിച്ചതെന്ന് അവകാശപ്പെടുന്ന ചിത്രത്തിന് കേരളവുമായി നേരിട്ട് ബന്ധമില്ലാത്ത കഥയായിട്ടും 'കേരള' എന്ന പേര് ഉപയോഗിക്കുന്നത് സംസ്ഥാനത്തെ അപകീർത്തിപ്പെടുത്താനാണെന്ന് ഹർജിക്കാർ വാദിച്ചു. ചിത്രത്തിൽ കാണിക്കുന്ന ഇരകൾ കേരളത്തിൽ നിന്നുള്ളവരല്ലെന്നും അവർ ചൂണ്ടിക്കാട്ടി. മതപരിവർത്തനം, നിർബന്ധിത മതമാറ്റം തുടങ്ങിയ പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്ന 'ദി കേരള സ്റ്റോറി 2' കേരളം, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിലായാണ് ചിത്രീകരിച്ചിരിക്കുന്നത്.

എന്നാൽ, റിലീസിന് തൊട്ടുമുമ്പുള്ള സ്റ്റേ ഉത്തരവ് സിനിമയുടെ നിർമ്മാതാക്കൾക്ക് വലിയ തിരിച്ചടിയാണ് നൽകിയിരിക്കുന്നത്. വൻ തുക മുടക്കി പ്രചാരണം നടത്തിവന്ന ചിത്രത്തിന്റെ പ്രദർശനം ഇതോടെ അനിശ്ചിതത്വത്തിലായി. കേസ് വീണ്ടും പരിഗണിക്കുന്നത് വരെ റിലീസ് നീണ്ടുപോകും.

ചിത്രത്തിലെ വിവാദ ഭാഗങ്ങൾ നീക്കം ചെയ്യണമോ അതോ പ്രദർശനാനുമതി പൂർണ്ണമായും നിഷേധിക്കണമോ എന്ന കാര്യത്തിൽ വരും ദിവസങ്ങളിൽ കൂടുതൽ വ്യക്തതയുണ്ടാകും.

നിലവിൽ കോടതി ഏർപ്പെടുത്തിയിരിക്കുന്ന ഈ താൽക്കാലിക വിലക്ക് കേരളത്തിലെ രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ വർഗീയ കളറുള്ള ചർച്ചകൾക്ക് വഴിമരുന്നിട്ടിരിക്കുകയാണ്.


SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
INFINITI
Jeep
KIA
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994



# പ്രഥമോദബിന്ദു

**നമുക്ക് ചുറ്റും – 13**

**സുധീർ പണിക്കവീട്ടിൽ**

നമുക്ക് ചുറ്റും ഇപ്പോൾ ഹിമശൈലങ്ങളാണ്. അമേരിക്കയിലെ മഞ്ഞുകാലം. ഹിമശൈലങ്ങൾ ഇങ്ങനെ ശുഭ്രനീരാളം ചുറ്റി നിൽക്കുമ്പോൾ ഓർമ്മയിലേക്കോടി വരുന്നു അവർ, 'പ്രഥമോദബിന്ദു' എന്ന പേരിൽ വിളിക്കപ്പെടുന്നവൾ. പ്രണയിനിയാണ്, സ്നേഹമയിയാണ്. എന്നൊക്കെ ആ വാക്കുകളുടെ പുണ്യമായ അർത്ഥത്തിൽ വിശേഷിപ്പിക്കാം. കാമസർപ്പങ്ങൾ ഇഴയാത്ത കാവിൽ ഒരു ദേവിയായി നിൽക്കുന്നവൾ.'അമ്പത് സംവത്സരങ്ങൾ കഴിഞ്ഞിട്ടും കൗമാരം കൈവിടാത്തവൾ. അവൾ പഴയകാല ഗ്രാമത്തിന്റെ വിശുദ്ധിപ്പേറി നിൽക്കുന്ന ദേവസുന്ദരി. അവൾ വിളിച്ചു. എന്നത്തേയുംപോലെ അവർ മൂളി: ഹിമശൈലസൈകത ഭൂമിയിൽ നിന്നു നീ, പ്രണയപ്രവാഹമായ് വന്നു, അതിഗൂഢസുസ്മിതമുള്ളിലൊതുക്കുന്ന പ്രഥമോദബിന്ദുവായ് തീർന്നു.' വർഷങ്ങൾക്ക് മുമ്പ് ആ പാട്ടിന്റെ അർഥം ചോദിച്ചുവന്നവൾ ദർഭമുന കാലിൽ കൊണ്ടപോലെ നിന്നു. തിരിഞ്ഞുനടന്നെങ്കിലും വീണ്ടും വന്നു. ഇപ്പോഴും വരുന്നു. അതുകൊണ്ടവരെ പ്രഥമോദബിന്ദു എന്നു വിളിച്ചു.

സംസ്കൃതകാവ്യങ്ങളെപ്പറ്റി ചോദിച്ചു. കാളിദാസന്റെ കൃതികളിലൂടെ ഒരു ഓട്ടപ്രദക്ഷിണം വച്ചു. ആംഗലസാഹിത്യത്തിലെ സുന്ദരിമാരെ അന്വേഷിച്ചു. പിന്നെ കുസൃതി ചോദ്യം ചോദിച്ചു. ഭാര്യയുള്ള ഒരാൾ വിവാഹിതയായ ഒരു സ്ത്രീയെ പ്രണയിക്കുന്നത് അവിഹിതമല്ലേ? ശരിക്കും ഒരു കൗമാരകാരിയെപോലെ അവർ അടക്കിചിരിച്ചു. പിന്നെ മറുപടിക്കായി കാതോർത്തു. എനിക്ക് മറുപടിയുണ്ടായിരുന്നു. ഇയാൾക്കും പ്രണയമുണ്ടല്ലോ? അപ്പോൾ നമ്മൾ കുറ്റകൃത്യത്തിൽ പങ്കാളികളാണ്. ഇതിനെ അവിഹിതം എന്ന് പറയാൻ പറ്റുകയില്ല. ഇതിനെയാണ് ശൊശഹമൃശ്യേമദ്യേമര ശേീലള്ളലരേ. എന്ന് പറയുന്നത്. ചിന്താഗതിയിലെ സാമ്യത്തിൽ നിന്നും ഉണ്ടാകുന്ന ആകർഷണം, താത്പര്യം എന്നിവ. സമാനമായ വ്യക്തിത്തമുള്ളവരുമായി ഇടപഴകുന്നത് സുരക്ഷിതമാണെന്ന് ആണും പെണ്ണും വിശ്വസിക്കുന്നു. ഇതിനെ അവിഹിതം എന്ന് പറയാമോ എന്നറിയില്ല. ആശാന്റെ ഭാഷയിൽ മാംസനിബദ്ധമല്ലാത്ത പ്രണയം.

അവിഹിതങ്ങളുടെ ബഹുമുഖങ്ങൾ അവരെ കാണിച്ചപ്പോൾ അവർക്ക് അത്ഭുതം. മനുഷ്യർ എത്ര നിസ്സാരരാണ്. മനുഷ്യർക്ക് അറിയുന്ന ഒന്നാണ് ''എല്ലാം'' എന്ന് അവർ ധരിക്കുന്നു. ജീവിതം വൈവിധ്യങ്ങളുടെ ഒരു അരങ്ങാണ് എന്നവരെ ബോധിപ്പിച്ചു. അവിഹിതം

എന്നാൽ നിയമപ്രകാരമല്ലാത്തത് എന്നെ അർത്ഥമുള്ളൂ.വിവാഹേതര ബന്ധങ്ങളെ സൂചിപ്പിക്കാൻ ഈ വാക്ക് ഉപയോഗിക്കുന്നു. പക്ഷെ ചില അവിഹിതങ്ങൾ പവിത്രമാണ്. നമ്മൾ ആ വിഭാഗത്തിൽ പെടുന്നു. ഈ പ്രണയങ്ങൾ നില നിൽക്കുന്നത് ഓരോരുത്തരുടെ അഭിരുചിയിൽ ആണ്. അതുകൊണ്ട് വിവാഹം പോലെ ഇത്തരം ബന്ധങ്ങൾ ഒരാളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഒന്നിൽ കൂടുതൽ പ്രണയങ്ങൾ അതുകൊണ്ടുണ്ടാകുന്നു.

ഓരോ ഹൃദയത്തിലും ഏതു നേരത്തും ഒരു കൗതുകം മുളയ്ക്കുന്നു. കലാകാരന്മാരുടെ മനസ്സിൽ കാമുകിമാർക്ക് മരണമില്ല. അയാൾ യഥാസമയം വിവാഹിതനാകുന്നു. അത് പുരുഷാർത്ഥത്തിലെ ഒരു ചുമതല. ഒരു യഥാർത്ഥ കലാകാരൻ പക്ഷെ കാമുകിയെ തേടിക്കൊണ്ടിരിക്കും.പി ഭാസ്കരൻ മാഷിന്റെ കവിത :

അനാദികാലം മുതലേ ഈ

അജ്ഞാത കാമുകനകലേ

ഏകാന്തതയുടെ മൌനഗാനമായ്

ഏതോ കാമുകിയെ കാത്തിരിപ്പൂ

കാത്തിരിപ്പു തുടർന്നുകൊണ്ടിരിക്കുന്നതിനിടയിൽ അയാൾ ഇഹലോകവാസം വെടിയുന്നു. അയാൾ കുത്തിക്കുറിച്ച വരികൾ പ്രണയന്വേഷണത്തിന്റെ സ്മാരകമുദ്രകൾ ആകുന്നു. അവർ വീണ്ടും ചോദിച്ചു. എന്നെ കണ്ടുമുട്ടിയപ്പോൾ അന്വേഷണം നിന്നില്ലേ? ഒരേ അഭിരുചിയുള്ളവരെ കണ്ടുമുട്ടികൊണ്ടിരിക്കുമല്ലോ. അപ്പോൾ അന്വേഷണം നിൽക്കുന്നതെങ്ങനെ?

അവർ ഒരു പ്രഥമോദബിന്ദു ആയി വന്നതായിരുന്നു. കാളിദാസന്റെ കുമാരസംഭവത്തിൽ പാർവതി ദേവിയുടെ ശരീരത്തിലൂടെ ഒലിച്ചിറങ്ങിയ ആദ്യത്തെ മഴത്തുള്ളിയെയാണ് കാളിദാസൻ പ്രഥമോദബിന്ദു എന്ന് വിശേഷിപ്പിച്ചത്. പ്രഥമ: ആദ്യത്തെ. ഉദബിന്ദു: മഴത്തുള്ളി. എ.ആർ. രാജരാജവർമ്മ 'നവീനവർഷബിന്ദു' എന്നാണു പരിഭാഷപ്പെടുത്തിയത്. കാളിദാസന്റെ വർണ്ണന എ.ആർ രാജരാജവർമ്മ ഇങ്ങനെ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

('ക്ഷണമിമകളിൽ നിന്നു; തല്ലി ചുണ്ടിൽ;

കുളുർമുലമേലഥ വീണുടൻ തകർന്നൂ;

വലികളിലിടറി;ച്ചിരേണ നാഭി-

ച്ചുഴിയിലലിഞ്ഞു നവീനവർഷബിന്ദു!')

കാളിദാസൻ പക്ഷെ കുമാരസംഭവം മുഴുവനാക്കിയില്ല. അതിന്റെ എട്ടാം സർഗ്ഗത്തിൽ പാർവതി പരമേശ്വരന്മാരുടെ കാമലീലകൾ മറവില്ലാതെ എഴുതിയതിനു പാർവതി ദേവി കാളിദാസനെ ശപിച്ചുവത്രെ. എ ആർ രാജർജവർമ്മയും രതിയുടെ അതിപ്രസരം നിമിത്തം എട്ടാം സർഗ്ഗം പരിഭാഷ ചെയ്തില്ല.

സിനിമക്ക് വേണ്ടി ഇതിനെ പാട്ടാക്കിയ കവി 'അതിഗൂഢസുസ്മിത' എന്ന് പ്രയോഗിച്ചിട്ടുണ്ട്. ഒരു പക്ഷെ കൺപീലികളിൽ തട്ടി താഴേക്ക് നാഭി ചുഴി വരെ വന്ന മഴത്തുള്ളി പാർവതി ദേവിയുടെ നഗ്നത കണ്ടതു ഓർത്തു ചിരിക്കുന്നതിനെയാകാം വളരെ രഹസ്യമായ ഒരു. ചിരി ഉള്ളിൽ ഒതുക്കുന്ന മഴത്തുള്ളി എന്ന് കവി സൂചിപ്പിച്ചത്. പാട്ടിന്റെ വിവരണം കഴിഞ്ഞപ്പോൾ അവർ പറഞ്ഞു. എന്നിൽ ഒരു ഉന്മാദം നിറയുന്നു. എനിക്ക് അത് വീണ്ടും കേൾക്കണം. അതുകൊണ്ട് അവരെ പ്രഥമോദബിന്ദു എന്ന് വിളിച്ചു.

കഥകളുടെയും കവിതകളുടെയും ലോകത്തേക്ക് പ്രകൃതി എപ്പോഴും കടന്നുവരുന്നു. മഞ്ഞുവീഴ്ചക്കു മുന്നേ വീടിനു പുറകിലെ വെട്ടി വെടിപ്പാക്കിയ പുല്ലിൽ ഓടിക്കളിക്കുന്ന അണ്ണാറക്കണ്ണന്മാർ, ഇരതേടുന്ന കുഞ്ഞിക്കിളികൾ കാറ്റിന്റെ ആലിംഗനത്തിൽ പൂക്കൾ കൊഴിക്കുന്ന മരങ്ങൾ എല്ലാമുണ്ടായിരുന്നു. ഇപ്പോൾ അവിടെ ഘനീഭവിച്ച ശൂന്യത. വേനൽ മാസങ്ങളിൽ കിളികളും, പൂക്കളും, അണ്ണാറക്കണ്ണന്മാരും നൽകിയ കമനീയ കാഴ്ചകൾ ഒരു എഴുത്തുകാരനുമായി പങ്കു വച്ചപ്പോൾ അദ്ദേഹം പറഞ്ഞു. പൊന്നു സുധീറേ ഞാൻ രാവിലെ പതിനൊന്നു ഗുളികകൾ വിഴുങ്ങി ഇരിക്കയാണ്. എനിക്ക് ഇതൊന്നും ആസ്വദിക്കാനുള്ള മാനസികാവസ്ഥ ഇല്ല. അദ്ദേഹത്തോട് ക്ഷമ പറഞ്ഞു ഫോൺ വെച്ചപ്പോഴാണ് ഓർത്തത് ഒരേ കാഴ്ച പലേ കണ്ണുകൾ. കണ്ണുകൾ കാണാൻ ആഗ്രഹിക്കുന്നത് മനസ്സ് പറയുന്നപോലെ മാത്രം. പുതിയ തലമുറക്കാരുടെ ഭാഷയിൽ എനിക്കനുഭവപ്പെട്ടത് vibe ആണ്. പുതിയതലമുറ ഉപയോഗിക്കുന്ന രണ്ടു വാക്കുകളാണ് vibe Dw (viral) വൈറലും. നാം ഒരു കാര്യം ആസ്വദിച്ച് ചെയ്യുമ്പോഴും മനസ്സുകൊണ്ട് അതിനോട് ചേർന്നുനിൽക്കുമ്പോഴും നമുക്കുണ്ടാകുന്ന സുഖവും സന്തോഷവുമാണ് വൈബ് എന്ന് കുട്ടികൾ വിശേഷിപ്പിക്കുന്നത്. വൈറൽ എന്ന പദമുണ്ടായത് വൈറസ് എന്ന വാക്കിൽ നിന്നത്രേ.

നാട്ടിൽ നിന്നും ഒരു ചങ്ങാതി വിളിച്ച് ചോദിച്ചു ഞങ്ങളുടെ ഒരു മാസികയിലേക്ക് എന്തെങ്കിലും സാഹിത്യരചനകൾ അയക്കാമോ? ഒരു കവിതയോ കഥയോ തരാം. ചങ്ങാതി ഒരു നിബന്ധന വച്ചു. പക്ഷെ വായിച്ചാൽ ആർക്കും മനസ്സിലാകരുത്. ഇപ്പോൾ അതാണൊരു ട്രെൻഡ്. വായിച്ച് മനസ്സിലാകാതെ വായനക്കാരൻ എത്രക്ക് വിയർക്കുന്നുവോ അത്രയും കൃതി മാനിക്കപ്പെടും. പിന്നെ അയാൾ കൂട്ടിച്ചേർത്തു എഴുതുന്നവനും മനസ്സിലാകണമെന്നില്ല. ഞാൻ എനിക്ക് മനസ്സിലാകുന്നതും വായനക്കാരന് മനസ്സിലാകുന്നതും മാത്രമേ എഴുതുകയുള്ളു. അയാൾ വ്യസനം പ്രകടിപ്പിച്ച് ഫോൺ കട്ട് ചെയ്തു. എഴുത്തും വായനയും പോയ ഒരു പോക്ക്. പഴമക്കാരുടെ ഭാഷയിൽ അവിടെ പുല്ലു പോലും മുളയ്ക്കില്ല. (തുടരും)

ശുഭം


Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# ഡോ. ആനി പോളിന്റെ നേതൃത്വത്തിൽ ഹാർട്ട് ഹെൽത്ത് വാക്ക്




ന്യൂയോർക്ക്: റോക്ക്‌ലാൻഡ് പാലിസേഡ്‌സ് മാളിൽ ഹോണറബിൾ ഡോ. ആനി പോളിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 21-ന്, പല വർഷങ്ങളായി നടത്തിവരുന്ന വാർഷിക ഹാർട്ട് ഹെൽത്ത് വാക്ക് വിജയകരമായി സംഘടിപ്പിച്ചു. ഹൃദയാരോഗ്യ ബോധവൽക്കരണവും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹനവും ലക്ഷ്യമാക്കി നടത്തിയ ഈ പരിപാടിയിൽ സമൂഹത്തിലെ വിവിധ സംഘടനകളുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായി.

ICHAA Club അംഗങ്ങൾ, NINPAA അംഗങ്ങൾ, HVMA അംഗങ്ങൾ, RISE Club അംഗങ്ങൾ എന്നിവരും മറ്റ് സമൂഹാംഗങ്ങളും പങ്കെടുത്തു . FOKANA നേതാവ് ഫിലിപ്പോസ് ഫിലിപ്പ്, ICHAA ക്ലബ് സെക്രട്ടറി മാണി ജോർജ്, NINPAA പ്രസിഡന്റ് സാറാ അമ്പാട്ട് എന്നിവർ ഡോ. ആനി പോളിനെ പ്രത്യേകമായി അഭിനന്ദിക്കുകയും സമൂഹാരോഗ്യത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തു.

''നടത്തവും മിതമായ ശാരീരിക പ്രവർത്തനവും കൊറോണറി ഹൃദ്രോഗ സാധ്യത കുറയ്ക്കാനും, രക്തസമ്മർദ്ദവും രക്തത്തിലെ പഞ്ചസാരയുടെ അളവും മെച്ചപ്പെടുത്താനും, ശരീരഭാരം നിയന്ത്രിക്കാനും, ടൈപ്പ് 2 പ്രമേഹ സാധ്യത കുറയ്ക്കാനും സഹായിക്കുന്നതായി ഗവേഷണങ്ങൾ കാണിക്കുന്നു,'' ഡോ. ആനി പോൾ പറഞ്ഞു. ''ആരോഗ്യമുള്ള ഹൃദയം ആരോഗ്യമാർന്ന സമൂഹം'' എന്ന സന്ദേശവുമായി നടന്ന ഈ വാക്ക് നിത്യവ്യായാമത്തിന്റെയും ഹൃദ്രോഗ പ്രതിരോധത്തിന്റെയും പ്രാധാന്യങ്ങൾ മനസിലാക്കാൻ സഹായിച്ചു.

അജി കളീക്കൽ, ലോഗൻ സാസെ എന്നിവർ പരിപാടിയുടെ ഫോട്ടോഗ്രാഫർമാരായിരുന്നു. പരിപാടി വിജയകരമാക്കാൻ സഹകരിച്ച എല്ലാ പങ്കാളികൾക്കും ഡോ. ആനി പോൾ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.








cookies


Love.

# വീണാ ജോർജിനെതിരായ ആക്രമണം അതിരുകടന്നു; പ്രതിഷേധം പ്രചാരണ ആയുധമാക്കി സി.പി.എം




എ.എസ് ശ്രീകുമാർ

ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജിന് നേരെ കണ്ണൂരിൽ നടന്ന ആക്രമണം സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ ഭാഷയിൽ, കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഇന്നേവരെ കേട്ടുകേൾവിയില്ലാത്ത വിധം ക്രൂരവും ആസൂത്രിതവുമാണ്. ഒരു വനിതാ മന്ത്രിക്കു നേരെ ഇത്തരമൊരു ഹീനമായ ആക്രമണം കേരളത്തിൽ ആദ്യമായാണെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം സംസ്ഥാന വ്യാപകമായ പ്രതിഷേധത്തിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. മന്ത്രിക്കെതിരെ കെ.എസ്.യു പ്രവർത്തകർ നടത്തിയ കരിങ്കൊടി കാണിക്കൽ അക്രമത്തിൽ കലാശിച്ചത് അപലപനീയമാണ്. എന്നാൽ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ സി.പി.എം ഇതിനെ പ്രചാരണ ആയുധമാക്കിമാറ്റുകയാണെന്ന് വേണം കരുതാൻ.

അതേസമയം, പ്രവർത്തകർ അക്രമിച്ചുവെന്ന വാദം തള്ളിയ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തിയതിൽനിന്ന് പ്രവർത്തകർ മന്ത്രിയുടെ അടുത്ത് പോലും എത്തിയില്ലെന്നാണ് ബോധ്യമായതെന്നും ഇത് വാർത്താ മാധ്യമങ്ങളിൽ പ്രചരിക്കുന്ന ദൃശ്യത്തിൽ വ്യക്തമാണെന്നും പറഞ്ഞു. മൂന്നോ നാലോ കെ.എസ്.യു പ്രവർത്തകർ മാത്രമായിരുന്നു പ്രതിഷേധത്തിനെത്തിയത്. 35-ഓളം പോലീസുകാർ ഉണ്ടായിരുന്നു. മന്ത്രിയാണ് ആക്രോശിച്ച് പ്രവർത്തകരുടെ നേരെ എത്തിയത്. അതിന്റെ ദൃശ്യങ്ങളാണ് പുറത്തുവന്നത്. വിഷയം പാർട്ടി കൃത്യമായി പരിശോധിക്കുമെന്നും കെ.എസ്.യു. പ്രവർത്തകരുടെ ഭാഗത്ത് നിന്ന് ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ആക്രമണം കോൺഗ്രസിന്റെ ഹീന രാഷ്ട്രീയത്തെയാണ് വ്യക്തമാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ഉണ്ടായത് ഏതെങ്കിലും പ്രതിഷേധ പ്രകടനം അല്ല, ഒരുകൂട്ടം അക്രമികളുടെ വിളയാട്ടമാണ്. റെയിൽവേ പ്ലാറ്റ്ഫോമിലേക്ക് നടക്കുമ്പോഴാണ് മന്ത്രി ആക്രമിക്കപ്പെട്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും മികച്ച ആരോഗ്യമേഖലയാണ് കേരളത്തിലേത്. അത് എല്ലാ ഔദ്യോഗിക ഏജൻസികളും അംഗീകരിച്ചതും ആണ്. എന്നിട്ടും ചില സംഭവങ്ങൾ പർവതീകരിച്ച് അതിൽ ഒരുതരത്തിലും ഉൾപ്പെട്ടിട്ടില്ലാത്ത മന്ത്രിക്കെതിരെ ആക്രമണം നടത്തുന്നതിനെ രാഷ്ട്രീയമായിട്ടല്ല, രാഷ്ട്രീയ ആഭാസം ആയിട്ടാണ് കാണാൻ കഴിയുക.

‘‘ഇത് സ്ത്രീകൾക്കെതിരായ ആക്രമണം ആണ്. ആരോഗ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് അതിക്രമിച്ചു കയറാനും റീത്ത് വെക്കാനും യൂത്ത് കോൺഗ്രസു

കാരെ ഇറക്കിവിട്ടത് കോൺഗ്രസ് നേതൃത്വമാണ്. നിരന്തരം നുണയും വെറുപ്പും പ്രചരിപ്പിച്ച് അണികളെ അക്രമോത്സുകരാക്കുന്ന കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയത്തിന്റെ ശൈലിയാണ് ഇതിനു പിന്നിൽ. തീർത്തും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് രാഷ്ട്രീയത്തെ മലീമസമാക്കുന്ന അവരുടെ ശൈലിയുടെ പ്രതിഫലനമാണ് കെ.എസ്.യു ആക്രമികളിലൂടെ പുറത്തുവന്നത്.ഇത് അത്യന്തം അപലപനീയവും പ്രതിഷേധാർഹവുമാണ്...'' മുഖ്യമന്ത്രി വിമർശിച്ചു.

പരിക്കേറ്റ മന്ത്രിയെ മുഖ്യമന്ത്രി ആശുപത്രിയിലെത്തി സന്ദർശിക്കുകയും ചെയ്തു. കഴുത്തിനും കൈക്കും പരിക്കേറ്റ മന്ത്രി നിലവിൽ കണ്ണൂർ ജില്ലാ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. മന്ത്രിയുടെ കഴുത്തിൽ ബെൽറ്റ് ഇട്ടിട്ടുള്ള ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ആദ്യം അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ച മന്ത്രിയെ പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി ഐ.സി.യുവിലേക്ക് മാറ്റുകയായിരുന്നു. മന്ത്രിക്ക് സംസാരിക്കാൻ പോലും കഴിയാത്ത തരത്തിൽ കഴുത്തിന് കടുത്ത വേദന അനുഭവപ്പെടുന്നതായാണ് വിവരം.

വന്ദേ ഭാരത് എക്സ്പ്രസ്സിൽ തിരുവനന്തപുരത്തേക്ക് മടങ്ങാനായി കണ്ണൂർ റെയിൽവേ സ്റ്റേഷനിലെത്തിയ മന്ത്രിയെ തടഞ്ഞ കെ.എസ്.യു പ്രവർത്തകർ കരിങ്കൊടിയുമായി പ്രതിഷേധിക്കുകയായിരുന്നു. സർക്കാരിന്റെ വിവിധ നയങ്ങൾക്കെതിരെയും സമീപകാലത്തെ ആരോഗ്യവകുപ്പിലെ വീഴ്ചകൾ ആരോപിച്ചുമായിരുന്നു പ്രതിഷേധം. പ്രതിഷേധക്കാർ മന്ത്രിയുടെ വാഹനത്തിന് നേരെയും തടിച്ചുകൂടി. പൊലീസും പ്രതിഷേധക്കാരും തമ്മിലുണ്ടായ ഉന്തും തള്ളും രൂക്ഷമായതോടെയാണ് മന്ത്രിക്ക് പരിക്കേറ്റത്. തിരക്കിനിടയിൽ പെട്ട മന്ത്രിയുടെ കഴുത്തിന് ആഘാതമേൽക്കുകയായിരുന്നു. കൈക്കും പരിക്കുണ്ട്. ഉടൻ തന്നെ ഗൺമാനും പൊലീസും ചേർന്ന് മന്ത്രിയെ സുരക്ഷിതമായി വാഹനത്തിൽ കയറ്റി ആശുപത്രിയിലേക്ക് കൊണ്ടുപോയി. മന്ത്രിയുടെ ആരോഗ്യനില നിലവിൽ തൃപ്തികരമാണെന്നും നിരീക്ഷണത്തിലാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു.

നേരത്തെ, ആലപ്പുഴ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയയ്ക്കിടെ രോഗിയുടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ വീണാ ജോർജിന്റെ ഔദ്യോഗിക വസതിയിലേക്ക് അതിക്രമിച്ചു കയറി വാതിലിൽ റീത്ത് വച്ചിരുന്നു. പോലീസ് കമ്മിഷണറുടെ ഓഫീസിന് തൊട്ടടുത്തുള്ള മന്ത്രിയുടെ വസതിയിലേക്ക് പ്രവർത്തകർ ഗേറ്റ് തള്ളിത്തുറന്ന് അകത്തുകയറുകയായിരുന്നു. പ്രതിഷേധം അപ്രതീക്ഷിതമായിരുന്നതിനാൽ സംഭവസമയത്ത് രണ്ട് പോലീസുകാർ മാത്രമാണ് സുരക്ഷയ്ക്കായി ഉണ്ടായിരുന്നത്. വസതിക്ക് മുന്നിൽ റീത്ത് വെച്ചാണ് പ്രവർത്തകർ പ്രതിഷേധം രേഖപ്പെടുത്തിയത്. ഈ സമയം മന്ത്രിയോ ബന്ധുക്കളോ വീട്ടിലുണ്ടായിരുന്നില്ല.

മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് സമരം ശക്തമാക്കാനാൻ യൂത്ത് കോൺഗ്രസ് തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായാണ് കണ്ണൂരിലെ സംഭവവികാസങ്ങൾ. ആക്രമണത്തിൽ ഭീഷണിയുമായി ഡി.വൈ.എഫ്.ഐ രംഗത്തുവന്നു. യൂത്ത് കോൺഗ്രസ് തീക്കൊള്ളി കൊണ്ട് തല ചൊറിയുകയാണെന്നും ആക്രമണം തുടർന്നാൽ ഒരു കോൺഗ്രസ് നേതാവും റോഡിൽ ഇറങ്ങില്ലെന്നുമാണ് ഡി.വൈ.എഫ്.ഐ സംസ്ഥാന സെക്രട്ടറി വി.കെ സനോജ് പ്രതികരിച്ചത്. കേരളത്തിലുടനീളം പാർട്ടി ശക്തമായ പ്രതിഷധ പരിപാടികൾ സംഘടിപ്പിക്കാനാണ് സി.പി.എമ്മിന്റെ തീരുമാനം. യുവജന മഹിള സംഘടനകളും പ്രതിഷേധവുമായി രംഗത്തിറങ്ങുമെന്നുമാണ് എം.വി ഗോവിന്ദൻ പറഞ്ഞത്. കണ്ണൂരിൽ ഇത്തരത്തിലുള്ള പ്രതിഷേധങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിൽ മന്ത്രിമാരുടെ സുരക്ഷ വർദ്ധിപ്പിക്കാൻ ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.



സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂർ ടൗൺ പൊലീസ് അറസ്റ്റ് ചെയ്ത കെ.എസ്.യു ജില്ലാ പ്രസിഡന്റ് അടക്കം 5 പേരെ റെയിൽവേ പൊലീസിന് കൈമാറും. അതിക്രമം നടന്നത് റെയിൽവേ സ്റ്റേഷൻ അകത്ത് നിന്നായത് കൊണ്ടാണ് ഈ തീരുമാനം. എം.സി അതുൽ, സി എച് മുബാസ്, മുഹമ്മദ് യാസീൻ, അക്ഷയ് മാട്ടൂൽ, ബിഥുൽ എന്നിവരാണ് അറസ്റ്റിലായത്.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഐ കെ സി സി ഓഫ് ഗ്രേറ്റർ ന്യൂ യോർക്ക് സുവർണ ജൂബിലി നിറവിൽ




ന്യൂയോർക്ക് : അമേരിക്കയിലെ ആദ്യത്തെ ക്നാനായ കത്തോലിക്ക സംഘടനയായ ഇന്ത്യൻ ക്നാനായ കാത്തോലിക് അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ന്യൂ യോർക്ക് (IKCC) അതിന്റെ അൻപതാം ജൂബിലി ആഘോഷിക്കുകയാണ്. ഈ വരുന്ന ഏപ്രിൽ പതിനെട്ടു ശനിയാഴ്ച റോക്കലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വച്ചു അൻപതാം വാർഷികം നടത്തപ്പെടുന്നു. തദവസരത്തിൽ അമേരിക്കയിലെ വിവിധ സ്റ്റേറ്റിൽ നിന്നുള്ള KCCNA യുടെ മുൻ പ്രസിഡന്റുമാർ, മറ്റു മുൻ ഭാരവാഹികൾ, നിലവിലെ KCCNA യുടെ ഭാരവാഹികൾ പങ്കെടുക്കുന്നു. പൊതുസമ്മേളനങ്ങൾ, ചർച്ചകൾ, കലാപരിപാടികൾ, മുൻ ഭാരവാഹികളെ ആദരിക്കൽ തുടങ്ങിയവ നടത്തപ്പെടുന്നു. കഴിഞ്ഞ 50 വർഷത്തെ എല്ലാ IKCC പ്രസിഡന്റ്മാരെയും എക്സിക്യൂട്ടീവിനെയും തദവസരത്തിൽ ആദരിക്കുന്നു. പരിപാടികൾക്ക് ഐ കെ സി സി പ്രസിഡന്റ് സ്റ്റീഫൻ കിടാരത്തിൽ, വൈസ് പ്രസിഡന്റ് മിനിമോൾ തയിൽ, സെക്രട്ടറി സാൽബി മാക്കിൽ, ജോയിന്റ് സെക്രട്ടറി സാബു തടിപ്പുഴ, ട്രഷറർ രഞ്ജി മണലേൽ തുടങ്ങിയവർ നേതൃത്വം നൽകുന്നു. മെഗാഷോയും, മെഗാ മാർഗംകളിയും, മെഗാ ചെണ്ടമേളവും, വിമൻസ് ഫോറം, ഗോൾഡൻ ക്ലബ്, കെ സി വൈ എൽ, കിഡ്സ് ക്ലബ് ഒക്കെ അണിയിച്ചൊരുക്കുന്ന വർണാഭമായ കലാപരിപാടികൾ എല്ലാം തന്നെ അണിയറയിൽ ഒരുങ്ങുന്നു. ഈ ഒരു ധന്യ മുഹൂർത്തത്തിലേക്കു നോർത്ത് അമേരിക്കയിലെ എല്ലാ ക്നാനായ മക്കളെയും സാദരം ക്ഷണിക്കുന്നു.


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# മഹാനടനെ വരവേൽക്കാൻ ഹൂസ്റ്റൺ ഒരുങ്ങുന്നു

## കിലുക്കം 25 കിക്ക് ഓഫ് ചടങ്ങുകൾ പ്രൗഢഗംഭീരമായി




ജീമോൻ റാന്നി -
അജു വാരിക്കാട് ടീം

ഹൂസ്റ്റൺ: സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ധനശേഖരണാർത്ഥം 2026 ഏപ്രിൽ 17-ന് സ്മാർട്ട് ഫിനാൻഷ്യൽ സെന്ററിൽ നടത്തുന്ന വിപുലമായ സ്റ്റേജ് ഷോ 'കിലുക്കം 25'-ന്റെ ഔദ്യോഗികമായ കിക്ക് ഓഫ് ചടങ്ങുകൾ പ്രൗഢഗംഭീരമായി നടന്നു.

മലയാളത്തിന്റെ മഹാനടൻ മോഹൻലാലും പ്രശസ്ത സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും അണിനിരക്കുന്ന ഈ മെഗാ ഷോയുടെ വിജയത്തിനായി വിപുലമായ ഒരുക്കങ്ങളാണ് നടക്കുന്നത്.

റവ. ഫാ. ജെക്കു സക്കറിയയുടെ പ്രാർത്ഥനയോടെയാണ്









ചടങ്ങുകൾക്ക് തുടക്കമായത്.

കത്തീഡ്രൽ വികാരി റവ. ഫാ. ഐസക് ബി. പ്രകാശ് അധ്യക്ഷത വഹിച്ച ചടങ്ങിൽ റവ. ഫാ. പുഞ്ചക്കോണം സ്വാഗതം ആശംസിച്ചു. പൂർണ തോമസ് പ്രാർത്ഥനാ ഗാനം ആലപിച്ചു.

പ്രോഗ്രാം കൺവീനർ ഡോ. സക്കറിയ തോമസ് ഷോയുടെ വിവിധ വശങ്ങളെക്കുറിച്ചും ഒരുക്കങ്ങളെക്കുറിച്ചുമുള്ള വിശദരൂപം ചടങ്ങിൽ അവതരിപ്പിച്ചു. ഹൂസ്റ്റണിലെ സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖ സംഘടനകളുടെ സജീവ സാന്നിധ്യം ചടങ്ങിന് മാറ്റുകൂട്ടി. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (IPCNA), ഫോമ (FOMAA), ഫൊക്കാന (FOKANA), മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (MAGH), വേൾഡ് മലയാളി കൗൺസിൽ (WMC), പെയർലാൻഡ് മലയാളി അസോസിയേഷൻ തുടങ്ങിയ സംഘടനകളുടെ പ്രതിനിധികൾ ചടങ്ങിൽ പങ്കെടുത്തു പിന്തുണ പ്രഖ്യാപിച്ചു.

കിലുക്കം 25 ന്റെ ഹൂസ്റ്റൺ പ്രോഗ്രാമിന്റെ മെഗാ സ്പോൺസർ ഒനീൽ കുറുപ്പ്, ഡയമണ്ട് സ്പോൺസർ സിബു വർഗീസ് എന്നിവർക്കു പ്രത്യേക നന്ദി സംഘാടകർ അറിയിച്ചു. വിന്സര് എന്റർടൈൻമെന്റിന്റെ ബാനറിൽ രെഞ്ജു രാജാണ് കിലുക്കത്തിന്റെ നാഷണൽ സ്പോൺസർ.

റവ.ഫാ. ടെജി എബ്രഹാം, ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെ.പി ജോർജ് , ഡിസ്ട്രിക്റ്റ് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ഒളിമ്പ്യൻ പത്മശ്രീ ഷൈനി വിത്സൺ, അർജുന അവാർഡ് ജേതാവ് വിൽസൺ ചെറിയാൻ, ഡോ.രാംദാസ് കണ്ടത്ത് (പ്രസിഡണ്ട് ഗുരുവായൂരപ്പൻ ക്ഷേത്രം)



ജിൻസ് മാത്യു (മാഗ് സീനിയർ ഫോറം കൺവീനർ) അനിൽ ആറന്മുള (ഐപിസിഎൻഎ നാഷണൽ ജനറൽ സെക്രട്ടറി) ജീമോൻ റാന്നി (ഐപിസിഎൻഎ ഹൂസ്റ്റൺ ചാപ്റ്റർ സെക്രട്ടറി) ലിഡാ തോമസ് (ആഷാ റേഡിയോ) ഷിബി റോയ് (മല്ലു കഫേ റേഡിയോ) തുടങ്ങിയവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.

മാധ്യമ പ്രവർത്തകരുടെ വലിയ നിര തന്നെ പങ്കെടുത്ത ചടങ്ങിൽ ജോർജ് തെക്കേമല (ഏഷ്യാനെറ്റ്), മോട്ടി മാത്യു (കൈരളി ടിവി ) ജോർജ് പോൾ (ഫ്ലവേർസ് ടിവി) എന്നിവരുടെ സാന്നിധ്യം കിക്ക് ഓഫിന് മികവ് നൽകി.

ഷിജോ ചാണ്ടപ്പിള്ള, റോണി സി മാലേത്ത് എന്നിവർ അവതാരകരായി മികച്ച രീതിയിൽ പരിപാടികൾ ഏകോപിപ്പിച്ചു. സജുമോൻ ജോസഫ് ഫോട്ടോഗ്രാഫിക്ക് നേതൃത്വം നൽകി

മലയാളത്തിന്റെ മഹാനടൻ മോഹൻലാൽ പങ്കെടുക്കുന്ന ഈ മെഗാ ഷോയുടെ വിജയത്തിനായി വിപുലമായ കമ്മിറ്റികളും പ്രവർത്തനങ്ങളുമാണ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇടവക മാനേജിങ് കമ്മിറ്റി അംഗങ്ങളും കൺസ്ട്രക്ഷൻ കമ്മിറ്റി അംഗങ്ങളും കിലുക്കം ഷോയുടെ ടീമംഗങ്ങളും ചേർന്നാണ് ഷോയുടെ വൻ വിജയത്തിനായ് പ്രവർത്തിക്കുന്നത്. ടിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാണ്.













# ഡാലസ് കിംഗ്സ് ക്ലബ് ഇനി 'ഡാലസ് സോഷ്യൽ ക്ലബ്';

## പുതിയ ഭാരവാഹികൾ ചുമതലയേറ്റു, പ്രവർത്തനങ്ങൾക്ക് തുടക്കമായി.



മാർട്ടിൻ വിലങ്ങോലിൽ

ഡാലസ്: ഡാലസ് സോഷ്യൽ ക്ലബ്ബിന്റെ വാലന്റൈൻസ് ഡേ ആഘോഷങ്ങളും 2026-ലേക്കുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും പ്രൗഢഗംഭീരമായി നടന്നു. 2014-ൽ ഡാലസ് നഗരത്തിൽ പ്രവർത്തനം ആരംഭിച്ച 'ഡാലസ് കിംഗ്സ് ക്ലബ്' ഇനി മുതൽ 'ഡാലസ് സോഷ്യൽ ക്ലബ്' എന്ന പുതിയ പേരിൽ അറിയപ്പെടുമെന്ന് ഭരണസമിതി അറിയിച്ചു.

കൂടുതൽ ജനപങ്കാളിത്തവും വിപുലമായ പ്രാതിനിധ്യവും ലക്ഷ്യമിട്ടാണ് ഈ മാറ്റം. കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി സാമൂഹിക, സാംസ്കാരിക, സേവന രംഗങ്ങളിൽ സജീവമായ സംഘടന, പുതിയ പേരിനൊപ്പം പുതിയ എക്സിക്യൂട്ടീവ് ഡയറക്ടർമാരെയും ഭരണസമിതിയെയും തിരഞ്ഞെടുത്തു. ഡാലസിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ഒരു തുറന്ന സാമൂഹിക വേദിയായി ക്ലബ്ബിനെ വളർത്തുകയാണ് പുതിയ നേതൃത്വത്തിന്റെ ലക്ഷ്യം. പുതിയ ഭരണസമിതി: ഈ വർഷത്തെ ഔദ്യോഗിക പരിപാടിയിൽ ക്ലബ്ബിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് ജിനു കുടിലിൽ, വൈസ് പ്രസിഡന്റ് ടിജോ ചങ്ങങ്കേരി, സെക്രട്ടറി കുട്ടൻ മുപ്പപ്പള്ളിൽ

ജോയിന്റ് സെക്രട്ടറി അനിൽ പൗത്തിൽ, ട്രഷറർ ജാക്സ് ആകാശലഎന്നിവർ നേതൃത്വം നൽകുന്നു. ഉദ്ഘാടന ചടങ്ങുകളിലും ആഘോഷങ്ങളിലും കരോൾട്ടൺ മേയർ സ്റ്റീവ്



ബാബിക് മുഖ്യാതിഥിയായി പങ്കെടുത്തു. ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കത്തോലിക്ക പള്ളി വികാരി ഫാ. ബിൻസ് ചേത്തലിൽ ചടങ്ങിൽ സന്നിഹിതനായിരുന്നു.

ആഘോഷങ്ങളിൽ സാംസ്കാരിക പരിപാടികളുടെ ഭാഗമായി കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച നൃത്തങ്ങൾ, ഗാനമേള, വിനോദ ഗെയിമുകൾ എന്നിവ അരങ്ങേറി. കൂടാതെ, ടെക്സസ് വടംവലി ലീഗ് 2026-ന്റെ ഔദ്യോഗിക കിക്ക്-ഓഫ് ചടങ്ങും ഇതിനോടൊപ്പം നടന്നു.

സൈമൺ ചാമക്കാല ജനറൽ കൺവീനറായി വിവിധ കമ്മിറ്റികളെ പ്രഖ്യാപിച്ചു.

ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ ജനിച്ച അംഗങ്ങളുടെ സംയുക്ത ജന്മദിന ആഘോഷവും ചടങ്ങിന് മാറ്റുകൂട്ടി. സെക്രട്ടറി കുട്ടൻ മുപ്പ്രപ്പള്ളിൽ നന്ദി പ്രകാശിപ്പിച്ചു. ഡിജെ സെഷനോടെയും സംഗീതനിശയോടും കൂടി ഉത്സവാന്തരീക്ഷത്തിൽ പരിപാടികൾ സമാപിച്ചു.

ഡാലസ് സോഷ്യൽ ക്ലബ് അംഗങ്ങളും കുടുംബങ്ങളും വൻതോതിൽ പങ്കെടുത്തതോടെ പരിപാടി വൻ വിജയമായി മാറി.









emalayalee.com

# ക്രോസ്സ്‌റോഡ്സ് ഷോർട് ഫിലിം ഫെസ്റ്റിവലിൽ മൂന്നു പുരസ്‌കാരങ്ങളുമായി ഫാർമേഴ്‌സ് ബ്രാഞ്ച് ഇടവകയുടെ 'മാസ്റ്റർ പ്ലാൻ'





Best Director: Christy Pallickal

ജീമോൻ റാന്നി

ഡാളസ്: കാനഡ റ്റൊറൻഡോ മാർത്തോമാ യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്രോസ്റോഡ്സ് (CROSSROADS) ഷോർട് ഫിലിം മത്സരത്തിൽ ഫാർമേഴ്‌സ് ബ്രാഞ്ച് മാർത്തോമാ ചർച്ച് ഓഫ് ഡാളസ് ടീം മിന്നും വിജയങ്ങൾ കരസ്ഥമാക്കി

പ്രശസ്ത ചലച്ചിത്ര സംവിധായകരായ ബ്ലെസി, ഡോൺ മാക്സ്, റവ. റെൻസി തോമസ് എന്നിവരടങ്ങിയ ജൂറി പാനൽ നിരവധി



Best Actress: Rini Shibu

ഷോർട് ഫിലിമുകളിൽ നിന്നുമാണ് ഫാർമേഴ്‌സ് ബ്രാഞ്ച് മാർത്തോമാ ചർച്ച് ഓഫ് ഡാളസ് ടീം അവതരിപ്പിച്ച 'മാസ്റ്റർ പ്ലാൻ' എന്ന ഹ്രസ്വചിത്രത്തിനു പുരസ്‌കാരങ്ങൾ സമ്മാനിച്ചത്.

മൂന്ന് പ്രധാന പുരസ്‌കാരങ്ങളാണ് സ്വന്തമാക്കിയത്.

ലഭിച്ച പുരസ്‌കാരങ്ങൾ:

* മികച്ച നടി (Distinguished Actress): റിനി ഷിബു

* മികച്ച സംവിധായകൻ (Distinguished Director): ക്രിസ്റ്റി നൈനാൻ പള്ളിക്കൽ

* കമ്മ്യൂണിറ്റി ഇൻവോൾവ്മെൻറ് അവാർഡ് (Community Involvement award)

മനുഷ്യസഹജമായ പോരാട്ടങ്ങൾക്കിടയിലും തെറ്റിദ്ധാരണകൾക്കിടയിലും ദൈവികമായ പദ്ധതികൾ എങ്ങനെ വെളിപ്പെടുന്നു എന്ന പ്രമേയമാണ് 'മാസ്റ്റർ പ്ലാൻ' കൈകാര്യം ചെയ്യുന്നത്. വ്യക്തിപരമായ താല്പര്യങ്ങളും ദൈവഹിതവും തമ്മിലുള്ള സംഘർഷങ്ങളെയും, പൂർണ്ണമായ സമർപ്പണത്തിലൂടെ അനിശ്ചിതത്വങ്ങൾ എങ്ങനെ പ്രത്യാശയായി മാറുന്നുവെന്നും ചിത്രം മനോഹരമായി ദൃശ്യവൽക്കരിക്കുന്നു.

ശക്തമായ അഭിനയമുഹൂർത്തങ്ങളും വൈകാരികമായ ആഴവുമുള്ള ഈ ചിത്രം വിശ്വാസത്തെയും ദൈവികനയിപ്പിനെയും കുറിച്ചുള്ള ശക്തമായ സന്ദേശമാണ് നൽകുന്നത്. ഈ നേട്ടം ചിത്രത്തിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ ടീമിനും അഭിമാന നിമിഷമായി മാറി.

അണിയറ പ്രവർത്തകർ:

* രചന, സംവിധാനം, എഡിറ്റിംഗ്: ക്രിസ്റ്റി നൈനാൻ പള്ളിക്കൽ

* ഡ്രമാറ്റർജി: റോബി പുതുപ്പള്ളി

* ക്യാമറ: ലിബിൻ മാത്യു, ജിബിൻ മാത്യു

* പ്രോപ്സ് & ആർട്ട്: സോജി സാം

* മേക്കപ്പ് സ്പെഷ്യലിസ്റ്റ്: റൂബിൻ ഫിലിപ്പ്

* ഗാനരചന: ബിജോയ് ബാബു

* സംഗീതം: ആരോൺ എബ്രഹാം


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ജോർജി വർഗ്ഗീസ് ഫൊക്കാന ഇലക്ഷൻ കമ്മീഷണർ ; ജോൺ പി ജോൺ , ബിജു കൊട്ടാരക്കര എന്നിവർ കമ്മീഷൻ അംഗങ്ങൾ



ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ ഇലക്ഷൻ കമ്മീഷണർ ആയി ഫൊക്കാന മുൻ പ്രസിഡന്റും, സാംസ്‌കാരിക, മാധ്യമ പ്രവർത്തകനും കൂടിയായ ജോർജി വർഗ്ഗീസിനെ (ഫ്ലോറിഡ) തെരഞ്ഞെടുത്തു. കമ്മീഷൻ അംഗങ്ങൾ ആയി മുൻ ഫൊക്കാന പ്രസിഡന്റ് ജോൺ പി. ജോൺ (കാനഡ) , ട്രൂസ്റ്റീ ബോർഡ് സെക്രട്ടറി ബിജു ജോൺ കൊട്ടാരക്കര (ന്യൂയോർക്ക് ) എന്നിവരെയും തെരഞ്ഞെടുത്തതായി ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി തോമസ് അറിയിച്ചു. ഓഗസ്റ്റ് 6-9 വരെ പെനിസിൽവേനിയയിലെ കലഹാരി റിസോർട്ടിൽ വച്ച് നടത്തപ്പെടുന്ന ഫൊക്കാനയുടെ അന്തർദേശീയ കൺവെൻഷനിൽ വച്ചാണ് 2026-28 വർഷത്തേക്കുള്ള ഇലക്ഷൻ.

ഇലക്ഷൻ കമ്മീഷണർ ആയി തെരഞ്ഞെടുക്കപ്പെട്ട ജോർജി വർഗ്ഗീസ് ഫൊക്കാന പ്രസിഡന്റ്, ട്രസ്റ്റി ബോർഡ് ചെയർമാൻ, ഫൊക്കാന ടുഡേ ചീഫ് എഡിറ്റർ, ഇലക്ഷൻ കമ്മീഷണർ, കേരളാ കൺവെൻഷൻ ചെയർമാൻ എന്നീ നിലകളിലും ഫൊക്കാനയുടെ വിവിധ പദവികളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫ്ലോറിഡയിലെ സാമൂഹ്യ സാംസ്‌കാരിക മാധ്യമ മേഖലയിൽ സജീവ സാന്നിദ്ധ്യമായ ജോർജി വർഗ്ഗീസ് ഫൊക്കാനയുടെ പൊതു സമ്മതനായ പ്രവർത്തകനായി എക്കാലവും അറിയപ്പെടുന്ന വ്യക്തിയാണ്. മൾട്ടി നാഷണൽ കമ്പനിയായ ഹാരിസൺ ആൻഡ് ക്രോസ്സ്

ഫീൽഡിന്റെ ലേബർ വെൽഫയർ ഓഫീസർ ആയി ജോലി ചെയ്യുമ്പോളാണ് അമേരിക്കയിലേക്ക് വന്നത്.

ഒ ഐ സി സി ഫ്ലോറിഡ ചാപ്റ്ററിന്റെ മുൻ പ്രസിഡന്റ്, ലോക കേരള സഭാംഗം, കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡാ പ്രസിഡന്റ്, സെക്രട്ടറി, അഡ്വൈസറി ബോർഡ് ചെയര്മാൻ, മാർത്തോമ സഭ നോർത്ത് അമേരിക്കൻ ഭദ്രാസന മെമ്പർ, സൗത്ത് ഫ്ലോറിഡ ചർച്ച് വൈസ് പ്രെസിഡന്റ്, സെക്രട്ടറി തുടങ്ങി നിരവധി സ്ഥാനങ്ങളിൽ സ്തുദ്ധ്യാർഹമായി സേവനം ചെയ്തിട്ടുണ്ട്. ഫ്ളവേഴ്‌സ് ടിവി യൂസ്എ യുടെ സോഷ്യൽ-വിഷനറി അവാർഡു ജേതാവാണ്. ബ്രോവാർഡ് കൗണ്ടി ഹ്യൂമൻ സർവീസിൽ സീനിയർ മാനേജർ ആയി ജോലി ചെയ്യുന്നു. തിരുവല്ല കവിയൂർ സ്വദേശിയാണ് .

ഇലക്ഷൻ കമ്മീഷൻ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട ജോൺ പി ജോൺ ഫൊക്കാനയുടെ മുൻ പ്രസിഡന്റ്, മുൻ ട്രസ്റ്റി ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.കാനഡയിൽ നടത്തിയ ഫൊക്കാന കൺവെൻഷൻ ചരിത്രം ആക്കി മാറ്റിയതിന്റെ വ്യക്തിത്വത്തിന്റെ ഉടമയാണ്. 1968 ൽ ഇരുപതു അഗംങ്ങളുമായി ആരംഭിച്ച ടോറന്റോ മലയാളി സമാജം, നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ സംഘടനകളിൽ ഒന്നായി മാറ്റിയതിൽ ജോൺ പി. ജോൺന്റെ സംഘടന പാടവത്തിനു തെളിവാണ്. പത്തു തവണ ടോരന്ററോ മലയാളീ സമാജത്തിന്റെ പ്രസിഡന്റ് ആയ അദ്ദേഹം കാനേഡിയൻ -അമേരിക്കൻ മലയാളികൾക്ക് സർവ്വ സമ്മതനാണ്, ഫൊക്കാന പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ട്രസ്റ്റി ബോർഡ് മെംബർ, കമ്മിറ്റി മെംബെർ, ഇലക്ഷൻ കമ്മീഷണർ എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം പ്രവാസി ചാനൽ ആദ്യമായി ഏർപ്പെടുത്തിയ നാമി അവാർഡ് നേടിയ ആദ്യ വ്യക്തി കൂടിയാണ്. കോട്ടയം കളത്തിപ്പടി സ്വദേശിയായ ജോൺ കാനഡയിലെ അറിയപ്പെടുന്ന വ്യവസായിയാണ്.

ഇലക്ഷൻ കമ്മീഷൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ബിജു ജോൺ കൊട്ടാരക്കര ഫൊക്കാനയുടെ ഇപ്പോഴത്തെ ട്രസ്റ്റി ബോർഡ് സെക്രട്ടറിയും മുൻ ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റീ ട്രെഷററും, അഡീഷണൽ അസോസിയേറ്റ് ട്രഷറർ, ഐ പി സി എൻ എ ന്യൂ യോർക്ക് ചാപ്റ്റർ ജോ. ട്രഷറർ, ഫൊക്കാന ടുഡേ ചീഫ് എഡിറ്റർ ആയും പ്രവർത്തിച്ചിട്ടുണ്ട്. മലയാളം ട്രൈബ്യൂൺ ഓൺലൈൻ പത്രത്തിന്റെ ചീഫ് എഡിറ്റർ, മാധ്യമ പ്രവർത്തകൻ എന്ന നിലയിൽ അറിയപ്പെടുന്ന വ്യക്തിത്വമാണ്. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുറമെ കേരളത്തിന്റെ വിവിധ മേഖലകളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അദ്ദേഹം കേരളാ എഞ്ചിനീയറിംഗ് ഗ്രാഡുവേറ്റ് അസ്സോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ സജീവ പ്രവർത്തകനും സംഘടനയുടെ നിരവധി പദവികളിലും പ്രവർത്തിച്ചിട്ടുണ്ട്. കീൻ ന്യൂസ് ലെറ്റർ ആൻഡ് പുബ്ലിക്കേഷൻസ് കോർഡിനേറ്റർ, കീൻ ലോങ്ങ് ഐലൻഡ് റീജിയണൽ വൈസ് പ്രസിഡന്റ്, പബ്ലിക് റിലേഷൻ കോർഡിനേറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐ.ഒ.സി) ചാപ്റ്ററിന്റെ ന്യൂ യോർക്ക് റീജിയൻ വൈസ് പ്രസിഡന്റ് എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. ദുബായിൽ ദീർഘകാലം ജോലി ചെയ്തിട്ടുള്ളതും, നിലവിൽ ന്യൂയോർക്ക് ട്രാൻസിറ്റ് അതോറിറ്റിയിലെ സൂപ്പർവൈസറും, റിയൽ എസ്റ്റേറ്റ് മേഖലയിലും പ്രവർത്തിക്കുന്ന ബിജു കൊട്ടാരക്കര സ്വദേശിയാണ്.


#1 'OTT' Platform
Download FREE
Scan QR Code to Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


58

# കൃത്രിമ ബുദ്ധി ഭയമോ വിധിയോ?

(ലേഖനം):
മൊയ്തീൻ പുത്തൻചിറ

2026 ലെ ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിലെ ഉദ്ഘാടന പ്രസംഗത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി നിരവധി വിഷയങ്ങൾ അഭിസംബോധന ചെയ്തു. എന്നാൽ, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സാരാംശം എഐയെ ഒരു ഭീഷണിയായി കാണണോ അതോ വിധിയായി കാണണോ എന്നതായിരുന്നു. ചിലർ എഐയെ ഒരു ഭീഷണിയായി കാണുമ്പോൾ, ഇന്ത്യ അതിനെ ഒരു വിധിയായി കാണുന്നുവെന്ന് അദ്ദേഹം പ്രസ്താവിച്ചു. എഐ ലോകമെമ്പാടും പുതിയ സാധ്യതകൾ തുറന്നിട്ടുണ്ടെങ്കിലും അത് ഭയവും സൃഷ്ടിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. ആദ്യത്തെ വൈജ്ഞാനിക വിപ്ലവത്തിൽ നിന്നാണ് ഈ ഭയം ഉടലെടുക്കുന്നത്. കൃത്രിമബുദ്ധി മനുഷ്യന്റെ ബുദ്ധിയെ വെല്ലുവിളിക്കുന്നത് ഇതാദ്യമാണ്. ഒരു കാലത്ത് മനുഷ്യർക്ക് ചെയ്യാൻ കഴിയാത്തതോ പൂർത്തിയാക്കാൻ മണിക്കൂറുകളോ മാസങ്ങളോ എടുത്തിരുന്നതോ ആയ ജോലികൾ ഇപ്പോൾ എഐ വഴി നിമിഷ നേരം കൊണ്ട് പൂർത്തിയാക്കപ്പെടുന്നു. അതിനാൽ, ഇത് ജോലികൾക്ക് ഭീഷണിയായി മാത്രം കാണാൻ കഴിയില്ല. ഇത് നാഗരികതയ്ക്കും സംസ്കാരത്തിനും മാനുഷിക മൂല്യങ്ങൾക്കും ഒരു വെല്ലുവിളി തന്നെയാണ്.




ഈ വൈജ്ഞാനിക വിപ്ലവത്തിൽ ഇന്ത്യയുടെ സ്ഥാനം സംബന്ധിച്ച്, AI ഇംപാക്റ്റ് ഉച്ചകോടിയിൽ തന്നെ അതിന്റെ ഒരു ചെറിയ ദൃശ്യം പ്രകടമായിരുന്നു. ആദ്യ ദിവസം പൊട്ടിപ്പുറപ്പെട്ട കുഴപ്പങ്ങൾ സോഷ്യൽ മീഡിയയിൽ വ്യാപകമായ വിമർശനത്തിന് കാരണമായി. ഒരു സർവകലാശാല ചൈനീസ് റോബോഡോഗിന്റെയും കൊറിയൻ

ഡ്രോണിന്റെയും അനുകരണങ്ങൾ പ്രദർശിപ്പിച്ചത് ഇന്ത്യയുടെ കഴിവുകളെക്കുറിച്ച് ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തി. ഒരു പ്രതിനിധി പരിപാടിയായി ഇത് അവതരിപ്പിക്കാൻ കഴിയില്ലെങ്കിലും, AI മേഖലയിലെ ഇന്ത്യയുടെ തയ്യാറെടുപ്പിനെയും നേട്ടങ്ങളെയും ചിലർ ചോദ്യം ചെയ്യാൻ ഇത് കാരണമായി.

ഈ ഉച്ചകോടിയിൽ ആഗോള നേതാക്കൾ, സ്റ്റാർട്ടപ്പ് സ്ഥാപകർ, അല്ലെങ്കിൽ സാങ്കേതിക ഭീമന്മാരുടെ തലവന്മാർ എന്നിവർ ഇന്ത്യയെക്കുറിച്ച് പറയുന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യയെക്കുറിച്ച് ഒന്നും അനുമാനിക്കേണ്ടതില്ല. അവരെ സംബന്ധിച്ചിടത്തോളം ഇന്ത്യ ഒരു വിപണിയാണ്. അതിനാൽ, അവർ വലിയ നിക്ഷേപങ്ങൾ വാഗ്ദാനം ചെയ്യുകയോ ഇന്ത്യയെ പ്രശംസിക്കുകയോ ചെയ്യുന്നു. അവരുടെ പ്രശംസയിൽ ഇന്ത്യ അതിന്റെ വിലയിരുത്തൽ അടിസ്ഥാനമാക്കരുത്. ഇന്ത്യ അതിന്റെ തയ്യാറെടുപ്പും നേട്ടങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തണം. ഓപ്പൺഎഐയുടെ പ്ലാറ്റ്ഫോമായ ചാറ്റ്ജിപിടിക്ക് 145 ദശലക്ഷം ഉപയോക്താക്കളുണ്ട് എന്നതുകൊണ്ട് മാത്രം ഇന്ത്യയ്ക്ക് AI വിപ്ലവത്തിൽ ഒരു നേതാവാകാൻ കഴിയില്ല. ഫേസ്ബുക്കിന് 450 ദശലക്ഷം ഉപയോക്താക്കളുണ്ടെങ്കിലും, അത് സോഷ്യൽ മീഡിയ വിപ്ലവത്തിൽ ഒരു നേതാവാകുന്നില്ല.

**ഇന്ത്യക്കാർക്കും ലോകത്തിനും ഒരുപോലെ ഉപയോഗിക്കാവുന്ന, സ്വന്തമായി ഒരു വലിയ ഭാഷാ മാതൃകയും അതിനെ അടിസ്ഥാനമാക്കിയുള്ള പ്ലാറ്റ്ഫോമുകളും ഉണ്ടാകുമ്പോൾ മാത്രമേ ഇന്ത്യ AI വിപ്ലവത്തിൽ ഒരു നേതാവാകൂ. അത് സംഭവിച്ചില്ലെങ്കിൽ, മേഖലാ-നിർദ്ദിഷ്ട ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിൽ ഇന്ത്യ കുടുങ്ങും. ഉച്ചകോടിയിൽ അതിന്റെ വലിയ ഭാഷാ മാതൃക അവതരിപ്പിച്ചെങ്കിലും, ഇന്ത്യയിലെ ദശലക്ഷക്കണക്കിന് ആളുകൾ അത് ഉപയോഗിക്കാൻ തുടങ്ങുമ്പോൾ മാത്രമേ അതിന്റെ വിജയം പരിഗണിക്കാനാകൂ.**

ഇന്ത്യക്കാർക്കും ലോകത്തിനും ഒരുപോലെ ഉപയോഗിക്കാവുന്ന, സ്വന്തമായി ഒരു വലിയ ഭാഷാ മാതൃകയും അതിനെ അടിസ്ഥാനമാക്കിയുള്ള പ്ലാറ്റ്ഫോമുകളും ഉണ്ടാകുമ്പോൾ മാത്രമേ ഇന്ത്യ AI വിപ്ലവത്തിൽ ഒരു നേതാവാകൂ. അത് സംഭവിച്ചില്ലെങ്കിൽ, മേഖലാ-നിർദ്ദിഷ്ട ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിൽ ഇന്ത്യ കുടുങ്ങും. ഉച്ചകോടിയിൽ അതിന്റെ വലിയ ഭാഷാ മാതൃക അവതരിപ്പിച്ചെങ്കിലും, ഇന്ത്യയിലെ ദശലക്ഷക്കണക്കിന് ആളുകൾ അത് ഉപയോഗിക്കാൻ തുടങ്ങുമ്പോൾ മാത്രമേ അതിന്റെ വിജയം പരിഗണിക്കാനാകൂ. ചൈനയുടെ ഡീപ്സീക്ക് ചൈനയിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിയതുപോലെ, കുറഞ്ഞത് സമാനമായ ഒരു തദ്ദേശീയ പ്ലാറ്റ്ഫോം ഇന്ത്യയിലും ആവശ്യമാണ്. ഇന്ത്യയിൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായി 'കൂ' ഉം ഓഫീസ് സ്യൂട്ടായി 'സോഹോ' യും വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിരുന്നുവെന്ന് ഓർമ്മിക്കുക. എന്നാൽ, ഇന്ത്യക്കാർ ഇപ്പോഴും അമേരിക്കൻ സോഷ്യൽ മീഡിയയും ഓഫീസ് സ്യൂട്ടുകളുമാണ് ഉപയോഗിക്കുന്നത്.




വാക്സാമർത്ഥ്യം കൊണ്ടു മാത്രം കൃത്രിമബുദ്ധി വികസിക്കുന്നില്ല. ശക്തമായ സ്ഥാപനങ്ങളും ക്ഷമയുള്ള നിക്ഷേപവും ചോദ്യങ്ങൾ ചോദിക്കാനുള്ള സ്വാതന്ത്ര്യവും ഉള്ളിടത്ത് മാത്രമേ അത് അഭിവൃദ്ധി പ്രാപിക്കൂ. വലിയൊരു ജനസംഖ്യ ശക്തമായ ശക്തിയാണെന്ന് വിശ്വസിക്കുന്ന രാജ്യങ്ങളെ AI പെട്ടെന്ന് പിടിച്ചുനിർത്തുന്നു.

ഇന്ത്യ ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യവും



**ഈ ഉച്ചകോടിയിൽ ആഗോള നേതാക്കൾ, സ്റ്റാർട്ടപ്പ് സ്ഥാപകർ, അല്ലെങ്കിൽ സാങ്കേതിക ഭീമന്മാരുടെ തലവന്മാർ എന്നിവർ ഇന്ത്യയെക്കുറിച്ച് പറയുന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യയെക്കുറിച്ച് ഒന്നും അനുമാനിക്കേണ്ടതില്ല. അവരെ സംബന്ധിച്ചിടത്തോളം ഇന്ത്യ ഒരു വിപണിയാണ്. അതിനാൽ, അവർ വലിയ നിക്ഷേപങ്ങൾ വാഗ്ദാനം ചെയ്യുകയോ ഇന്ത്യയെ പ്രശംസിക്കുകയോ ചെയ്യുന്നു. അവരുടെ പ്രശംസയിൽ ഇന്ത്യ അതിന്റെ വിലയിരുത്തൽ അടിസ്ഥാനമാക്കരുത്.**

അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയുമാണ്. അവിടെ സാങ്കേതിക ഉച്ചകോടികൾ നടത്തുന്നു, സെമികണ്ടക്ടർ ദൗത്യങ്ങൾ പ്രഖ്യാപിക്കുന്നു, സ്വാശ്രയത്വത്തെക്കുറിച്ച് സംസാരിക്കുന്നു. അവിടത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശ്രദ്ധേയമാണ്. ആധാർ ഒരു ബില്യണിലധികം ആളുകളെബന്ധിപ്പിച്ചിരിക്കുന്നു.യുപിഐ എല്ലാ മാസവും കോടിക്കണക്കിന് ഇടപാടുകൾ കൈകാര്യം ചെയ്യുന്നു. വളരെ കുറഞ്ഞ ബജറ്റിലാണ് ഐഎസ്ആർഒ ചാന്ദ്ര ദൗത്യങ്ങൾ പൂർത്തിയാക്കിയത്. ഇതെല്ലാം വലിയ തോതിൽ കാര്യങ്ങൾ ചെയ്യാനുള്ള ഇന്ത്യയുടെ കഴിവ് പ്രകടമാക്കുന്നു. പക്ഷേ വലിയ തോതിൽ ഉണ്ടായിരിക്കുക എന്നത് സാങ്കേതിക വിദ്യയുടെ മുൻപന്തിയിൽ നിൽക്കുന്നതിന് തുല്യമല്ല.

പതിറ്റാണ്ടുകളായി അർദ്ധചാലക ഗവേഷണം, വെഞ്ചർ ക്യാപിറ്റൽ, എംഐടി, സ്റ്റാൻഫോർഡ് പോലുള്ള സർവകലാശാലകൾ എന്നിവയിലൂടെയാണ് അമേരിക്ക AIക്ക് അടിത്തറ പാകിയത്. ഭരണകൂടത്തിന്റെയും മൂലധനത്തിന്റെയും ശക്തിയിലൂടെ ചൈന ദേശീയ ലബോറട്ടറികളും ഹാർഡ്‌വെയർ ഇൻഫ്രാസ്ട്രക്ചറുകളും വേഗത്തിൽ നിർമ്മിച്ചു. നിയമങ്ങളും തത്വങ്ങളും രൂപപ്പെടുത്തുന്നതിൽ യൂറോപ്പ് ഒരു പങ്കു വഹിച്ചു.

വിദേശത്ത് വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമാണ് ഇന്ത്യ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇന്ത്യയിലെ മികച്ച ഗവേഷകരിൽ പലരും വിദേശത്തേക്ക് ചേക്കേറുകയാണ്. ഗവേഷണത്തിനും വികസനത്തിനുമുള്ള ഇന്ത്യയുടെ ചെലവ് ജിഡിപിയുടെ ഏകദേശം 0.64 ശതമാനമാണ്, അമേരിക്കയ്ക്ക് ഇത് 3.5 ശതമാനവും ചൈനയ്ക്ക് 2.5 ശതമാനവുമാണ്. ഈ വ്യത്യാസം സംഖ്യകളെക്കുറിച്ചല്ല, മറിച്ച് ശക്തിയെക്കുറിച്ചാണ്.

ഭാവിയിൽ പ്രതിരോധം, സൈബർ സുരക്ഷ, ധനകാര്യം, വിതരണ ശൃംഖലകൾ, ജനാധിപത്യ സംവാദം എന്നിവയിൽ AI സ്വാധീനം ചെലുത്തും. നൂതന മോഡലുകളും ചിപ്പുകളും നിയന്ത്രിക്കുന്ന രാജ്യങ്ങൾ മാനദണ്ഡങ്ങൾ നിശ്ചയിക്കും. അവർ സാങ്കേതികവിദ്യ മാത്രമല്ല, നിയമങ്ങളും സൃഷ്ടിക്കും.

ഇന്ത്യ അതിന്റെ സ്ഥാനം അമിതമായി വിലയിരുത്തിയാൽ, 21-ാം നൂറ്റാണ്ടിൽ അതിന്റെ യഥാർത്ഥ ശക്തി നിർണ്ണയിക്കുന്ന മേഖലയിലെ തന്ത്രപരമായ ആശ്രയത്വത്തിന് അത് ഭീഷണിയാകും. മോഡലുകൾ ഇറക്കുമതി ചെയ്യുക, ചിപ്പുകൾക്ക് ലൈസൻസ് നൽകുക, അല്ലെങ്കിൽ ക്ലൗഡ് ശേഷി വാടകയ്ക്ക് എടുക്കുക - ഇത് വാസ്തുവിദ്യ രൂപകൽപ്പന ചെയ്യുന്നതിന് തുല്യമല്ല. സംസാരത്തിലെ പരമാധികാരം കമ്പ്യൂട്ടിംഗിലെ പരമാധികാരമല്ല.

ഘടനാപരമായ തടസ്സമാണ് ഏറ്റവും ആഴത്തിലുള്ളത്. ഇന്ത്യയുടെ മൊത്തം ജിഡിപി വലുതാണെങ്കിലും, പ്രതിശീർഷ വരുമാനം ഇപ്പോഴും ദരിദ്ര രാജ്യങ്ങളുടെ വരുമാനത്തോടടുത്താണ്. ദശലക്ഷക്കണക്കിന് ജനങ്ങൾ ഇപ്പോഴും ഭക്ഷ്യ സുരക്ഷയ്ക്കായി സംസ്ഥാനത്തെ ആശ്രയിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കുള്ള പൊതുവിഭവങ്ങൾ ഗണ്യമായ സമ്മർദ്ദത്തിലാണ്. ഇത്




സാമ്പത്തിക ഇടം ചുരുക്കുകയും രാഷ്ട്രീയ സമയപരിധി കുറയ്ക്കുകയും ചെയ്യുന്നു. എന്നാൽ, പുരോഗമിച്ച AI ഗവേഷണത്തിന് തിരഞ്ഞെടുപ്പ് ചക്രങ്ങളിൽ നിന്ന് സ്വതന്ത്രമായ ക്ഷമാപൂർവ്വമായ മൂലധനവും പരാജയത്തെ ചെറുക്കാൻ കഴിയുന്ന സ്ഥാപനപരമായ സ്വാതന്ത്ര്യവും ആവശ്യമാണ്.

ഇന്ത്യയുടെ വെല്ലുവിളി പ്രതിഭയുടെ അഭാവമല്ല, മറിച്ച് സാന്ദ്രതയുടെ അഭാവമാണ്. 1.4 ബില്യൺ ജനസംഖ്യയ്ക്ക് ദശലക്ഷക്കണക്കിന് എഞ്ചിനീയർമാരെ സൃഷ്ടിക്കാൻ കഴിയും. എന്നാൽ, യഥാർത്ഥ കണ്ടെത്തലുകൾ സൃഷ്ടിക്കുന്ന ഇടതൂർന്ന ഗവേഷണ ആവാസവ്യവസ്ഥ അതിന് ഇല്ല. ശാസ്ത്രീയ നേതൃത്വം ആളുകളുടെ എണ്ണത്തിൽ മാത്രം അധിഷ്ഠിതമല്ല. കേന്ദ്രീകൃതവും മികച്ചതുമായ സർവകലാശാലകൾ, ദീർഘകാല ധനസഹായം, അക്കാദമിക് സ്വാതന്ത്ര്യം, ആശയങ്ങൾക്ക് അധികാരത്തെ ചോദ്യം ചെയ്യാൻ കഴിയുന്ന ഒരു സംസ്കാരം എന്നിവയിലാണ് അത് കെട്ടിപ്പടുത്തിരിക്കുന്നത്.

മറ്റൊരു സൂക്ഷ്മമായ അപകടസാധ്യത ആഖ്യാനത്തിലെ അതിശയോക്തിയാണ്. പുരാതന ഗണിത ശാസ്ത്രത്തിന്റെയോ തത്ത്വചിന്തയുടെയോ നേട്ടങ്ങൾ ഓർമ്മിക്കുന്നത് യാന്ത്രികമായി സെമികണ്ടക്ടർ നിർമ്മാണത്തിലേക്കോ വലിയ തോതിലുള്ള മോഡൽ പരിശീലനത്തിലേക്കോ നയിക്കില്ല. വികാരങ്ങളല്ല, സ്ഥാപനങ്ങളാണ് ചരിത്രത്തെ നയിക്കുന്നത്. അതിനർത്ഥം അഭിലാഷം ഉപേക്ഷിക്കുക എന്നല്ല, അച്ചടക്കം പാലിക്കുക എന്നാണ്.

ഇന്ത്യയുടെ താരതമ്യ ശക്തി ട്രില്യൺ പാരാമീറ്റർ അതിർത്തി മോഡലുകൾ നിർമ്മിക്കുന്നതിലല്ല, മറിച്ച് കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ഭരണം എന്നിവയിൽ ബഹുഭാഷാ അക പ്രയോഗിക്കുന്നതിലാണ്. ഇന്ത്യയുടെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ജനസംഖ്യാ തലത്തിലുള്ള വിതരണം സാധ്യമാക്കുന്നു. സ്ഥാപന പരിഷ്കരണവുമായി സംയോജിപ്പിച്ചാൽ, സങ്കീർണ്ണവും ബഹുഭാഷാ ജനാധിപത്യ രാജ്യങ്ങളിൽ പ്രയോഗിക്കുന്ന അകയുടെ ഒരു ആഗോള പരീക്ഷണശാലയായി ഇന്ത്യയ്ക്ക് മാറാൻ കഴിയും.

എന്നാൽ, ഇന്ത്യ എന്താണെന്നും എന്തല്ലെന്നും വ്യക്തത വരുമ്പോൾ മാത്രമേ ഈ പാത തുറക്കൂ. ഇന്ത്യ ഇതുവരെ അകയുടെ ഒരു മാനദണ്ഡം നിശ്ചയിക്കുന്ന രാജ്യമായിട്ടില്ല.

ആഗോളതലത്തിൽ മുൻനിര ലബോറട്ടറികൾ അവിടെയില്ല. നൂതന സിസ്റ്റങ്ങൾക്കായുള്ള ഹാർഡ്‌വെയർ ഇൻഫ്രാസ്ട്രക്ചർ ഇതുവരെ നിയന്ത്രിക്കപ്പെട്ടിട്ടില്ല.

അതിന് ചെയ്യാൻ കഴിയുന്നത് അതിന്റെ അതിർത്തികൾക്കുള്ളിൽ മികച്ച ഡീലുകൾ നടത്തുക എന്നതാണ്. കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ചർ ആകർഷിക്കുന്നതിനായി അതിന്റെ വലിയ വിപണി പ്രയോജനപ്പെടുത്തുക, വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറുന്ന ഗവേഷകരെ ഇന്ത്യയിൽ തന്നെ നിലനിർത്താൻ അക്കാദമിക് സ്വാതന്ത്ര്യം സംരക്ഷിക്കുക, രാഷ്ട്രീയ മാറ്റങ്ങളാൽ ബാധിക്കപ്പെടാത്ത അടിസ്ഥാന ശാസ്ത്ര ഫണ്ടിംഗിനായി ഇരുപത് വർഷത്തെ ചട്ടക്കൂട് സ്ഥാപിക്കുക, കുറച്ച് ഉച്ചകോടികളും കൂടുതൽ ലബോറട്ടറികളും നിർമ്മിക്കുക എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

# ഫോമാ പുതിയ ദിശയിലേയ്ക്ക്: ഭരണഘടനാ ഭേദഗതി നിലവിൽ വന്നു




എ.എസ് ശ്രീകുമാർ

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ ഭാവിവളർച്ച മുന്നിൽക്കണ്ട് 2025 ഒക്ടോബർ 25-ന് ഫിലഡൽഫിയയിൽ നടന്ന മിഡ് ടേം ജനറൽ ബോഡി അവതരിപ്പിച്ച കോൺസ്റ്റിറ്റിയൂഷൻ അമൻമെന്റ് സംഘടനയുടെ കെട്ടുറപ്പിനും ഭാവികാല വളർച്ചയ്ക്കും ജനകീയ മുന്നേറ്റങ്ങൾക്കും ഉതകുന്നതാണെന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ചൂണ്ടിക്കാട്ടി. ബൈലോ കമ്മിറ്റി ചെയർമാൻ ജോൺ സി വർഗീസ് (സലീം), നാഷണൽ കമ്മിറ്റി കോ-ഓർഡിനേറ്റർ ബബ്‌ലു ചാക്കോ എന്നിവർ ചേർന്ന് അവതരിപ്പിച്ച 15 ഇന ബൈലോ അമൻമെന്റ് ജനറൽ ബോഡിയിൽ ഐകകണ്ഠ്യേനയാണ് പാസാക്കിയത്.

റീജിയനുകളുടെ പുനർനിർണയമാണ് ഏറ്റവും പ്രധാനപ്പെട്ട ബൈലോ ഭേദഗതി. യു.എസിലെയും കാനഡയിലെയും 98 അംഗ സംഘടനകളെ ജിയോഗ്രാഫിക്കലായാണ് വിവിധ റീജിയനുകളായി വിഭജിക്കുക.അതാത് പ്രദേശങ്ങളിലെ റീജിയനുകളെ, അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വലിയ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ പുനക്രമീകരണം. ഈ വിഭജനം സംബന്ധിച്ച് റീജിയനുകളുടെ പേരുവിവരങ്ങൾ നാഷണൽ കമ്മിറ്റിയെ അറിയിക്കണം.

അമൻമെന്റിന്റെ വിശദ വിവരങ്ങൾ ഇപ്രകാരമാണ്: മുൻ കാലങ്ങളിൽ ഫോമായ്ക്ക് നേതൃത്വം നൽകിയ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ജനറൽ ബോഡിയിൽ വോട്ടവകാശത്തോടുകൂടിയ ഡെലിഗേറ്റുകളായിരിക്കും. നാഷണൽ വിമൻസ് ഫോറം ചെയർ പെഴ്സൺ വോട്ടവകാശത്തോടുകൂടിയ ഡെലിഗോയിരിക്കും. ഫോമായുടെ പി.ആർ.ഒയ്ക്കും കൺവൻഷൻ കമ്മിറ്റി ചെയർമാനും വോട്ടവകാശമുണ്ട്.

* 3 മുതൽ 9 മെമ്പർ അസോസിയേഷനുകൾ വരെയുള്ള റീജിയനുകൾക്ക് 2 നാഷണൽ കമ്മിറ്റി മെമ്പർമാരുണ്ടായിരിക്കും. പത്തോ അതിലധികമോ അസോസിയേഷനുകളുള്ള റീജിയനുകളിൽ നിന്ന് 3 നാഷണൽ കമ്മിറ്റി മെമ്പർമാരുണ്ടാകും.

നാഷണൽ അഡ്വൈസറി കൗൺസിലിൽ മെമ്പർ അസോസിയേഷനുകളുടെ പ്രസിഡന്റോ അദ്ദേഹം നോമിനേറ്റ് ചെയ്യുന്ന വ്യക്തികളോ അതോടൊപ്പം അംഗ സംഘടനകളുടെ മുൻ പ്രസിഡന്റ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയും നാഷണൽ അഡ്വൈസറി കൗൺസിലിൽ വോട്ടവകാശത്തോടകൂടിയ ഡെലിഗേറ്റുകളായിരിക്കും. കൂടാതെ സ്തുത്യർഹമായ നിലയിൽ കാലാവധി പൂർത്തിയാക്കിയ എല്ലാ ഫോമാ മുൻ പ്രസിഡന്റുമാരും നാഷണൽ അഡ്വൈസറി കൗൺസിലിലെ വോട്ടവകാശത്തോടുകൂടിയ അംഗങ്ങളായിരിക്കും.

രണ്ട് വർഷത്തെ പ്രവർത്തന കാലാവധിയുള്ള നാഷണൽ കമ്മിറ്റിയിലേക്കുള്ള ഏതൊരു തിരഞ്ഞെടുപ്പും 'ജനറൽ ഇലക്ഷൻ' (പൊതു തിരഞ്ഞെടുപ്പ്) ആണ്. ജനറൽ ഇലക്ഷനുവേണ്ടിയുള്ള ജനറൽ ബോഡി യോഗത്തിന് 6 മാസം മുമ്പ് 3 അംഗ ഇലക്ഷൻ കമ്മിഷനെ നിയമിക്കേണ്ടതാണ്. അതിലൊരാൾ ഐറ്റി വൈദഗ്ധ്യമുള്ള വ്യക്തിയായിരിക്കണം. ഈ തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമിക്കപ്പെട്ട തീയതി മുതൽ ഒരു വർഷമാണ് ഇവരുടെ കാലാവധി.

അംഗ സംഘടനകൾ നിലവിലുള്ള മെമ്പർ അസോസിയേഷനുകളുടെ അതേ പേരോ സമാനമായ പേരോ ഉപയോഗിക്കരുത്. പൊതുജനങ്ങളുടെ ആശയക്കുഴപ്പം ഒഴിവാക്കുന്നതിനും കമ്മ്യൂണിറ്റി പ്രാതിനിധ്യത്തിൽ വ്യക്തത വരുത്തുന്നതിനും വേണ്ടി ഒരു തനതായ പേര് സ്വീകരിക്കേണ്ടതാണ്.

കംപ്ലയൻസ് കൗൺസിലിന്റെ ശുപാർശ പ്രകാരം നേഷണൽ കമ്മിറ്റി ഈ ഭരണഘടനയും ബൈലോകളും ഭേദഗതി ചെയ്യണമെന്ന് തീരുമാനിക്കുമ്പോൾ, എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി, നാല് അംഗങ്ങൾ എന്നിവരടങ്ങുന്ന ഏഴ് അംഗ ബൈലോ കമ്മിറ്റിയെ നിയമിക്കും. ചെയർപേഴ്സൺ ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുൻ അംഗമായിരിക്കണം.

അംഗങ്ങളിൽ ഒരാൾ നിലവിലുള്ള നാഷണൽ കമ്മിറ്റി മെമ്പറായിരിക്കണം. ഫോമാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ എക്സ്-ഒഫീഷ്യോ അംഗങ്ങളായിരിക്കും. അംഗ സംഘടനകളുമായും ഫോമായുടെ അഭ്യുദയകാംക്ഷികളുമായും കൂടിയാലോചിച്ച് കമ്മിറ്റി ബൈലോ പഠിക്കുകയും ആവശ്യാനുസരണം ഭേദഗതി വരുത്തുകയും ചെയ്യും. ജനറൽ ബോഡിക്ക് ആവശ്യമെന്ന് കരുതുന്ന ബൈലോകളിൽ ഭേദഗതികൾ കമ്മിറ്റി ശുപാർശ ചെയ്യും.

അടിയന്തര സാഹചര്യങ്ങളിൽ ഒഴികെ, അവസാന ഭേദഗതിയുടെ അഞ്ച് വർഷത്തിനുള്ളിൽ ഈ ബൈലോകൾ ഭേദഗതി ചെയ്യാൻ പാടില്ല. അടിയന്തര സാഹചര്യത്തിൽ, മൂന്ന് കൗൺസിലുകളുടെയും ദേശീയ കമ്മിറ്റിയുടെയും ഒഫീഷ്യലുകൾ ഈ ബൈലോകൾ ഭേദഗതി ചെയ്യുന്നതിനായി



ഒരു ബൈലോ കമ്മിറ്റിയെ നിയമിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയോട് ശുപാർശ ചെയ്യാം.

ജനറൽ ഇലക്ഷനിലേക്കോ മിഡ് ടേം ഇലക്ഷനിലേക്കോ മൽസരിക്കുന്ന സ്ഥാനാർത്ഥികൾ വോട്ടുകൾക്ക് പകരമായി പ്രതിനിധികൾക്കോ മെമ്പർ അസോസിയേഷനുകൾക്കോ സാമ്പത്തിക സഹായങ്ങൾ, പണം, സമ്മാനങ്ങൾ, സേവനങ്ങൾ, അല്ലെങ്കിൽ മൂല്യമുള്ള ഏതെങ്കിലും വസ്തുക്കൾ എന്നിവ വാഗ്ദാനം ചെയ്യാൻ പാടില്ല. ഒരു സ്ഥാനാർത്ഥി ഈ ആർട്ടിക്കിൾ ലംഘിക്കുന്നതായി കണ്ടെത്തിയാൽ, ആ സ്ഥാനാർത്ഥിക്ക് രണ്ട് ടേം കാലത്തേക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യത കൽപ്പിക്കും.

ഫോമ തിരഞ്ഞെടുപ്പുകളിൽ രജിസ്റ്റർ ചെയ്ത വോട്ടർമാരോ വോട്ടുകൾക്ക് പകരമായി പണമോ സമ്മാനങ്ങളോ സേവനങ്ങളോ മറ്റ് ആനുകൂല്യമോ വോട്ടിംഗ് സ്വഭാവത്തെ സ്വാധീനിക്കാൻ തക്കതായ കാര്യങ്ങൾ സ്വീകരിക്കുകയോ അഭ്യർത്ഥിക്കുകയോ ചെയ്താൽ അവരെ തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് ടേം കാലത്തേക്ക് വോട്ട് ചെയ്യുന്നതിൽ നിന്നും ഏതെങ്കിലും പദവി വഹിക്കുന്നതിൽ നിന്നും അയോഗ്യരാക്കും.

ഇതര മലയാളി ഫെഡറേഷൻ/സംഘടന (ഉദാഹരണത്തിന് ഫൊക്കാന, വേൾഡ് മലയാളി കൗൺസിൽ, വേൾഡ് മലയാളി ഫെഡറേഷൻ) തുടങ്ങിയവയിൽ സ്ഥാനമാനങ്ങൾ വഹിക്കുന്നവർക്കോ ഇവയുടെ പ്രതിനിധികൾക്കോ ഫോമായിൽ മൽസരിക്കാനോ പ്രതിനിധികളാകാനോ അർഹതയില്ല. കാരണം, ഇത് ഫോമായുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. മത, രാഷ്ട്രീയ, പ്രൊഫഷണൽ സംഘടനകൾക്ക് ഇക്കാര്യം ബാധകമല്ല. നിലവിലുള്ളതും തുടർന്നുള്ളതുമായ ഒരു വർഷത്തെ കാലാവധിയിലേക്കാണ് ഈ നിയന്ത്രണം.

ഫോമായുടെ അക്കൗണ്ടുകളുടെയും രേഖകളുടെയും കൈമാറ്റം, ഏറ്റെടുക്കൽ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി, ദേശീയ കമ്മിറ്റി, ദേശീയ ഉപദേശക സമിതി എന്നിവയുടെ സത്യപ്രതിജ്ഞാ ചടങ്ങ് എന്നിവ തിരഞ്ഞെടുപ്പ് വർഷത്തിലെ ഒക്ടോബർ മാസത്തിലെ നാലാം ശനിയാഴ്ചയോ അതിനുമുമ്പോ നടക്കും. സ്ഥാനമൊഴിയുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി വിളിച്ചുകൂട്ടുകയും സ്ഥാനമൊഴിയുന്ന ഫോമാ പ്രസിഡന്റ് അധ്യക്ഷത വഹിക്കുകയും ചെയ്യുന്ന ഒരു ജനറൽ ബോഡി യോഗത്തിലാണ് ഈ പ്രക്രിയ നടക്കേണ്ടത്.

പ്രസ്തുത യോഗത്തിൽ, സ്ഥാനമൊഴിയുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കും അവതരിപ്പിക്കേണ്ടതാണ്. പുതുതായി വരുന്ന കമ്മിറ്റി അവരുടെ കാലയളവിലേക്കുള്ള ബജറ്റ് അവതരിപ്പിക്കണം. സ്ഥാനമൊഴിയുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ഫെഡറേഷന്റെ ഫണ്ടുകൾ, ആസ്തികൾ, മീറ്റിംഗുകളുടെ മിനിറ്റ്സ്, അക്കൗണ്ടിംഗ്, ടാക്സ് ഡോക്യുമെന്റ്സ്, മറ്റ് രേഖകൾ, മൊത്തത്തിലുള്ള ബാലൻസ് തുടങ്ങിയവ പുതിയ ഭാരവാഹികൾക്ക് കൈമാറേതുണ്ട്.

ഓരോ ടേമിനും, പുതുതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി, നാഷണൽ കമ്മിറ്റി, നാഷണൽ അഡ്വൈസറി കമ്മിറ്റി എന്നിവയുടെ ആദ്യ യോഗവും സത്യപ്രതിജ്ഞാ ചടങ്ങും ഫെഡറേഷന്റെ ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ അധ്യക്ഷത വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യും കംപ്ലയൻസ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ ചെയർമാൻ, നാഷണൽ അഡ്വൈസറി കമ്മിറ്റി ചെയർമാൻ, മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവരും ജനറൽ ബോഡിയിൽ ഉണ്ടായിരിക്കേണ്ടതാണ്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി, നാഷണൽ കമ്മിറ്റി, നാഷണൽ അഡ്വൈസറി കൗൺസിൽ എന്നിവയെ കൺവൻഷന്റെ അവസാന ദിവസത്തെ ബാങ്കറ്റ് സെഷനിൽ പരിചയപ്പെടുത്തും. തിരഞ്ഞെടുപ്പ് കമ്മീഷണർമാരാണ് ഈ കൃത്യം നിർവഹിക്കുക.

പുതിയ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ആർ.വി.പിമാർ, നാഷണൽ കമ്മിറ്റി മെമ്പർമാർ എന്നിവരുടെ സത്യപ്രതിജ്ഞ ഇലക്ഷന് ശേഷം ഒക്ടോബർ മാസത്തിൽ നടക്കുന്ന ഹാൻഡിങ് ഓവർ സെറിമണിയിൽ വച്ചായിരിക്കും. ഈ ചടങ്ങിൽ ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ അധ്യക്ഷത വഹിക്കും.

സജി എബ്രഹാം ആണ് ബൈലോ കമ്മിറ്റി വൈസ് ചെയർ. ജെ മാത്യൂസ്, അഡ്വ. മാത്യു വൈരമൺ, സിജോ എബ്രഹാം എന്നിവർ കമ്മിറ്റി അംഗങ്ങളാണ്. ബൈലോ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ളവരുമായി നിരന്തരം ചർച്ച ചെയ്ത് വരുത്തിയ ഭരണഘടനാ ഭേദഗതി സംഘടനാ ചരിത്രത്തിലെ നാഴികക്കല്ലാവുമെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭിപ്രായപ്പെട്ടു.

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഹൂസ്റ്റൺ ചാപ്റ്ററിന്റെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു




ജീമോൻ റാന്നി

ഹൂസ്റ്റൺ: അടുത്ത രണ്ടു വർഷങ്ങൾ വൈവിധ്യമാർന്ന പരിപാടികൾ ഒരുക്കി അമേരിക്കൻ മാധ്യമ രംഗത്ത് സജീവ സാന്നിധ്യമാകുവാൻ പ്രതിജ്ഞയെടുത്ത് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (IPCNA) ഹൂസ്റ്റൺ ചാപ്റ്ററിന്റെ 2026-27 വർഷത്തേക്കുള്ള പുതിയ ഭാരവാഹികൾ ചുമതലയേറ്റു.

ഫെബ്രുവരി 19 നു വൈകുന്നേരം 7 മണിക്ക് അപ്നാ ബസാർ ആഡിറ്റോറിയത്തിൽ നടന്ന ചാപ്റ്റർ പൊതുയോഗത്തിൽ വച്ചാണ് ഭാരവാഹികൾ ചുമതലയേറ്റത്.

ഏപ്രിൽ മാസത്തിൽ വിപുലമായ രീതിയിൽ ചാപ്റ്ററിന്റെ ഔപചാരിക പ്രവത്തനോൽഘാടനം നടത്തുന്നതിനും തീരുമാനിച്ചു. പ്രസിഡണ്ട് ഫിന്നി രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ജീമോൻ റാന്നി സ്വാഗതം ആശംസിച്ചു. ജോയിന്റ് ട്രഷറർ സജി പുല്ലാട് പ്രാർത്ഥനാ ഗാനം ആലപപിച്ചു.

തുടർന്ന് ഐപിസിഎൻഎ ദേശീയ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ചാപ ്റ്റർ മുൻ പ്രസിഡന്റ് കൂടിയായ അനിൽ ആറന്മുളയ്ക്ക് ഫിന്നിയും ജീമോൻ റാന്നി അനുമോദനങ്ങൾ അർപ്പിച്ചു. ഫിന്നി രാജു നടത്തിയ അദ്ധ്യക്ഷ പ്രസംഗ

ത്തിൽ ഹൂസ്റ്റൺ ചാപ്റ്ററിനെ നാളിതു വരെ വളർത്തി വലുതാക്കി ഇന്ത്യ പ്രസ് ക്ലബ്ബിന്റെ ഏറ്റവും മികച്ച ചാപ്റ്ററുകളിൽ ഒന്നാക്കി മാറ്റിയ ഭാരവാഹികളോടും പ്രവർത്തകരോടും ഉള്ള നന്ദി അറിയിച്ചതോടൊപ്പം തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിച്ചു.

അനുമോദനങ്ങൾക്ക് നന്ദി അറിയിച്ച അനിൽ ആറൻമുള നാഷണൽ കമ്മിറ്റിയുടെ എല്ലാ പിന്തുണയും അറിയിച്ചു. ഏപ്രിൽ മാസത്തിൽ ഡാളസിൽ നടക്കുന്ന ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനോൽഘാടനത്തിനു ഏവരെയും ക്ഷണിച്ചു. ഹൂസ്റ്റൺ ചാപ്റ്ററിൽ നിന്നും മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിച്ചു ആ സമ്മേളനത്തെ വിജയിപ്പിക്കുന്നത്തിനും പൊതുയോഗം തീരുമാനിച്ചു.

ട്രഷറർ വിജു വർഗീസ് സാമ്പത്തികാര്യങ്ങൾ വിശദീകരിച്ചു. കൂടുതൽ സ്പോൺസേഴ്സിനെ കണ്ടെത്തി എല്ലാ പരിപാടികളും വിജയിപ്പിക്കുന്നതിന് എല്ലവരുടെയും സഹകരണം അഭ്യർത്ഥിച്ചു.

പുതിയ വർഷത്തിൽ നിരവധി നവീന പദ്ധതികളും പരിപാടികളും നടത്താൻ ചാപ്റ്റർ തീരുമാനിച്ചു.

സാമൂഹ്യ മാധ്യമങ്ങളിൽ സജീവമാകാൻ തീരുമാനിച്ച ചാപ്റ്റർ പൊതു സമൂഹത്തിന്റെ വിഷയങ്ങളിൽ പ്രതികരിക്കും. ഹൂസ്റ്റണിലെ തിരഞ്ഞെടുക്കപ്പെട്ട മലയാളി ജനപ്രതിനിധികളെ ഉൾപ്പെടുത്തി 'മാധ്യമ വിചാരണ' ചർച്ചകൾ, നിയമസഭ ഇലക്ഷൻ ഡിബേറ്റ് , വിനോദ യാത്ര, പ്രസ് മീറ്റുകൾ കൂടാതെ എല്ലാ മാസവും പൊതുചർച്ചകളും സംഘടിപ്പിക്കുന്നതും ഉൾപ്പെടുന്നു. ഹ്യൂസ്റ്റൺ മലയാളി സമൂഹത്തിനും പൊതുസമൂഹത്തിനും കൂടുതൽ സജീവ സാന്നിധ്യമായി മാറുക എന്നതാണ് ലക്ഷ്യം. പ്രവർത്തനങ്ങളിൽ ഹൂസ്റ്റണിലെ എല്ലാ സംഘടനകളുടെയും സഹകരണം ഉറപ്പാക്കും.









മാധ്യമ രംഗത്തെ നിറ സാന്നിധ്യങ്ങളായ സൈമൺ വളാച്ചേരിൽ, ജോയ് തുമ്പമൺ, ആൻസി ശാമുവേൽ, ജോർജ് തെക്കേമല, മോട്ടി മാത്യു, ജോർജ് പോൾ, ഡോ. രഞ്ജിത് പിള്ള, അജു വാരിക്കാട്, ഡോ.സുബിൻ ബാലകൃഷ്ണൻ, ജോൺ. ഡബ്ലിയു വർഗീസ്, മൈക്കിൾ ജോയ് (മിക്കി) തുടങ്ങിയവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു. .

തുടർന്ന് ജോയിന്റ് സെക്രട്ടറി ഡോ. റെയ്ന റോക്ക് നന്ദി രേഖപ്പെടുത്തി. ഡിന്നറിനു ശേഷം യോഗം സമാപിച്ചു.


Pravasi Channel
& eMalayalee
Presents
pravasi CHANNEL HD
emalayalee.com
American
News WEEK
Every Day
8am | 1pm | 5pm
and 8pm US EST
അമേരിക്കൻ
ന്യൂസ് വീക്ക്
എല്ലാ ദിവസവും